# സഹ്യനാദം

Vol. 12 No. 3 March 2015


C. 9

## ഫ്രാൻസിസ് പാപ്പായുടെ നോമ്പുകാലസന്ദേശം – 2015

നിങ്ങൾ ദൃഢചിത്തരായിരിക്കുവിൻ (യാക്കോ. 5:8)

പ്രിയ സഹോദരീസഹോദരന്മാരേ,

നോമ്പുകാലം മുഴുവൻ സഭയുടെയും നവീകരണകാലമാണ്, ഓരോ സമൂഹത്തിന്റെയും ഓരോ വിശ്വാസിയുടെയും നവീകരണ കാലം. സർവോപരി അത് ''കൃപാവരത്തിന്റെ കാലമാണ്''(2 കോറി 6:2). ദൈവം ആദ്യം നമുക്കു നല്കാത്തതൊന്ന് നമ്മിൽനിന്ന് ആവശ്യപ്പെടുന്നില്ല. ''അവിടുന്ന് ആദ്യം നമ്മെ സ്നേഹിച്ചു. അതു കൊണ്ട് നാം അവിടുത്തെ സ്നേഹിക്കുന്നു'' (1 യോഹ 4:19). അവിടുന്ന് നമ്മിൽ നിന്ന് അകന്നു നില്ക്കുന്നില്ല. അവിടുത്തെ ഹൃദയത്തിൽ നമുക്ക് ഓരോരുത്തർക്കും സ്ഥാനമുണ്ട്. അവിടുന്ന് നമ്മുടെ പേര് അറിയുന്നു. അവിടുന്ന് നമ്മെ കാത്തുസൂക്ഷിക്കുന്നു. നാം അവിടുന്നിൽ നിന്ന് അകന്നുപോകുമ്പോൾ അന്വേഷിച്ചുവരുന്നു. നമ്മിൽ ഓരോ വ്യക്തിയെ സംബന്ധിച്ചും അവിടുത്തേക്കു താത്പര്യമുണ്ട്. നമുക്കു സംഭവിക്കുന്നതിനെ സംബന്ധിച്ച് നിസ്സംഗത പുലർത്താൻ അവിടുത്തെ സ്നേഹം അവിടുത്തെ അനുവദിക്കുന്നില്ല. സാധാരണമായി, നമ്മൾ ആരോഗ്യവും സ്വസ്ഥതയുമുള്ളവരായിരിക്കുമ്പോൾ മറ്റുള്ളവരെ മറക്കുന്നു (പിതാവായ ദൈവം ഒരിക്കലും ചെയ്യാത്ത കാര്യമാണത്). അവരുടെ പ്രശ്നങ്ങളിലും സഹനങ്ങളിലും അവർ അനുഭവിക്കുന്ന അനീതികളിലും നമുക്കു താത്പര്യമില്ലാതാകുന്നു. നമ്മുടെ ഹൃദയം തണുത്തതായിത്തീരുന്നു. എനിക്ക് ആരോഗ്യവും സ്വസ്ഥതയും ഉള്ളപ്പോൾ മറ്റുള്ളവരുടെ ഇല്ലായ്മകളെപ്പറ്റി ഞാൻ ചിന്തിക്കുന്നില്ല. ഇന്ന് നിസ്സംഗതയുടെ ഈ സ്വാർത്ഥത ആഗോളവ്യാപകമായിട്ടുണ്ട്. നിസ്സംഗതയുടെ ആഗോളവത്കരണമെന്നു നമുക്കു പറയാൻ തക്കവിധം അത്



വ്യാപിച്ചിരിക്കുകയാണ്. ക്രൈസ്തവരെന്ന നിലയിൽ നാം നേരിടേണ്ട പ്രശ്നമാണിത്.

ദൈവജനം ദൈവത്തിലേക്കു തിരിയുമ്പോൾ, ചരിത്രം നിരന്തരം ഉയർത്തുന്ന ചോദ്യങ്ങൾക്കു ഉത്തരം നല്കാൻ അവർക്കു കഴിയും. ഈ സന്ദേശത്തിൽ ഞാൻ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത് ഏറ്റവും അടിയന്തിരസ്വഭാവമുള്ള നിസ്സംഗതയുടെ ആഗോളവത്കരണമെന്ന വെല്ലുവിളിയാണ്.

അയൽക്കാരനോടും ദൈവത്തോടും നിസ്സംഗത പുലർത്തുകയെന്നത് ക്രിസ്ത്യാനികൾക്കും ഒരു യഥാർത്ഥ പ്രലോഭനമാണ്. വിളിച്ചുപറയുകയും നമ്മുടെ മനസ്സാക്ഷിയെ അസ്വസ്ഥതപ്പെടുത്തുകയും ചെയ്യുന്ന പ്രവാചകരുടെ ശബ്ദം ഓരോ വർഷവും നോമ്പുകാലത്ത് നാം വീണ്ടും കേൾക്കണം.

ദൈവം നമ്മുടെ ലോകത്തെ സംബന്ധിച്ച് നിസ്സംഗത പുലർത്തുന്നില്ല. തന്റെ പുത്രനെ നമ്മുടെ രക്ഷയ്ക്കായി നല്കത്തക്ക വിധത്തിൽ അവിടുന്ന് ലോകത്തെ സ്നേഹിച്ചു. ദൈവപുത്രന്റെ മനുഷ്യാവതാരത്തിലും ഭൗമികജീവിതത്തിലും മരണത്തിലും ഉത്ഥാനത്തിലും ദൈവത്തിനും മനുഷ്യനുമിടയ്ക്കുള്ള, സ്വർഗത്തിനും ഭൂമിക്കും ഇടയ്ക്കുള്ള കവാടം എന്നേക്കുമായി തുറക്കപ്പെടുന്നു. ഈ കവാടം തുറന്നുപിടിച്ചിരിക്കുന്ന കൈപോലെയാണു സഭ. അവളുടെ ദൈവവചനപ്രഘോഷണവും കൂദാശകളുടെ ആഘോഷവും സ്നേഹത്തിലൂടെ പ്രവർത്തിക്കുന്ന അവളുടെ വിശ്വാസസാക്ഷ്യവും മൂലം (cf ഗല. 5:6) അപ്രകാരമായിരിക്കുന്നു. എന്നാൽ, ലോകം തന്നിലേക്കു തന്നെ ചുരുങ്ങാനുള്ള പ്രവണത കാണിക്കുന്നു. ദൈവം ലോകത്തിലേക്കു കടക്കുന്നതായ കവാടം അടയ്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് സഭയാകുന്ന കരം നിരസിക്കപ്പെടുകയോ ഞെരുക്കപ്പെടുകയോ മുറിവേല്പിക്കപ്പെടുകയോ ചെയ്യുമ്പോൾ സഭ ഒരിക്കലും വിസ്മയിക്കേണ്ടതില്ല.

അപ്പോൾ ദൈവജനത്തിന് ഈ ആന്തരിക നവീകരണം ആവശ്യമാണ്. നമ്മൾ നിസ്സംഗരും നമ്മിലേക്കുതന്നെ ചുരുങ്ങുന്നവരുമാകാതിരിക്കാൻ വേണ്ടിയാണത്. ഈ നവീകരണത്തെ വികസിപ്പി

ക്കാൻ നമ്മുടെ വിചിന്തനത്തിനായി മൂന്നു ബൈബിൾ പാഠങ്ങൾ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. "ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു " (1 കോറി. 12:26)

നിസ്സംഗതയെന്ന നമ്മിലേക്കു തന്നെയുള്ള നാശകരമായ പിന്തിരിയലിലേക്ക് ദൈവസ്നേഹം കടന്നുവരുന്നു. സഭ ഈ ദൈവസ്നേഹത്തെ പ്രബോധനം വഴിയും പ്രത്യേകിച്ച് സാക്ഷ്യം വഴിയും നമുക്കു നല്കുന്നു. എന്നാൽ നാം അനുഭവിച്ചതിനു സാക്ഷ്യം നല്കാനേ നമുക്കു കഴിയുകയുള്ളൂ. ദൈവം ക്രിസ്തുവിനോടൊപ്പം നന്മയും കാരുണ്യവും അണിയിച്ചവരാണു ക്രൈസ്തവർ. ക്രിസ്തുവിനെപ്പോലെ ദൈവത്തിന്റെയും മറ്റുള്ളവരുടെയും ദാസരാകാൻ വേണ്ടിയാണത്. ഈ വസ്തുത പെസഹാ വ്യാഴാഴ്ചയിലെ ലിറ്റർജിയിൽ കാണാം. കാൽകഴുകൽ എന്ന അനുഷ്ഠാനം അതോടൊപ്പമുണ്ട്. യേശു തന്റെ കാലുകഴുകണമെന്ന് പത്രോസ് ആഗ്രഹിച്ചില്ല. എന്നാൽ അദ്ദേഹം ഒരു വസ്തുത മനസ്സിലാക്കി. നമ്മൾ പരസ്പരം കാലുകൾ കഴുകുന്നതിന്റെ മാതൃക മാത്രമായിരിക്കാനല്ല യേശു ആഗ്രഹിച്ചതെന്നതാണ് ആ വസ്തുത. തങ്ങളുടെ കാലുകൾ കഴുകാൻ യേശുവിനെ അനുവദിച്ചവർക്കു മാത്രമേ മറ്റുള്ളവർക്കായി ഈ സേവനം ചെയ്തുകൊടുക്കാൻ കഴിയുകയുള്ളൂ. അവർക്കു മാത്രമേ അവിടുത്തോടൊപ്പം പങ്ക് ഉണ്ടായിരിക്കാനും (യോഹ 13:8), അങ്ങനെ മറ്റുള്ളവരെ സേവിക്കാനും കഴിയുകയുള്ളൂ.

നമ്മെ സേവിക്കാൻ ക്രിസ്തുവിനെ അനുവദിക്കാനും അങ്ങനെ നമ്മൾ കൂടുതലായി അവിടുത്തെപ്പോലെ ആയിത്തീരാനും അനുകൂലമായ ഒരു കാലമാണ് നോമ്പുകാലം. നാം ദൈവവചനം കേൾക്കുമ്പോഴെല്ലാം, കൂദാശകൾ, പ്രത്യേകിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുമ്പോഴെല്ലാം ഇതു സംഭവിക്കുന്നു. അവിടെ നാം സ്വീകരിക്കുന്നതെന്തോ അത് ആയിത്തീരുന്നു. ക്രിസ്തുവിന്റെ ശരീരമായിത്തീരുന്നു. മിക്കപ്പോഴും നമ്മുടെ ഹൃദയങ്ങളെ പിടികൂടുന്നതായി തോന്നുന്ന നിസ്സംഗതയ്ക്ക് ഈ ശരീരത്തിൽ സ്ഥാനമില്ല. എന്തെന്നാൽ ക്രിസ്തുവിന്റേതായിരിക്കുന്നവരെല്ലാം ഒരേ ശരീരത്തിന്റേതാണ്. അവിടുന്നിൽ നമുക്കു പരസ്പരം നിസ്സംഗ



രായിരിക്കാൻ സാധ്യമല്ല. "ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ല അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും പ്രശംസിക്കപ്പെടുന്നു" (1 കോറി 12: 26).

സഭ പുണ്യാവാന്മാരുടെ കൂട്ടായ്മ (communio sanctorum) ആയിരിക്കുന്നത് സഭയുടെ വിശുദ്ധർമൂലം മാത്രമല്ല. പിന്നെയോ അവളുടെ വിശുദ്ധ വസ്തുക്കളിലുള്ള കൂട്ടായ്മ മൂലവുമാണ്: ക്രിസ്തുവിൽ നമുക്ക് വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹവും അവിടുത്തെ സകല ദാനങ്ങളും മൂലമാണ്. ഈ സ്നേഹത്താൽ സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവരുടെ പ്രത്യുത്തരവും ഈ ദാനങ്ങളിൽ ഉൾപ്പെടുന്നുണ്ട്. വിശുദ്ധരുടെ ഈ സംസർഗത്തിൽ, വിശുദ്ധ വസ്തുക്കളുടെ ഈ പങ്കുചേരലിൽ ഒരുവനും ഒരു വസ്തുവും സ്വന്തമായി കൈയടക്കുന്നില്ല. പിന്നെയോ എല്ലാവരുമായി പങ്കുവയ്ക്കുന്നു. നാം ദൈവത്തിൽ ഐക്യപ്പെട്ടിരിക്കുന്നതുകൊണ്ട് നമ്മിൽ നിന്ന് ഏറെ അകലത്തിലുള്ളവർക്കുവേണ്ടി, തനിയേ നമുക്കു എത്തിച്ചേരാൻ സാധിക്കാത്തവർക്കുവേണ്ടി, നമുക്കു ചില കാര്യങ്ങൾ ചെയ്യാൻ കഴിയും. എന്തെന്നാൽ, ദൈവത്തിന്റെ രക്ഷാപദ്ധതിക്ക് എല്ലാവരും തുറവുള്ളവരായിരിക്കാൻ അവരോടൊപ്പവും അവർക്കുവേണ്ടിയും നാം ദൈവത്തോട് യാചിക്കുന്നു.

**2. നിന്റെ സഹോദരൻ എവിടെ? (ഉത്പ 4:9): ഇടവകകളും സമൂഹങ്ങളും**

സാർവത്രികസഭയെക്കുറിച്ചുനാം പറഞ്ഞുകൊണ്ടിരുന്നതെല്ലാം ഇപ്പോൾ നമ്മുടെ ഇടവകകളുടെയും സമൂഹങ്ങളുടെയും ജീവിതത്തെ സംബന്ധിച്ച് പ്രയോഗിക്കണം. നമ്മൾ ഒറ്റശരീരത്തിന്റെ ഭാഗമാണെന്ന അനുഭവം നമുക്കുണ്ടാകാൻ ഈ സഭാസംവിധാനങ്ങൾ നമ്മെ ശക്തരാക്കുന്നുണ്ടോ? ദൈവം തരാൻ ആഗ്രഹിക്കുന്നത് സ്വീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന ശരീരമാണോ അത്? ഏറ്റവും ദുർബലരായവരെയും ഏറ്റവും ദരിദ്രരായവരെയും ഏറ്റവും നിസ്സാരരായവരെയും അംഗീകരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന ശരീരമാണോ അത്? അതോ നമ്മൾ അടയ്ക്കപ്പെട്ട് നമ്മുടെ കതകുകളുടെ മുമ്പിലിരിക്കുന്ന ലാസറിനെ കാണുന്നതിൽ പരാജയ

പ്പെട്ടുകൊണ്ട് ലോകം മുഴുവനെയും ആശ്ലേഷിക്കുന്ന സാർവത്രിക സ്നേഹത്തിൽ അഭയം തേടുകയാണോ? (ലൂക്കാ 16:19-31).

ദൈവം നമുക്കു നല്കുന്നതു സ്വീകരിക്കുകയും അതിനെ ഫലസമൃദ്ധിയുള്ളതാക്കുകയും ചെയ്യുന്നതിന് നമ്മൾ ദൃശ്യസഭയുടെ അതിരുകൾക്കപ്പുറത്തേക്ക് രണ്ടുവിധത്തിൽ കടന്നുചെല്ലണം.

ഒന്നാമതായി, നാം പ്രാർത്ഥനയിൽ സ്വർഗത്തിലുള്ള സഭയോട് ഐക്യപ്പെട്ടുകൊണ്ട് അങ്ങനെ ചെയ്യണം. ഭൗമികസഭയുടെ പ്രാർത്ഥനകൾ പരസ്പരസേവനത്തിന്റെയും നന്മയുടെയും കൂട്ടായ്മ സ്ഥാപിക്കുന്നു. അത് ദൈവത്തിന്റെ ദിവ്യദൃഷ്ടിയിൽ എത്തിച്ചേരുന്നു. ദൈവത്തിൽ തങ്ങളുടെ സാക്ഷാത്കാരം കണ്ടെത്തിയ വിശുദ്ധരോടൊന്നിച്ച് നാം ആ കൂട്ടായ്മയുടെ ഭാഗമായിത്തീരുന്നു. അതിൽ നിസ്സംഗത സ്നേഹത്താൽ കീഴടക്കപ്പെടുന്നു. സ്വർഗത്തിലെ സഭ വിജയസഭയായിരിക്കുന്നത് ഭൂമിയിലെ സഹനങ്ങളിൽ നിന്നു പുറംതിരിഞ്ഞിരുന്ന് പ്രകാശമാനമായ ഏകാന്തത ആസ്വദിക്കുന്നതുകൊണ്ടല്ല. പിന്നെയോ വിശുദ്ധർ ഒരു വസ്തുതയെക്കുറിച്ച് സന്തോഷപൂർവം ധ്യാനിക്കുന്നതുകൊണ്ടാണ്. യേശുവിന്റെ മരണവും ഉത്ഥാനവും വഴി അവർ എന്നേക്കുമായ നിസ്സംഗതയെയും ഹൃദയകാഠിന്യത്തെയും വിദ്വേഷത്തെയും കീഴടക്കിയെന്നതാണ് ആ വസ്തുത. സ്നേഹത്തിന്റെ ഈ വിജയം ലോകം മുഴുവനിലും വ്യാപിക്കുന്നതുവരെ വിശുദ്ധർ നമ്മുടെ തീർത്ഥാടന മാർഗത്തിൽ നമ്മോടൊപ്പം സഞ്ചരിക്കുന്നു. ഭൂമിയിൽ ഏതെങ്കിലും ഒരു വ്യക്തി സഹിക്കുകയും വേദനിച്ചു കരയുകയും ചെയ്യുന്നിടത്തോളം കാലം ക്രൂശിത സ്നേഹത്തിന്റെ വിജയത്തെക്കുറിച്ച് സ്വർഗത്തിലെ സന്തോഷം അപൂർണമായിരിക്കുമെന്ന ബോധ്യം സഭാപണ്ഡിതയായ ലിസ്യൂവിലെ വിശുദ്ധ തെരേസ പ്രകാശിപ്പിച്ചിട്ടുണ്ട്. ''സ്വർഗത്തിൽ ഞാൻ അലസതയോടെയിരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സഭയ്ക്കും ആത്മക്കൾക്കും വേണ്ടിയുള്ള ജോലി തുടരണമെന്നാണ് എന്റെ ആഗ്രഹം എന്നു അവൾ പറയുന്നു (എഴുത്ത് 254, ജൂലൈ 14, 1897).

സമാധാനത്തിനും അനുരഞ്ജനത്തിനുമുള്ള നമ്മുടെ സമരത്തിലും ആഗ്രഹത്തിലും വിശുദ്ധർ പങ്കുചേരുമ്പോഴും നാം



അവരുടെ യോഗ്യതകളിലും സന്തോഷത്തിലും പങ്കുചേരുന്നു. നമ്മുടെ നിസ്സംഗതയെയും ഹൃദയകഠിന്യത്തെയും കീഴടക്കാൻ നാം പരിശ്രമിക്കുമ്പോൾ ഉത്ഥിതനായ ക്രിസ്തുവിന്റെ വിജയത്തിലുള്ള അവരുടെ സന്തോഷം നമുക്കു ശക്തി നല്കുന്നു.

രണ്ടാമതായി, ഓരോ ക്രൈസ്തവസമൂഹത്തിനും ഒരു വിളിയുണ്ട്. തന്നിൽനിന്നു പുറത്തുകടക്കാനും അത് ഏതിന്റെ ഭാഗമായിരിക്കുന്നുവോ ആ വിപുലസമൂഹത്തിന്റെ ജീവിതത്തിൽ, പ്രത്യേകിച്ച് ദരിദ്രരുടെയും അകലങ്ങളിലും അതിരുകളിലുള്ളവരുടെയും ജീവിതത്തിൽ, വ്യാപരിക്കാനുള്ള വിളിയാണത്. സഭ പ്രകൃത്യാ പ്രേഷിതയാണ്. അവൾ ഒരിക്കലും തന്നിൽത്തന്നെ അടച്ചുപൂട്ടിയിരിക്കുന്നില്ല. പിന്നെയോ ഓരോ ദേശത്തേക്കും ജനതയിലേക്കും അയയ്ക്കപ്പെട്ടവളാണ്.

സൃഷ്ടി മുഴുവനെയും ഓരോ മനുഷ്യവ്യക്തിയെയും പിതാവിങ്കലേക്കു നയിക്കാൻ ആഗ്രഹിക്കുന്ന ഏകപുത്രന് ക്ഷമാപൂർവം സാക്ഷ്യം വഹിക്കുകയെന്നതാണ് സഭയുടെ ദൗത്യം. ഓരോ സ്ത്രീയിലേക്കും പുരുഷനിലേക്കും ഭൂമിയുടെ ഓരോ അതിരിലേക്കും നയിക്കുന്ന വഴികളിലൂടെ സഭ യേശുക്രിസ്തുവിനെ അനുഗമിക്കുന്നു (cf അപ്പ 1:8). നമ്മുടെ ഓരോ അയൽവാസിയിലും, ക്രിസ്തു ആർക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്തുവോ ആ സഹോദരനെയും സഹോദരിയെയും കണ്ടെത്തണം. നാം സ്വീകരിച്ചത് അവർക്കുംകൂടി വേണ്ടി സ്വീകരിച്ചതാണ്. അതുപോലെ, നമ്മുടെ സഹോദരീ സഹോദരന്മാർക്കുള്ളതെല്ലാം സഭയ്ക്കും മുഴുവൻ മനുഷ്യവംശത്തിനും വേണ്ടിയുള്ള ദാനമാണ്.

പ്രിയ സഹോദരീ സഹോദരന്മാരേ, സഭ സന്നിഹിതമായിരിക്കുന്ന എല്ലാസ്ഥലങ്ങളും, പ്രത്യേകിച്ച് ഇടവകകളും സമൂഹങ്ങളും നിസ്സംഗതയുടെ സമുദ്രത്തിൽ കാരുണ്യത്തിന്റെ ദ്വീപുകളായിരിക്കണമെന്ന് എത്ര തീവ്രമായി ഞാൻ ആഗ്രഹിക്കുന്നു!

**3. നിങ്ങൾ ദൃഢചിത്തരായിരിക്കുവിൻ (യാക്കോ 5:8): ഓരോ ക്രൈസ്തവനും**

വ്യക്തികളെന്ന നിലയിലും നാം നിസ്സംഗതയാൽ പ്രലോഭിപ്പിക്കപ്പെടുന്നു. മാനുഷികസഹനത്തിന്റെ വാർത്തകളും

റിപ്പോർട്ടുകളും ചിത്രങ്ങളും ജലപ്രളയം പോലെ വരുന്നു. അപ്പോൾ സഹായിക്കാൻ നമുക്ക് ഒട്ടും കഴിവില്ലെന്നു തോന്നിപ്പോകും. അസ്വസ്ഥതയുടെയും ശക്തിരാഹിത്യത്തിന്റെയും പിടിയിൽ നിന്നു മാറി നില്ക്കാൻ നമുക്കു എങ്ങനെ കഴിയും?

ഒന്നാമതായി, ഭൂമിയിലും സ്വർഗത്തിലുമുള്ള സഭയുമായുള്ള സംസർഗത്തിൽ നമുക്കു പ്രാർത്ഥിക്കാൻ കഴിയും. പ്രാർത്ഥനയിൽ ഐക്യപ്പെട്ട അനേകം ശബ്ദങ്ങളുടെ ശക്തിയെ നാം വിലകുറച്ചു കാണരുത്. "ഇരുപത്തിനാലു മണിക്കൂർ കർത്താവിനുവേണ്ടി" എന്ന സംരംഭം പ്രാർത്ഥനയുടെ ഈ ആവശ്യം സൂചിപ്പിക്കുന്ന അടയാളമായിരിക്കാനുള്ളതാണ്. അത് മാർച്ച് 13, 14 തീയതികളിൽ സഭ മുഴുവനിലും, രൂപാതാതലത്തിലും നടപ്പാക്കുമെന്നു ഞൻ പ്രത്യാശിക്കുന്നു.

രണ്ടാമതായി, പരസ്നേഹപ്രവൃത്തികൾ വഴി സഹായിക്കാൻ നമുക്കു സാധിക്കും. സഭയുടെ അനേകം ജീവകാരുണ്യസംഘടനകളിലൂടെ അടുത്തും അകലെയുമുള്ളവരിലേക്ക് എത്തിച്ചേർന്ന് അങ്ങനെ ചെയ്യാൻ കഴിയും. ഏക മനുഷ്യകുടുംബത്തിലെ അംഗങ്ങളാണ് നമ്മൾ എന്ന് വ്യക്തമാക്കാനുള്ള ചെറുതും എന്നാലും മൂർത്തവുമായ അടയാളങ്ങൾ വഴി മറ്റുള്ളവരോടുള്ള താത്പര്യം കാണിക്കാൻ അനുകൂലകാലഘട്ടമാണ് നോമ്പുകാലം.

മൂന്നാമതായി, മറ്റുള്ളവരുടെ സഹനം മാനസാന്തരത്തിലേക്കുള്ള ഒരു വിളിയാണ്. എന്റെ ജീവിതത്തിന്റെ അനിശ്ചിതത്വവും ദൈവത്തിലും സഹോദരീസഹോദരന്മാരിലുമുള്ള എന്റെ ആശ്രിതാവസ്ഥയും അവരുടെ ആവശ്യം എന്നെ ഓർമ്മിപ്പിക്കുന്നു. നമ്മൾ വിനയപൂർവം ദൈവകൃപയ്ക്കായി അപേക്ഷിക്കുകയും നമ്മുടെ പരിമിതികൾ അംഗീകരിക്കുകയും ചെയ്താൽ ദൈവം നമുക്ക് നല്കുന്ന അനന്തസാധ്യതകളെക്കുറിച്ച് നമുക്ക് ആത്മവിശ്വാസമുണ്ടാകും. ലോകത്തെയും നമ്മെത്തന്നെയും നമ്മുടെ പരിശ്രമങ്ങൾകൊണ്ട് രക്ഷിക്കാൻ കഴിയുമെന്ന തോന്നലാകുന്ന പൈശാചിക പ്രലോഭനത്തെ തടഞ്ഞുനിറുത്താനും നമുക്കു കഴിയും.

നിസ്സംഗതയെയും സ്വയംപര്യാപ്തതയെക്കുറിച്ചുള്ള തോന്നലുകളെയും കീഴടക്കാൻ, ഹൃദയരൂപീകണമെന്ന് ബെനഡിക്ട് 16-ാമൻ വിളിച്ച



(cf ദൈവം സ്നേഹമാകുന്നു 31) പ്രക്രിയയിൽ ഏർപ്പെടാനുള്ള ഒരവസരമായി ഈ നോമ്പുകാലം ചെലവഴിക്കാൻ എല്ലാവരെയും ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാരുണ്യമുള്ള ഹൃദയം എന്നതിന്റെ അർത്ഥം ദുർബലഹൃദയമെന്നല്ല. കാരണ്യമുള്ളവരാകാൻ ആഗ്രഹിക്കുന്ന ഏതു വ്യക്തിയും ശക്തിയും സ്ഥിരതയുമുള്ള ഹൃദയമുണ്ടായിരിക്കണം. അത് പ്രലോഭകനെതിരേ അടഞ്ഞതും ദൈവത്തിന്റെ നേരേ തുറന്നതുമായിരിക്കണം. സഹോദരീസഹോദരന്മാരിലേക്കുള്ള വഴിയിൽ സ്നേഹം കൊണ്ടുവരുവാൻ പരിശുദ്ധാത്മാവിനാൽ കുത്തിത്തുറക്കപ്പെടാൻ സ്വയം അനുവദിക്കുന്ന ഹൃദയമായിരിക്കണം. ആത്യന്തികമായി ഒരു പാവപ്പെട്ട ഹൃദയമായിരിക്കണം. സ്വന്തം ദാരിദ്ര്യം അറിയുന്നതും മറ്റുള്ളവർക്കായി സ്വയം ദാനം നല്കുന്നതുമായിരിക്കണം.

അതുകൊണ്ട്, സഹോദരീസഹോദരന്മാരേ, നമുക്ക് എല്ലാവർക്കും കർത്താവിനോട് ഇങ്ങനെ പ്രാർത്ഥിക്കാം. ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങയുടെ ഹൃദയത്തിനൊത്തതാക്കണമേ (ഈശോയുടെ തിരുഹൃദയത്തിന്റെ ലുത്തിനിയ). ഇങ്ങനെ ഉറപ്പുള്ളതും കരുണാർദ്രവും ശ്രദ്ധാപൂർവകവും ഉദാരതാ പൂർണവുമായ ഒരു ഹൃദയം നാം സ്വീകരിക്കും. അടയ്ക്കപ്പെടാത്തതും നിസ്സംഗതയുടെ ആഗോള വത്കരണത്തോട് നിസ്സംഗത പുലർത്തുകയോ അതിന്റെ ഇരയാവു കയോ ചെയ്യാത്തതുമായ ഹൃദയം നമുക്കുണ്ടാകും.

ഓരോ വിശ്വാസിക്കും ഓരോ സഭാസമൂഹത്തിനും ഈ നോമ്പുകാലം ആധ്യാത്മികമായി ഫലപൂർണമാകുമെന്ന് ഞാൻ പ്രാർത്ഥനാപൂർവം പ്രത്യാശിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ നിങ്ങളോട് എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു. കർത്താവു നിങ്ങളെ അനുഗ്രഹിക്കട്ടെ. കന്യകാമാതാവ് നിങ്ങളെ കാത്തു സൂക്ഷിക്കട്ടെ.

വത്തിക്കാനിൽ നിന്ന്, 4 ഒക്ടോബർ 2014
വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ദിവസം
**ഫ്രാൻസിസ് മാർപാപ്പാ**



C. 10

## സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

എന്റെ മിഷൻ യാത്രകളെക്കുറിച്ച് നിങ്ങൾക്ക് എഴുതുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു. ഇതിനു മുൻപ് ചില റിപ്പോർട്ടുകൾ നല്കുക മാത്രമാണു ചെയ്തിരുന്നത്. ഇനിമുതൽ എന്റെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും കൂടി അറിയിക്കാമെന്നു കരുതുകയാണ്.

ഈ ഫെബ്രുവരി 6,7,8 തീയതികളിൽ കല്യാൺ രൂപതയിലെ സാൻഗ്ലി മിഷൻ സന്ദർശിക്കാൻ പോയിരുന്നു. മിഷണറി സൊസൈറ്റി ഓഫ് സെന്റ് തോമസ് ദ അപ്പോസൽ ( MST) എന്ന വൈദിക സമൂഹമാണ് സാൻഗ്ലിയിലെ മിഷൻ പ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത്. കല്യാൺ രൂപത സ്ഥാപിതമായ ശേഷം ബിഷപ് പോൾ ചിറ്റിലപ്പിള്ളിയുടെ അനുവാദത്തോടെ 1990-ൽ എം.എസ്.റ്റി. വൈദികർ സിന്ധുദുർഗ്, രത്നഗിരി, കോലാപ്പൂർ, സാൻഗ്ലി എന്നീ നാലു ജില്ലകളിൽ പ്രേഷിതപ്രവർത്തനമാരംഭിച്ചു. മിഷന്റെ രജത ജൂബിലിയോടനുബന്ധിച്ചായിരുന്നു എന്റെ സന്ദർശനം. മിഷന്റെ റീജണൽ ഡയറക്ടർ ജോസ് ചെറിയമ്പനാട്ടച്ചന്റെ ക്ഷണപ്രകാരമാണ് ഞാൻ പോയത്.

ജൂബിലി ആഘോഷത്തിലെ പ്രധാനസംഭവങ്ങൾ തദ്ദേശീയരായ മറാത്തികൾക്കു വേണ്ടി കൊടോലി എന്ന സ്ഥലത്ത് പുതിയതായി നിർമ്മിച്ച വി. യൗസേപ്പിന്റെ നാമധേയത്തിലുള്ള ദൈവാലയത്തിന്റെ കൂദാശയും മിഷനിലെ സകല പ്രേഷിതരോടും ചേർന്നുള്ള വി. കുർബാനയും മിഷണറി മീറ്റും പൊതുസമ്മേളനവുമായിരുന്നു. ഇതു കൂടാതെ സാൻഗ്ലിയിലെ പ്രഥമ മിഷൻകേന്ദ്രമായ മീറജിൽ സ്ഥാപിതമായ അൽഫോൻസാ സ്കൂളിന്റെ രജതജൂബിലി യാഘോഷങ്ങളുടെ ഉദ്ഘാടനവും നടത്തപ്പെട്ടു. ഇവയിൽ കല്യാൺ മെത്രാൻ മാർ തോമസ് ഇലവനാലും, ഉജ്ജൈൻ മെത്രാൻ മാർ സെബാസ്റ്റ്യൻ വടക്കേലും, എം.എസ്.റ്റി. ഡയറക്ടർ ജനറൽ കുര്യൻ അമ്മനത്തുകുന്നേലച്ചനും, സാൻഗ്ലി മിഷന്റെ ആരംഭകാലത്ത് ഡയറക്ടർ ജനറലായിരുന്ന മംഗലപ്പുഴ സെമിനാരിയിൽ എന്റെ



ഗുരുഭൂതൻകൂടി ആയ സെബാസ്റ്റ്യൻ തുരുത്തേലച്ചനും സംബന്ധിച്ചിരുന്നു.

സാൻഗ്ലിയിൽ എന്നെ ഏറ്റവും സ്പർശിച്ചത് നമ്മുടെ എം.എസ്.റ്റി. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അല്മായ ശുശ്രൂഷകരുടെയും പ്രേഷിത തീക്ഷ്ണതയാണ്. ഇപ്പോൾ 40 വൈദികരും 57 സിസ്റ്റേഴ്സും സാൻഗ്ലിയിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാവരും ഒരേ മനസ്സോടും ഒരോ ഹൃദയത്തോടും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു. അച്ചന്മാരുടെ പ്രവർത്തനങ്ങൾക്കു സഹകാരികളെന്നോണം സിസ്റ്റേഴ്സ് ചെയ്യുന്ന സേവനങ്ങൾ ഏറെ ശ്ലാഘനീയമാണ്. ഇതിനകം വികസിച്ച 36 മിഷൻ കേന്ദ്രങ്ങൾ സാൻഗ്ലിയിലുണ്ട്. എട്ടു ദൈവാലയങ്ങൾ പണിതിട്ടുണ്ട്. പ്രവാസികളും അവിടെ വിശ്വാസം സ്വീകരിച്ചവരുമായി 2000 കത്തോലിക്കർ സാൻഗ്ലി മിഷനിലുണ്ട്. ധൈര്യപൂർവ്വം കർത്താവിന്റെ സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്ന ചെറിയ ഒരു അജഗണം.

നമ്മുടെ സഭയിലെ ഏറ്റവും നല്ല മിഷണറിമാരുടെ ഒരു സമൂഹത്തെയാണ് ഞാൻ സാൻഗ്ലിയിൽ കണ്ടത്. ഇതിനുമുൻപു പ്രവർത്തിച്ചവരിൽ പലരും അവരുടെ മേജർ സുപ്പീരിയേഴ്സുമൊക്കെ ജൂബിലിയിൽ സംബന്ധിക്കാനെത്തിയിരുന്നു. ആദ്യ മിഷണറിമാർ നേരിട്ട എതിർപ്പുകളും ക്ലേശങ്ങളും അവർക്കുണ്ടായ ദാരിദ്ര്യാനുഭവങ്ങളും ദുഃഖങ്ങളും വേദനകളും അവരിൽ ചിലർ പങ്കുവച്ചപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞുപോയി.

ഭിന്നശേഷിയുള്ള വികലാംഗർ, മാനസിക വളർച്ച കുറഞ്ഞവർ, മാനസിക രോഗികൾ, എയ്ഡ്സ് ബാധിതർ, എയ്ഡ്സ് ബാധിതരുടെ ഉപേക്ഷിക്കപ്പെട്ട കുട്ടികൾ, വൃദ്ധർ ഇങ്ങനെ പരാധീനതകളിൽപ്പെട്ടവരുടെ സംരക്ഷണമാണ് സാൻഗ്ലി മിഷന്റെ മുഖമുദ്ര. അവിടുത്തെ പ്രേഷിതർ ക്രിസ്തുവിന്റെ കാരുണ്യം ജാതിമത വ്യത്യാസമില്ലാതെ ആയിരക്കണക്കിന് ദൈവമക്കൾക്ക് എത്തിച്ചു കൊടുക്കുന്നവരാണ്. ഈവക പ്രോജക്റ്റുകളെ സഹായിക്കുന്ന 'ഹോളിസ്റ്റിക് ചൈൽഡ് ഡെവലപ്മെന്റ് ഓഫ് ഇന്ത്യ' എന്ന ഏജൻസി അവർ ഇന്ത്യയിൽ സഹായിക്കുന്നവയിൽ ഏറ്റവും നല്ല പ്രോജക്റ്റ് സാൻഗ്ലിയിൽ എം.എസ്.റ്റി.യുടേതാണെന്ന്

പൊതുസമ്മേളനത്തിൽ അറിയിച്ചു. ജൂബിലിയോടനുബന്ധിച്ച് ആറു വീടുകൾ സാധുജനങ്ങൾക്ക് നിർമ്മിച്ച് നൽകി. ഒരു കാൻസർ സെന്ററിനും അടിത്തറയിട്ടു. അതിന്റെ ഉപയോഗത്തിന് വാങ്ങിയ മൊബൈൽ വാൻ ആശീർവദിക്കുകയും ചെയ്തു.

കൃഷിയും ആടുമാടുകൾ വളർത്തലും സാൻഗ്ലി മിഷന്റെ ഉപജീവനമാർഗ്ഗമാണ്. മണ്ണിൽ അദ്ധ്വാനിച്ചുകിട്ടുന്ന വിഭവങ്ങളാണ് അവർ ഭക്ഷിക്കുന്നത്. പ്രകൃതിയോടിണങ്ങിയ പ്രേഷിതജീവിതം!

സ്കൂളുകളിലൂടെയുള്ള വിദ്യാഭ്യാസവും പലവിധ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും സാൻഗ്ലി മിഷനിൽ മുന്നേറുന്നുണ്ട്. എട്ടു സെക്കന്ററി സ്കൂളുകളും ഒരു ഹയർ സെക്കന്ററി സ്കൂളും സാൻഗ്ലിയിലുണ്ട്. ഇതരസഭകളോടും മതങ്ങളോടുമുള്ള സൗഹാർദതയും സഹകരണവും സാൻഗ്ലി മിഷനിൽ സർവത്ര ദൃശ്യമാണ്. ഇതു വ്യക്തമാക്കുന്നതായിരുന്നു ജൂബിലിസമ്മേളനത്തിലെ പ്രസംഗകരുടെയും ജനങ്ങളുടെയും പങ്കാളിത്തം. സീറോ-മലബാർ സഭയുടെ മുഖം പ്രകാശിതമാക്കുന്ന ആരാധനക്രമശൈലിയും പ്രാർത്ഥനാചൈതന്യവും സഭാകൂട്ടായ്മയും സാൻഗ്ലിയിലെ ഇടവകകളിലും മിഷൻ രംഗങ്ങളിലും കാണാൻ കഴിഞ്ഞു. സഭാമക്കൾക്കു പ്രചോദനം നല്കുന്ന സുവിശേഷവത്ക്കരണ ശൈലിയാണ് എം.എസ്.റ്റി. സമൂഹം സാൻഗ്ലിയിൽ അനുവർത്തിച്ചു വരുന്നത്.

സാൻഗ്ലിയിലെ പ്രേഷിതരേ, നിങ്ങൾക്കു സഭയുടെ പേരിൽ അഭിവാദനങ്ങൾ! കാരുണ്യവാനായ കർത്താവ് നിങ്ങളെയും ഈ കത്തുവായിക്കുകയോ ശ്രവിക്കുകയോ ചെയ്യുന്ന സഭാമക്കളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

മൗണ്ട് സെന്റ് തോമസ്, കാക്കനാട്

09/02/2015



C.11

## ദാനധർമ്മവും പങ്കുവയ്ക്കലും നോമ്പ് ആചരണത്തിന്റെ ഭാഗം

നമ്മുടെ ആരാധനാ ക്രമത്തിൽ നോമ്പുകാലം ഏറ്റവും സവിശേഷമായ കാലമാണ്. ഈശോമിശിഹായുടെ ഉയിർപ്പു തിരുനാൾ ആഘോഷിക്കുവാൻ ഒരുങ്ങുന്ന സഭാസമൂഹം പരിത്യാഗ, പരിഹാര കർമ്മങ്ങൾ അനുഷ്ഠിച്ച് തങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്ന കാലമാണിത്. പ്രത്യേകമായ പ്രാർത്ഥനകൾ, ഉപവാസം, ആശയടക്കം, ദാനധർമ്മം, കൂദാശകളുടെ സ്വീകരണം, തീർത്ഥാടനം ഇവയെല്ലാം നോമ്പ് ആചരണത്തിന്റെ ഭാഗമാണ്. ക്രിസ്തുവിന്റെ അനുയായികൾ എന്ന നിലയിൽ എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന് ഒരിക്കൽകൂടി നമ്മെ ഓർമ്മപ്പെടുത്തുകയും എങ്ങനെയാണ് ജീവിച്ചതെന്ന് ആത്മപരിശോധന നടത്തി അനുരജ്ഞനപ്പെടാൻ അവസരമൊരുക്കുകയാണ് ഓരോ നോമ്പുകാലവും.

അന്യനോടുള്ള കരുതലും, ഉദാരതയോടെയുള്ള പങ്കുവയ്ക്കലും ക്രൈസ്തവജീവിതത്തിന്റെ പ്രധാന കടമകളിൽ ഒന്നാണ്. നിത്യസമ്മാനം നേടുന്നതിനുള്ള ഉപാധി ഈ ചെറിയവരിൽ ഒരുവന് ചെയ്യുന്ന നന്മയാണെന്ന് ഈശോ പഠിപ്പിക്കുന്നു (Mt 25:40). നിനക്കുള്ളത് നിന്റേത്, എനിക്കുള്ളതും നിന്റേത് എന്ന സന്ദേശം നൽകികൊണ്ട് അർദ്ധപ്രാണനായി വഴിയിൽ കിടക്കുന്നവരെ സഹായിക്കുന്ന സമരിയാക്കാരൻ ക്രിസ്തീയ ജീവിതത്തിന് മാതൃകയാണ്.

“വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു. അവരുടെയിടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല. കാരണം പറമ്പും വീടും സ്വന്തമായുണ്ടായിരുന്നവരെല്ലാം അവയത്രയും വിറ്റ് കിട്ടിയ തുക അപ്പസ്തോലൻമാരുടെ കാൽക്കലർപ്പിച്ചു. അത് ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെട്ടു(അപ്പ 4:32-35). എന്ന് ആദ്യത്തെ ക്രൈസ്തവസമൂഹത്തെപ്പറ്റി നടപടി പുസ്തകത്തിൽ എഴുതിയിരിക്കുന്നു. നമുക്കേവർക്കും ഉള്ള മാതൃകയാണിത്. എല്ലാം ദൈവത്തിന്റേതാണെന്നും ദൈവം നൽകിയിരിക്കുന്നതെല്ലാം പങ്കുവയ്ക്കാനാണെന്നും നമ്മെ ഓർമ്മിപ്പിക്കുന്നതാണ് ഈ

മാതൃക. ഇതു മറക്കുന്നവരോടുള്ള കുറ്റപ്പെടുത്തലാണ് കൊറിന്തോസിലെ സഭയ്ക്കെഴുതുന്ന ഒന്നാം ലേഖനത്തിൽ ''ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്? എല്ലാം ദാനമായിരിക്കെ ഒന്നും ദാനമല്ലായെന്നമട്ടിൽ എന്തിന് നീ അഹങ്കരിക്കുന്നു'' (1 കോറി 4:7) എന്ന ചോദ്യത്തിലുള്ളത്.

നമ്മുടെ ബുദ്ധിയും, ആരോഗ്യവും, കഴിവുകളും സമ്പത്തുമെല്ലാം പങ്കുവയ്ക്കാനുള്ളതാണ്. പങ്കുവയ്ക്കുന്നതിന്റെ തോതനുസരിച്ചാണ് മനുഷ്യജീവിതത്തിന്റെ ധന്യത അളക്കുന്നത്. ദൈവകൃപയിൽ നിലനിൽക്കുന്നതിനും, വളരുന്നതിനും മാത്രമല്ല, നഷ്ടപ്പെട്ട ദൈവകൃപ വീണ്ടെടുക്കുന്നതിനായി പാപപരിഹാരം എന്ന നിലയിലും പങ്കുവയ്ക്കൽ പ്രസക്തമാണ്. ദാനധർമ്മം എന്ന സത്കർമ്മം സമ്പത്തിന്റെ പങ്കുവയ്ക്കലിനെ അനുസ്മരിപ്പിക്കുന്നു.

തോബിത്തിന്റെ പുസ്തകം ദാനധർമ്മത്തെപ്പറ്റി ഇങ്ങനെ പഠിപ്പിക്കുന്നു. ''ദാനധർമ്മം ചെയ്യുന്നതിൽ മടി കാണിക്കരുത്. പാവപ്പെട്ടവനിൽ നിന്ന് മുഖം തിരിച്ച് കളയരുത്. അപ്പോൾ ദൈവം നിന്നിൽ നിന്ന് മുഖം തിരിച്ച് കളയുകയില്ല. സമ്പത്തേറുമ്പോൾ അതനുസരിച്ച് ദാനം ചെയ്യുക. കുറച്ചേയുള്ളുവെങ്കിൽ അതനുസരിച്ച് ദാനം ചെയ്യാൻ മടിക്കരുത്. ദരിദ്രകാലത്തേക്ക് ഒരു നല്ല സമ്പാദ്യം നേടിവയ്ക്കുകയായിരിക്കും നീ അതുവഴി ചെയ്യുന്നത്. എന്തെന്നാൽ ദാനധർമ്മം മൃത്യുവിൽ നിന്ന് രക്ഷിക്കുകയും അന്ധകാരത്തിൽ നിന്ന് കാത്തുകൊള്ളുകയും ചെയ്യുന്നു''(തോബിത്ത് 4:7-10). ''സ്വർണ്ണം കൂട്ടിവയ്ക്കുന്നതിനെക്കാൾ ദാനം ചെയ്യുന്നത് നന്ന് ദാനധർമ്മം മരണത്തിൽ നിന്ന് രക്ഷിക്കുന്നു; അത് സകല പാപങ്ങളും തുടച്ചു നീക്കുന്നു'' (തോബിത്ത് 12:8-9).

സങ്കീർത്തനം ഇങ്ങനെ ഓർമ്മപ്പെടുത്തുന്നു: ''ദരിദ്രനോട് ദയ കാണിക്കുന്നവൻ ഭാഗ്യവാൻ. കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവ് രക്ഷിക്കും. കർത്താവ് അവനെ പരിപാലിക്കുകയും അവന്റെ ജീവൻ സംരക്ഷിക്കുകയും ചെയ്യും. അവൻ ഭൂമിയിൽ അനുഗ്രഹീതനായിരിക്കും. അവിടുന്ന് അവനെ ശത്രുക്കൾക്ക് വിട്ടുകൊടുക്കുകയില്ല. കർത്താവ് അവന് രോഗശയ്യയിൽ ആശ്വാസം നല്കും (സങ്കീ 41:1-3).



രൂപതയുടെ സാമൂഹ്യക്ഷേമവിഭാഗമായ ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി വഴിയാണ് നമ്മുടെ പൊതുവായ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പുറമെ ജനത്തിന് കുടിവെള്ളം ലഭ്യമാക്കുന്ന ജലനിധി, നീർത്തട വികസനം, പ്രകൃതി വിഭവ പരിപോഷണം, അക്ഷയ തുടങ്ങി വിവിധ സർക്കാർ പദ്ധതികളും, ജൈവകൃഷി സർട്ടിഫിക്കേഷൻ, മാർക്കറ്റിംഗ്, ക്രെഡിറ്റ് യൂണിയൻ സംഘങ്ങളെ കേന്ദ്രീകരിച്ചുള്ള നിരവധി വരുമാന വർദ്ധന ഇനങ്ങൾ, ഫാം ഫ്രണ്ട്സ്, ഫാർമേഴ്സ് ക്ലബ്, സൗരോർജ്ജ വിളക്ക് വിതരണം, ബയോഗ്യാസ്, ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങി നിരവധി മറ്റ് പദ്ധതികളും സൊസൈറ്റി വഴി നടപ്പാക്കി വരുന്നു.

ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി 227 കുടുംബങ്ങളെ സേവ് എ ഫാമിലി സ്കീമിൽ സഹായിച്ചു വരുന്നു. 27,86,000 രൂപ വിവിധ ആവശ്യങ്ങൾക്കായി ഈ കുടുംബങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ശാരീരിക മാനസിക ന്യൂനതയുള്ള 92 കുട്ടികൾക്ക് പഠന ചികിത്സാ കാര്യങ്ങൾക്കായി ലിലിയാൻ ഫൗണ്ടേഷൻ എന്ന ഏജൻസി വഴി 4 ലക്ഷം രൂപ സ്കോളർഷിപ്പ് നൽകി. വിധവകൾക്കായി 8 സ്വാശ്രയ സംഘങ്ങളും, ശാരീരിക, മാനസിക ന്യൂനതയുള്ളവർക്കായി 9 സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഷാർജ കേന്ദ്രമായുള്ള ഒരു മലയാളി അസോസിയേഷൻ വഴി 8 രോഗികൾക്ക് 97,500 രൂപ ചികിത്സാ സഹായം ലഭ്യമാക്കിയിരുന്നു. മറയൂർ കൂടയ്ക്കാട്ടുകുടി ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളിൽ 90 ആദിവാസി കുട്ടികൾക്ക് സൗജന്യമായി പ്രാഥമിക വിദ്യാഭ്യാസം നല്കുന്നുണ്ട്. കോയമ്പത്തൂർ ഗംഗ ആശുപത്രിയുമായി ബന്ധപ്പെട്ട് തീപ്പൊള്ളൽമൂലം വൈരൂപ്യം വന്ന 10 പേർക്കും, മുച്ചുണ്ട് ഉള്ള ഒരാൾക്കും സൗജന്യമായി ഓപ്പറേഷൻ നടത്തുന്നതിന് സൗകര്യം ഒരുക്കികൊടുത്തു.

എല്ലാ വർഷവും നോമ്പുകാലത്ത് ഒരു ഞായറാഴ്ച ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സാമ്പത്തിക സമാഹരണം നടത്താറുണ്ടല്ലോ. 2014 ൽ പള്ളികളിൽ നിന്നും 214,964 രൂപയും, സന്യാസ

ഭവനങ്ങളിൽ നിന്നും 53,650 രൂപയും സമാഹരിച്ചു. കൂടാതെ ഒരു രോഗിയെ സഹായിക്കുന്നതിനായി ക്രെഡിറ്റ് യൂണിയൻ സംഘങ്ങൾ വഴി 60,670 രൂപയും, ജമ്മു കാഷ്മീർ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഇടവകകളിൽ നിന്നും 49,000/- രൂപയും ലഭിച്ചിരുന്നു.

ഇതിൽ നിന്നും കാരിത്താസ് ഇൻഡ്യയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 30,000 രൂപയും, ചികിത്സാ സഹായമായി 157,250 രൂപയും മറ്റ് സഹായങ്ങളായി 63,000 രൂപയും നൽകിയിട്ടുണ്ട്. കാഷ്മീർ ദുരിതാശ്വാസ നിധിയിലേക്ക് 60,000 രൂപ നൽകി.

ഇത്തരം പ്രവർത്തനങ്ങൾ തുടരുന്നതിനായി ഈ നോമ്പുകാലത്തും സാമ്പത്തിക സമാഹരണം നടത്തുന്നുണ്ട്. അവശതയനുഭവിക്കുന്നവരെ സഹായിക്കുവാനും അതുവഴി ദൈവാനുഗ്രഹങ്ങൾ പ്രാപിക്കുവാനും ഈ നല്ല അവസരം പ്രയോജനപ്പെടുത്താം. മാർച്ച് 22-ാം തീയതി ഞായറാഴ്ച ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഉദാരതയോടെ പങ്കുവയ്ക്കുന്ന ദിവസമാകട്ടെയെന്ന് ഓർമ്മപ്പെടുത്തുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന പ്രാർത്ഥനയോടെ,

മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
ഇടുക്കി മെത്രാൻ

(ഈ ഇടയലേഖനം മാർച്ച് മാസത്തിലെ ഒരു ഞായറാഴ്ച വായിച്ച് 22-ാം തീയതി സാമ്പത്തിക സമാഹരണം നടത്തി ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയിൽ നിന്നും എത്തുന്ന വോളന്റിയേഴ്സിനെ ഏൽപ്പിക്കണം)





C. 12

## ഇടയലേഖനം

അഭിവന്ദ്യ മെത്രാപ്പോലീത്തമാരേ, മെത്രാന്മാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്ന്യസ്തരേ, പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വിശുദ്ധനാമത്തിൽ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ആശംസകൾ!

ഭാരതത്തിന്റെ 66-ാമത് റിപ്പബ്ലിക്ദിനം ആഘോഷിച്ചതേ ഉള്ളൂ. റിപ്പബ്ലിക് ദിനാഘോഷത്തിൽ മുഖ്യാതിഥിയായി അമേരിക്കൻ പ്രസിഡന്റ് സന്നിഹിതനായിരുന്നുവെന്നത് ആഘോഷങ്ങളെ പ്രത്യേകം ശ്രദ്ധേയമാക്കി. ഈ സന്ദർഭത്തിൽ ചില ചിന്തകൾ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ന്യൂഡൽഹിയിൽ 2015 ജനുവരി 20-ന് സിബിസിഐ സെന്ററിൽ വച്ചു നടന്ന ഭാരതീയ കത്തോലിക്കാ മെത്രാന്മാരുടെ കോൺഫ്രൻസ് സംഘടിപ്പിച്ച പ്രത്യേക ആലോചനായോഗത്തിൽ ഉരുത്തിരിഞ്ഞ ചിന്തകളാണ് നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഈ ആലോചനായോഗത്തിൽ കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, കർദിനാൾ ജോർജ് ആലഞ്ചേരി, കർദിനാൾ ടെലെസ്ഫോർ റ്റോപ്പോ എന്നിവരും ഞാനും ഉൾപ്പെടെ ഭാരതത്തിലെ നാലു കർദിനാൾമാർ സംബന്ധിച്ചു. സിബിസിഐയുടെ കാര്യനിർവാഹകരുമുണ്ടായിരുന്നു.കൂടാതെ, കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (CCI), കോൺഫ്രൻസ് ഓഫ് റിലീജിയസ് ഇന്ത്യ (CRI), ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ (AICU), ഇന്ത്യൻ കാത്തലിക് യൂത്ത് മൂവ്മെന്റ് (ICYM), എന്നിവയുടെ പ്രതിനിധികളും നിയമവിദഗ്ധരും മനുഷ്യാവകാശ പ്രവർത്തകരും സാമൂഹിക പ്രവർത്തകരും സംബന്ധിച്ചിരുന്നു. ഈ ആലോചനായോഗത്തിനുശേഷം ഡൽഹിയിലും പരിസരപ്രദേശങ്ങളിലുമുള്ള മറ്റു ക്രൈസ്തവ സഭകളുടെ നേതാക്കളുമായി (NCCI, EFI) കൂടിയാലോചന നടത്തി.

നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്തകാലത്തു നടന്ന ഞെട്ടിക്കുന്ന ചില സംഭവങ്ങൾ ന്യൂനപക്ഷസമൂഹങ്ങളുടെ പ്രത്യേകിച്ച് ക്രൈസ്തവസമൂഹത്തിന്റെ വികാരങ്ങളെ മുറിപ്പെടുത്തുകയും നമ്മുടെ രാഷ്ട്രത്തിന്റെ മതനിരപേക്ഷ സംവിധാനത്തിലുള്ള വിശ്വാസത്തെ പിടിച്ചു കുലുക്കുകയും ചെയ്തിട്ടുണ്ട് എന്നു

വിലയിരുത്തപ്പെട്ടു. ഛത്തീസ്ഗഡ്, മധ്യപ്രദേശ്, ഒഡീഷ, ഉത്തർപ്രദേശ്, ഡൽഹി എന്നിവിടങ്ങളിൽ പള്ളികൾക്കും വൈദികർക്കും അല്മായർക്കും എതിരേ ഉണ്ടായ പരിഭ്രാന്തിജനകമായ സംഭവങ്ങൾ ക്രൈസ്തവസമൂഹത്തിന് വലിയ ഉത്കണ്ഠയ്ക്കു കാരണമായിരിക്കുന്നു. "പുനർമതപരിവർത്തന"ത്തിന്റെ പേരിൽ നടക്കുന്ന വാദപ്രതിവാദങ്ങൾ ഇന്ത്യയ്ക്കു നിഷേധാത്മക പ്രതിഛായയാണ് സൃഷ്ടിക്കുന്നത്. സമുദായധ്രുവീകരണവും ഇന്ത്യയെ ഏകജാതീയമാക്കാനുള്ള ആഹ്വാനവും എല്ലാ ന്യൂനപക്ഷങ്ങൾക്കും-സ്ത്രീകൾക്കും ദളിതർക്കും, ഭാഷാപരമായും, സാംസ്കാരികമായും, മതപരമായും ന്യൂനപക്ഷങ്ങളായിട്ടുള്ള എല്ലാവർക്കും ഭീഷണി ഉയർത്തുകയാണ്. കൂടാതെ, അടുത്തകാലത്തുണ്ടായ പല ബില്ലുകളും ഓർഡിനൻസുകളും പാവപ്പെട്ട കർഷകർ, മീൻപിടിത്തക്കാർ, തൊഴിലാളികൾ, ദളിതർ, ഗോത്രവർഗങ്ങൾ, മറ്റുള്ള പാർശ്വവത്കൃത സമൂഹങ്ങൾ എന്നിവരുടെ ജീവിതത്തെയും ജീവസന്ധാരണത്തെയും ദുർബലപ്പെടുത്തുമെന്ന് വിലയിരുത്തപ്പെടുന്നു.

"ഘർ വാപസി" പരിപാടികളും, വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും"കാവിവത്ക്കരിക്ക"ലും, ഹിന്ദു രാഷ്ട്രത്തിനുവേണ്ടിയുള്ള മുറവിളികളും നമ്മുടെ പ്രിയപ്പെട്ട രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവത്തെ വെല്ലുവിളിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ "കാവിവത്ക്കരണം" വരുംതലമുറക്ക് ഒരു ബൗദ്ധിക ഭീഷണിയാണ്. മതപരിവർത്തനം ഒരുവന്റെ സ്വതന്ത്രമനസ്സിന്റെയും ഭരണഘടനാപരവും മൗലികവുമായ അവകാശത്തിന്റെയും മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെയും മതസ്വാതന്ത്ര്യത്തിന്റെയും പ്രയോഗമാണ്. എന്നാൽ "ഘർ വാപസി" യെന്നത് ഒരു രാഷ്ട്രീയ പ്രക്രിയയാണ്. മതദേശീയവാദത്തിന്റെ ശക്തരായ വക്താക്കളാണ് അതു നടത്തുന്നത്. അത് മതനിരപേക്ഷതയുടെ തത്ത്വത്തിന് ഏറെ വിരുദ്ധവുമാണ്.

നമ്മുടെ രാജ്യത്തെ എല്ലാ പൗരന്മാർക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അത് അഭ്യസിക്കാനും പ്രചരിപ്പിക്കാനും ഉള്ള അവകാശം ഇന്ത്യൻ ഭരണഘടന ഉറപ്പു നല്കുന്നുണ്ട്. ദീർഘകാലമായി വ്യത്യസ്ത മതങ്ങൾ തഴച്ചുവളർന്ന രാജ്യമാണ്



ഇന്ത്യ. എല്ലാവരുടെയും അവകാശങ്ങൾ - മതവിശ്വാസമോ, ലിംഗഭേദമോ, ജാതിയോ പരിഗണിക്കാതെ - സുരക്ഷിതമാക്കാൻ നമ്മുടെ രാഷ്ട്രത്തിന്റെ സ്ഥാപകപിതാക്കന്മാർ സവിശേഷമായി പരിശ്രമിച്ചിട്ടുണ്ട്. മതസ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന ഒരു മനുഷ്യാവകാശമാണ്. ഇത് ജനാധിപത്യപരമായ ഒരു മൂല്യവും ഭരണഘടന ഉറപ്പുനല്കുന്ന മൗലികാവകാശവുമാണ്.

രണ്ടായിരത്തോളം വർഷമായി, ക്രിസ്തുമതം ഭാരതത്തിൽ വേരുറച്ചിട്ട്. ക്രൈസ്തവരായ നാം ദൈവത്തിലും മനുഷ്യനന്മയിലും വിശ്വസിക്കുന്നവരാണ്. വിദ്യാഭ്യാസം, ആരോഗ്യപാലനം, സാമൂഹിക വികസനം മുതലായവയുടെ മണ്ഡലങ്ങളിൽ നാം ഈ രാജ്യത്തെ നിസ്വാർത്ഥമായി സേവിച്ചുപോരുന്നുണ്ട്. ജാതിയോ വിശ്വാസമോ മതമോ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള യാതൊരു വിവേചനവും കൂടാതെയാണ് അങ്ങനെ ചെയ്യുന്നത്.

നമ്മുടെ മാതൃരാജ്യത്ത് നമ്മൾ സുരക്ഷിതരായിരിക്കുമെന്ന ഉറപ്പ്, ഈ രാജ്യത്തെ ക്രൈസ്തവരായ നമുക്ക് ഗവർമെന്റിൽ നിന്ന് ലഭിക്കണം. മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങളെ സംബന്ധിച്ച് നമുക്കുള്ള തീവ്രമായ ഉത്കണ്ഠ നമ്മൾ രേഖപ്പെടുത്തുന്നു. എല്ലാ മതങ്ങളിൽപ്പെട്ടവരും സാംസ്കാരിക പശ്ചാത്തലമുള്ളവരും സ്വതന്ത്രരായി ഭയമോ ഭീഷണിയോ ഇല്ലാതെ സ്വന്തം മതവും വിശ്വാസവും അനുസരിച്ച് ഐക്യത്തോടെ ജീവിക്കുന്ന ഒരു രാജ്യമായിരിക്കണം വരുംനാളുകളിലും മഹത്തായ ഈ മതനിരപേക്ഷ രാജ്യം. മാതൃരാജ്യത്തിന്റെ പുരോഗതിക്കും വികസനത്തിനും നമ്മൾ നമ്മെത്തന്നെ സമർപ്പിക്കുന്നു. അതോടൊപ്പം ഇന്ത്യയുടെ പ്രധാനമന്ത്രിയുടെ മുമ്പിൽ സുശക്തവും നിർബന്ധപൂർവകവുമായ ഒരഭ്യർത്ഥന സമർപ്പിക്കുന്നു. ഈ മതനിരപേക്ഷ രാഷ്ട്രത്തിന്റെ ഐക്യത്തിന് വലിയ ഭീഷണി ഉയർത്തുന്ന പ്രവർത്തനങ്ങളും കേന്ദ്രമന്ത്രിസഭയിലെയും പാർട്ടിയിലെയും ഉത്തരവാദിത്വപ്പെട്ട വ്യക്തികൾ അത്തരത്തിൽ പുറപ്പെടുവിക്കുന്ന പ്രസ്താവനകളും നിറുത്തിവയ്ക്കുന്നതിന് അടിയന്തിരമായി ഇടപെടാനും സമുചിതമായ നടപടികളെടുക്കുവാനും പ്രധാനമന്ത്രിയെന്ന നിലയിൽ അങ്ങ് തയ്യാറാകണം. മഹത്തായ നമ്മുടെ

ദേശത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും അത്തരത്തിലുള്ള പ്രവണതകളെ അവസാനിപ്പിക്കുകയെന്നത് അനുപേക്ഷണീയ കാര്യമാണ്.

ഇനി, ഞങ്ങളുടെ ആലോചനായോഗത്തിലുണ്ടായ ചില നിർദ്ദേശങ്ങളിലേക്കും ശിപാർശകളിലേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു:

1. സഭ എന്നും ദരിദ്രരോടും പീഡ സഹിക്കുന്നവരോടും സഹതാപപൂർവം പെരുമാറിയിട്ടുണ്ട്. നമ്മുടെ എല്ലാ പ്രേഷിത ശുശ്രൂഷകളിലും ദരിദ്രരോടുള്ള ഈ പ്രത്യേക സ്നേഹത്തിന്റെ മനോഭാവം പൂർവാധികം വസ്തുനിഷ്ഠമായി ദൃശ്യമാകണം. ഇക്കാര്യം പരിശുദ്ധ പിതാവ് ഫ്രൻസിസ് മാർപാപ്പാ ശക്തിയുക്തം ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ദളിതർ, പിന്നോക്കവിഭാഗങ്ങൾ, ഗോത്രവർഗക്കാർ എന്നിവരും കത്തോലിക്കാവിശ്വാസം സ്വീകരിച്ചവരുമായ നമ്മുടെ സഹോദരീ സഹോദരന്മാരെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നതിന് നമുക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് നാം കൂടുതൽ ശ്രദ്ധയുള്ളവരായിരിക്കണം.

2. വിവിധ ക്രൈസ്തവസമൂഹങ്ങൾ തമ്മിൽ ഇടവക, രൂപത, പ്രാദേശിക, ദേശീയ തലങ്ങളിൽ കൂടുതൽ ഐക്യവും സഹകരണവും ഉണ്ടാകണമെന്ന് നമ്മുടെ രാജ്യത്തെ ജനങ്ങളുടെ സാമൂഹികരാഷ്ട്രീയ സാഹചര്യം ആവശ്യപ്പെടുന്നു.

3. സഭയ്ക്കും സമൂഹത്തിനും നേരിടേണ്ടിവരുന്ന ഭീഷണികളെയും വെല്ലുവിളികളെയും വിമർശനബുദ്ധിയോടെ വിലയിരുത്താനും സമുചിതമായ ഹ്രസ്വകാല - ദീർഘകാല സമരതന്ത്രങ്ങൾ രൂപപ്പെടുത്താനും നമ്മുടെ അല്മായരെ നമ്മൾ ശക്തിപ്പെടുത്തണം. ഈ വിഷയത്തിൽ സ്ത്രീകളെയും യുവജനത്തെയും ശക്തരാക്കാൻ സവിശേഷപരിശ്രമങ്ങൾ നടക്കണം.

4. ഐക്യം, സാഹോദര്യം, മതനിരപേക്ഷത, സമാധാനം, നീതി എന്നിങ്ങനെ ഭരണഘടനയിൽ പ്രതിഷ്ഠിച്ചിട്ടുള്ള മൂല്യങ്ങൾ വിദ്യാഭ്യാസം വഴിയും മറ്റു സാമൂഹിക ഇടപെടലുകൾ വഴിയും



യുവജനത്തിന്റെ മനസ്സിൽ പോഷിപ്പിക്കണം. അവരെ സമർപ്പണബുദ്ധിയുള്ള ഭാരതത്തിന്റെ പൗരന്മാരും സഭയുടെ വിശ്വസ്തരായ പുത്രീപുത്രന്മാരുമാക്കി തയ്യാറാക്കുകയെന്ന ലക്ഷ്യത്തോടെ അപ്രകാരം ചെയ്യണം.

5. നമ്മുടെ മാധ്യമ പ്രവർത്തകരെയും മറ്റു വിദഗ്ധരെയും അംഗീകരിക്കുകയും സഭയുടെ ചിന്താഗതിക്ക് അനുസൃതമായി പ്രാദേശീയ അടിസ്ഥാനത്തിൽ മേല്പറഞ്ഞ ഭീഷണികളെ നേരിടാൻ അവരെ വളർത്തുകയും വേണം.മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരേ സമാനചിന്താഗതിക്കാരായ മറ്റുള്ളവരോട് ഒത്തുചേർന്ന് നമ്മൾ സമ്മർദ്ദം സൃഷ്ടിക്കണം.

6. ക്രൈസ്തവജനസമൂഹത്തിന്റെയും മാനുഷികവും സ്ഥാപന പരവുമായ വിഭവങ്ങളുടെയും സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം ഇടവക, രൂപതാതലങ്ങളിൽ ഉണ്ടായിരിക്കണം. സഭയുടെയും രാജ്യത്തിന്റെയും വളർച്ചയ്ക്കുവേണ്ടി കൂടുതൽ കാര്യക്ഷമമായ ഇടപെടലിന് ഇതു സഹായകമാകും.

7. ആശയരൂപീകരണം നടത്തുന്നതിന് ''ചിന്തകരുടെ ഒരു ഗ്രൂപ്പ്'' ഇടവക, രൂപത, പ്രാദേശിക, ദേശീയ തലങ്ങളിൽ രൂപപ്പെടുത്തുന്നത് നന്നായിരിക്കും. സാമൂഹിക രാഷ്ട്രീയ രംഗത്തെ വെല്ലുവിളികളെ കാര്യക്ഷമമായി അപഗ്രഥിക്കാനും പ്രശ്നങ്ങളെപ്പറ്റി സഭാനേതാക്കന്മാരെ ബോധിപ്പിക്കാനും വേണ്ടിയാണ് ഇത്. ഇതുപോലെ തന്നെ സുപ്രധാനമായ കാര്യമാണ് രൂപതാതലത്തിലും റീജിയൻതലത്തിലും ദേശീയ തലത്തിലും വക്താക്കൾ അഥവാ P.R.O മാർ ഉണ്ടായിരിക്കുകയെന്നതും. നമ്മുടെ നിലപാടു വ്യക്തമാക്കാനും സമകാലീന പ്രശ്നങ്ങൾ വ്യാഖ്യാനിക്കാനും സമൂഹത്തിലെ എല്ലാവിഭാഗങ്ങളുമായി ഗുണകരമായ ബന്ധം പോഷിപ്പിക്കാനും വേണ്ടിയാണത്.

8. ഇടവകതലത്തിലും രൂപതാതലത്തിലും പ്രാദേശികതലത്തിലും ദേശീയതലത്തിലും സംയുക്ത ക്രൈസ്തവ പ്രാർത്ഥനായജ്ഞം സംഘടിപ്പിക്കുകയും മത-സാമുദായിക മൈത്രി വളർത്തുന്നതിന് ശ്രദ്ധവയ്ക്കുകയും വേണം.

ഈ നിർദേശങ്ങൾക്കു പുറമേ മറ്റു പല നിർദേശങ്ങളും ആലോചനായോഗത്തിലെ അംഗങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. മേൽ പറഞ്ഞവയോടൊപ്പം ഇവയ്ക്കു അനുരൂപമായി നമുക്കു ചെയ്യാൻ കഴിയുന്നതെല്ലാം ഏറ്റവും നന്നായി ചെയ്യാൻ നമ്മൾ പരിശ്രമിക്കണം. സ്ഥിരമായ ശ്രദ്ധ, സംയുക്തപ്രവർത്തനം, ദൈവപരിപാലന, ഒരു തിന്മയ്ക്കും കീഴടക്കാനാവാത്ത സഭയെ സ്ഥാപിച്ച നമ്മുടെ കർത്താവിന്റെ ദൈവിക സഹായത്തിലുമുള്ള അഗാധമായ വിശ്വാസം എന്നിവയായിരുന്നു ആലോചനായോഗത്തിലെ പ്രധാന വിഷയങ്ങൾ.

ഭാരത കത്തോലിക്കാ മെത്രാന്മാൻ സമിതി (CBCI) ഇന്ത്യ മുഴുവനിലുമുള്ള സഭാംഗങ്ങൾക്ക് ഒരു കാര്യത്തിൽ ഉറപ്പു നല്കാൻ ആഗ്രഹിക്കുന്നു: ഏതെങ്കിലും തരത്തിൽ സഹനത്തിനു വിധേയരായിരിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പം എപ്പോഴും ഞങ്ങൾ ഉണ്ട്.

നമ്മൾ ഈ രാജ്യത്തിലെ പൗരന്മാരാണ്. ഈ രാജ്യത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി നമ്മൾ അധ്വാനം തുടരും. ദൈവരാജ്യം പ്രഘോഷിക്കാൻ മാമ്മോദീസാപരമായ കടമ നമുക്കുണ്ട്. ഭീഷണിയോ അക്രമമോ അതിൽ നിന്നു നമ്മെ പിന്തിരിപ്പിക്കുകയില്ല. നമ്മുടെ വിശ്വാസത്തെ സംഘടിതമായി ശക്തിപ്പെടുത്തുകയെന്നത് നമ്മുടെ ആവശ്യമാണ്. നമ്മൾ ഒരു രാഷ്ട്രീയപാർട്ടിക്കും എതിരേ യുദ്ധം ചെയ്യുകയല്ല. പിന്നെയോ നമ്മുടെ രാഷ്ട്രത്തിന്റെ വിശുദ്ധമായ ആദർശങ്ങൾക്കുവേണ്ടി പോരാടുകയാണ്. മതസ്വാതന്ത്ര്യം, മനസ്സാക്ഷിസ്വാതന്ത്ര്യം, മൗലികാവകാശങ്ങൾ, ജനാധിപത്യം മുതലായവയാണ് ശ്രേഷ്ഠമായ നമ്മുടെ ഭരണഘടനയിൽ ഉറപ്പുതന്നിട്ടുള്ള ആ ആദർശങ്ങൾ. സഭയുടെ ഉത്തരവാദിത്വപ്പെട്ട അംഗങ്ങളും നമ്മുടെ രാഷ്ട്രത്തിന്റെ പൗരന്മാരുമെന്ന നിലയിൽ വിശ്വാസത്തിനും രാഷ്ട്രത്തിന്റെ ഐക്യത്തിനും പുരോഗതിക്കും വേണ്ടി ജീവൻ ത്യജിക്കാനും നാം തയ്യാറാണ്. ദൈവസഹായത്തിൽ ആശ്രയിച്ച് നാം ഇങ്ങനെ ശപഥം ചെയ്യണം: വിശ്വാസത്തെയും രാജ്യത്തിന്റെ മതനിരപേക്ഷജനാധിപത്യ സ്വഭാവത്തെയും ഉയർത്തിപ്പിടിക്കുന്നതിനെതിരേയുള്ള സമ്മർദ്ദത്തിനോ ഭീഷണിക്കോ വഴങ്ങുകയില്ല.



തന്റെ ഛായയിലും സാദൃശ്യത്തിലും നമ്മെ സൃഷ്ടിച്ച ദൈവം നമ്മെ തുടർന്നും അനുഗ്രഹിക്കട്ടെ. അവിടുത്തെ പുത്രനായ യേശുക്രിസ്തുവിന്റെ ദൗത്യം തുടരുന്നതിന് അവിടുന്ന് പരിശുദ്ധാത്മാവിന്റെ ദാനത്തിലൂടെ നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. നമ്മുടെ പ്രിയപ്പെട്ട രാഷ്ട്രത്തിനുവേണ്ടി നമ്മുടെ പരിശുദ്ധ അമ്മ മാധ്യസ്ഥ്യം വഹിക്കട്ടെ.

പ്രാർത്ഥനയോടും ആശംസകളോടും കൂടെ
സ്നേഹപൂർവം, കർത്താവിൽ

**കർദിനാൾ ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ചുബിഷപ് - കാതോലിക്കോസ് &
പ്രസിഡന്റ്, കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ &
കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി- 682 025-/31.01.2015/Ref: 2837/K 35/OL/KCBC/DS

NB: 2015 മാർച്ച് മാസത്തിലെ ഒരു ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.



C.13 **മദ്യവിരുദ്ധ ഞായർ, 8 മാർച്ച് 2015**

**കെ.സി.ബി.സി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ**

കേരള കത്തോലിക്കാ സഭ മാർച്ച് മാസം 8-ാം തീയതി മദ്യവിരുദ്ധ ഞായർ ആചരിക്കുകയാണ്. സഭയിലും സമൂഹത്തിലും ലഹരിക്കെതിരായ പോരാട്ടം കൂടുതൽ ജാഗ്രതയോടെ ശക്തമാക്കാനുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ തിരുസഭ പങ്കുവയ്ക്കുന്നത്. കേരളസമൂഹത്തിൽ മാതൃകാപരമായ ലഹരിവിരുദ്ധപോരാട്ടം നടത്തിയ ചരിത്രമാണ് ഇന്നോളം കത്തോലിക്കാസഭയ്ക്കുള്ളത്. കത്തോലിക്കാസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ലഹരിവിമോചനകേന്ദ്രങ്ങളിലൂടെയും ധ്യാനകേന്ദ്രങ്ങളിലൂടെയും ആതുരാലയങ്ങളിലൂടെയും ലക്ഷകണക്കിന് കുടുംബങ്ങളാണ് ലഹരിമുക്തമായതിന്റെ സത്ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

കത്തോലിക്കരെ മാത്രം മദ്യത്തിൽനിന്ന് മോചിപ്പിക്കുക എന്ന സങ്കുചിതമായ ചിന്തയല്ല സഭയ്ക്കുള്ളത്. കേരളസമൂഹത്തെ മുഴുവൻ ബാധിക്കുന്ന ഒരു സാമൂഹികതിന്മ എന്നനിലയിലാണ് ഈ വിഷയത്തെ സഭ എന്നും കാണുന്നത്. 1998-ൽ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി രൂപംകൊള്ളുന്നതിന് മുമ്പ് സഭയിലെ യുവജനപ്രസ്ഥാനങ്ങളും സമൂഹത്തിലെ ഇതരമദ്യവിരുദ്ധപ്രസ്ഥാനങ്ങളുമായി ചേർന്ന് സഭ ഈ രംഗത്തു പ്രവർത്തിച്ചുവന്നു. കെസിബിസി മദ്യവിരുദ്ധസമിതി രൂപംകൊണ്ടതിന് ശേഷം കത്തോലിക്കാസഭയിലെ എല്ലാ രൂപതകളിലും മദ്യവിരുദ്ധ യൂണിറ്റുകൾ സ്ഥാപിച്ച് ശക്തമായ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖയും കർമ്മപദ്ധതികളും നിർദ്ദേശങ്ങളും നൽകി വരുന്നു.

ഈ വർഷം മുതൽ വലിയനോമ്പിലെ മൂന്നാം ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായർ ആയി ആചരിക്കുന്നത് (മുൻവർഷങ്ങളിൽ ഇത് ജനുവരിയിലെ അവസാന ഞായറാഴ്ച ആയിരുന്നു). വിശുദ്ധ നോമ്പ് പ്രാർത്ഥനയുടെയും വർജനയുടെയും ഉപവാസത്തിന്റെയും തിരിച്ചുവരവിന്റെയും നവീകരണത്തിന്റെയും കാലയളവാണ്. വ്യക്തിപരവും സമൂഹപരവുമായ ഒരു നവീകരണത്തിനാണ് വിശുദ്ധ



നോമ്പ് നമ്മെ ക്ഷണിക്കുന്നത്. മദ്യവും മയക്കുമരുന്നും ഇവയുടെ ഉപയോഗവും വ്യാപനവും അതു സമൂഹത്തിൽ സൃഷ്ടിക്കുന്ന അരാജകത്വവും പൊതുജീവിതത്തിലെ അഴിമതിയുടെ വ്യാപനവും നമ്മുടെ സമൂഹത്തെ കാർന്നു തിന്നുന്ന സാമൂഹ്യ തിന്മകളാണ്.

വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും നശിപ്പിക്കുന്ന ഈ തിന്മകളിൽ നിന്നും, പാപസാഹചര്യങ്ങളിൽ നിന്നും ഓടി അകലണമെന്നും വിശുദ്ധ നോമ്പ് അനുശാസിക്കുന്നു. മദ്യാസക്തി ദുർമോഹങ്ങളിലേക്കു നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാണെന്നും തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (റോമാ 13:13,14). മദ്യാസക്തിയെന്ന തിന്മയിൽ നിന്നും ഓടി അകലുവാനും പ്രകാശത്തിന്റെ മക്കളാകുവാനും തിരുസ്സഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പുകാലം തിന്മയ്ക്കെതിരേയുള്ള ആത്മീയ പോരാട്ടത്തിന്റെ അവസരമാക്കി മാറ്റാം. അതിനായി ഈ വലിയ നോമ്പുകാലം നമ്മെ ശക്തിപ്പെടുത്തണം.

**വളരേണ്ട മദ്യവിരുദ്ധ സംസ്കാരം**

മദ്യത്തിന്റെ ലഭ്യതയും വിതരണവും ഉപയോഗവും കുറച്ചുകൊണ്ടുവരുന്നതിൽ കാലാകാലങ്ങളിൽ കേരളം ഭരിച്ച സർക്കാരുകൾ പരാജയപ്പെട്ടു. തത്ഫലമായി ലോകത്തിന്റെ "മദ്യഭൂപടത്തിൽ'' മുഖ്യസ്ഥാനം കേരളത്തിനെന്ന അപഖ്യാതി നാം നേടുകയും ചെയ്തു. നിലനിൽക്കുന്ന നിയമങ്ങളും ജനക്ഷേമപരമല്ലാത്ത നയങ്ങളും സർക്കാർ-ഉദ്യോഗസ്ഥ-അബ്കാരി അവിശുദ്ധ കൂട്ടുകെട്ടും, മറയില്ലാതെ മദ്യം ഉപയോഗിക്കുവാനുള്ള മലയാളിയുടെ ശീലവും കേരളത്തിന്റെ മദ്യാസക്തിക്ക് ആക്കം കൂട്ടി. ഈ സാമൂഹിക വിപത്തിന്റെ ഇരകളായി കൗമാരക്കാരും സ്ത്രീകളും ഉൾപ്പടെ ലഹരിയുടെ പുത്തൻശീലങ്ങളും ശൈലികളും കൗതുകത്തോടെ പരീക്ഷിച്ചറിയുന്ന ഒരു വലിയ വിഭാഗം ഇന്ന് നമുക്കു ചുറ്റും അപകടകരമാംവിധം വളർന്നുവരുന്നു. സമൂഹത്തിൽ വർധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ അടിയന്തിരമായ നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു.

ഏതാനും മദ്യലോബികളുടെ പക്ഷം ചേർന്ന് കേരളത്തെ മദ്യക്കടലിൽ താഴ്ത്തുന്നത് തലമുറകളോട് ചെയ്യുന്ന പാതകമാണ്.

മനുഷ്യനുവേണ്ടി മനഃസാക്ഷിയോടെ നിലപാടുകളെടുക്കാൻ കഴിയുന്നിടത്താണ് ജനപ്രതിനിധികളുടെ അകക്കാമ്പ് ജനം തിരിച്ചറിയുന്നത്. അധികാരത്തിന്റെ അപ്പക്കഷണത്തിനുവേണ്ടി നട്ടെല്ല് വളയ്ക്കുന്നവർ ജനാധിപത്യത്തിന്റെ ഏടുകളിൽ കറുത്ത പൊട്ടുകളായി അവശേഷിക്കും. മദ്യമെന്ന സാമൂഹിക വിപത്തിനെതിരെയുള്ള പോരാട്ടത്തിൽപോലും മതത്തിന്റെയും സമുദായത്തിന്റെയും നിറം കലർത്തുന്ന മത- സംസ്കാരിക - രാഷ്ട്രീയ പ്രതിനിധികൾ സമൂഹം തിരിച്ചറിയേണ്ട, ജനാധിപത്യത്തിലെ അപകടസൂചനകളാണ്.

മദ്യലോബികൾക്കനുകൂലമായി നില്ക്കുന്ന നിയമങ്ങൾക്ക് മാറ്റംവരുത്താനുള്ള നടപടികൾ പ്രാവർത്തികമാക്കാനുള്ള ചങ്കുറപ്പാണ് ജനപ്രതിനിധികളും സർക്കാരും സ്വീകരിക്കേണ്ടത്. പൊതുസമൂഹവും മതസംഘടനകളും രാഷ്ട്രീയ യുവജനപ്രസ്ഥാനങ്ങളുമൊക്കെ മദ്യത്തിനെതിരായി ശബ്ദമുയർത്തുന്ന ഇന്നത്തെ അനുകൂലമായ സാഹചര്യം മനസ്സിലാക്കി അതിനെ ഫലപ്രദമായി ഉപയോഗിച്ച് ആത്മാർത്ഥത തെളിയിക്കാൻ സർക്കാർ ഇനിയും വൈകരുത്.

**തിരിച്ചറിയേണ്ട ചില വിപത്തുകൾ**

റീജണൽ അടിസ്ഥാനത്തിൽ യു.എൻ ന്റെ കണക്കിൽ അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെല്ലാം മദ്യഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അതിനാൽത്തന്നെ അന്തർദ്ദേശീയ മദ്യലോബികൾ കണ്ണുവച്ചിരിക്കുന്നത് ഇന്ത്യപോലുള്ള മൂന്നാം ലോകരാഷ്ട്രങ്ങളെയാണ്. ഇവിടുത്തെ ഒന്നോ രണ്ടോ ശതമാനം ആളുകളെ തങ്ങളുടെ കീഴിലാക്കിയാൽ അവർക്ക് ഇവിടുത്തെ വിപണി പിടിച്ചെടുക്കാനാകും. അങ്ങനെ ഇന്ത്യയുൾപ്പെടെയുള്ള ദരിദ്രരാജ്യങ്ങളെ ചൂഷണം ചെയ്യാനുള്ള സമ്പന്നരാഷ്ട്രങ്ങളുടെ ഒരു മാർഗമാണിതെന്ന യാഥാർത്ഥ്യവും നമ്മിൽ എത്രപേർക്കറിയാം? കേരളത്തിന്റെ ടൂറിസം സാദ്ധ്യതകളെ ബോധപൂർവ്വം വഴിതെറ്റിക്കാനും അട്ടിമറിക്കാനുമായിട്ടുള്ള ദേശീയ-അന്തർദേശീയ ലോബികളുടെ ശ്രമമാണു കേരളത്തിൽ 'ഇനി ടൂറിസ്റ്റുകൾ വരില്ല' എന്ന പ്രചരണം. മദ്യനിരോധനം നിലനിൽക്കുന്ന ഗുജറാത്തിൽ കേരളത്തിന്റെ ഇരട്ടിയിലധികം ടൂറിസ്റ്റുകൾ വരുന്നുണ്ട്. അതിനാൽടൂറിസവും മദ്യവുമായി ബന്ധപ്പെടുത്തിയുള്ള വാദമുഖങ്ങൾ മദ്യവിരുദ്ധ സാംസ്കാരം ആഗ്രഹിക്കുന്ന കേരളത്തിന് യോജിച്ചതല്ല. ടൂറിസ്റ്റുകൾ കേരളത്തിൽ വരുന്നതു മദ്യപിക്കാനാണ് എന്നുപറയുന്നത് ബാലിശമായ ചിന്താഗതിയാണ്. ഈ നാടിന്റെ സാംസ്കാരിക തനിമയും കടലോരവും മലകളും തുടങ്ങി ഈ ദേശത്തിന്റെ നന്മയും പ്രകൃതിയുമാണ് ഓരോ വിദേശിയെയും ഇവിടേക്ക് ആകർഷിക്കുന്നത്.



‘‘മദ്യനിരോധനം സാധ്യമോ? അസാധ്യമോ?’’ എന്നത് ഒരു സന്ദേഹിയുടെ ചോദ്യമാണ്. സന്ദേഹികൾ ഒന്നും നമുക്ക് നേടിത്തന്ന ചരിത്രമില്ല. അവർ എല്ലാറ്റിനെയും സംശയിക്കും. സാധ്യതകളുടെ അവസരംപോലും അങ്ങനെ നിരാകരിക്കപ്പെടും. രാഷ്ട്രത്തിന്റെ നിയമവ്യവസ്ഥിതിയിലേക്ക് ഒന്നുകണ്ണോടിച്ചാൽ കാണാം നിരോധനം നിയമത്തിന്റെ വലിയ കടമയാണ്. തോക്ക് നിരോധിക്കാം, കഞ്ചാവ് നിരോധിക്കാം, കറുപ്പ് നിരോധിക്കാം, സ്വർണം കടത്തുന്നത് നിരോധിക്കാം, കടലിന്റെ തീരത്തു താമസിക്കുന്നതും നിരോധിക്കാം. മനുഷ്യരെ കൊല്ലാൻ വരുന്ന കാട്ടുമൃഗത്തെ കൊല്ലുന്നതു നിരോധിക്കാം, ബോംബ് നിരോധിക്കാം, പക്ഷെ മദ്യം നിരോധിക്കാൻ തടസം നിൽക്കുന്നത് ആരാണ് ? ആർക്കുവേണ്ടിയാണ്? ഇവിടെ ഇത്തരം വിഷയങ്ങളെ നാം സമീപിക്കുമ്പോൾ അഴിമതി എന്ന വിഷയവും വളരെ ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെടണം. മദ്യനിരോധനം പരാജയപ്പെടുത്താൻ രണ്ടുകൂട്ടർക്കേ സാധിക്കൂ: (1) നിക്ഷിപ്തതാത്പര്യക്കാരായ രാഷ്ട്രീയക്കാർ (2) അഴിമതിക്കാരായ ഉദ്യോഗസ്ഥർ. ഈ രണ്ടുകൂട്ടരെയും നിലയ്ക്കുനിറുത്താൻ ജനങ്ങൾ ഒരുമിച്ചാൽ തീർച്ചയായും ഇവിടെ മദ്യത്തിന്റെ ഒഴുക്ക് തടയാൻ കഴിയും.

നമ്മുടെ നാടിന് ഒരു മദ്യസംസ്കാരമില്ല. നമ്മുടെ മതങ്ങളോ സമൂഹമോ സംസ്കാരമോ ഇതു പ്രോത്സാഹിപ്പിക്കുന്നില്ല. മദ്യവർജ്ജനം നടപ്പിലാക്കാൻ ഇവിടെ ഒരു സർക്കാരിന്റെയും

ആവശ്യമില്ല. അത് ജനങ്ങൾ ചെയ്തുകൊള്ളും. നിയമം മൂലം കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മദ്യലഭ്യത കുറയ്ക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. മദ്യത്തിന്റെ ഉപയോഗം കേരളത്തിൽ കുറച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ ഈ സർക്കാരിന്റെ ഭരണത്തിന്റെ ആദ്യനാൾമുതൽ (2011) പ്രകടമായിരുന്നു. നിരവധി തീരുമാനങ്ങൾ പ്രഖ്യാപിച്ചുവെങ്കിലും സർക്കാർ വിഭാവനം ചെയ്തതുപോലെ അവ നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നത് സർക്കാരിന്റെ പരാജയമായി കാണേണ്ടിവരും.

മദ്യപിച്ചു മരിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തെ നാം തിരിച്ചറിഞ്ഞ്, ഒരാളും ഇനി മദ്യത്തിലേക്കു വരരുത് എന്ന ചിന്തയാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. അടിയന്തിരമായി ശ്രദ്ധപതിയേണ്ടതു കുട്ടികളിലേക്കും യുവജനങ്ങളിലേക്കുമാണ്. അടച്ചുപൂട്ടിയ ബാറുകൾ, ബിയർ-വൈൻ പാർലറുകളായി മാറ്റപ്പെട്ടിരിക്കുന്നു. സ്ത്രീകളും കുട്ടികളും യുവജനങ്ങളും ഉൾപ്പെടുന്ന പുതിയ ഒരുതലമുറയാണു മദ്യാസക്തിയിലേക്ക് ഇവയിലൂടെ വഴുതി വീഴുന്നത്. 'വീര്യം കുറഞ്ഞ' ഈ അപകടങ്ങൾ നമ്മുടെ നാടിനെ നശിപ്പിക്കും. ചുരുക്കത്തിൽ പുതുതലമുറയെ ആദ്യം വീര്യം കുറഞ്ഞ മദ്യത്തിനും പിന്നീടു കടുത്ത ലഹരികൾക്കും അടിമയാക്കാൻ ബീയർ-വൈൻ പാർലറുകൾക്ക് കഴിയും. ശരിയായ മദ്യനയം രൂപപ്പെടണമെങ്കിൽ താഴെതട്ടിൽനിന്നും മുകൾ തട്ടിൽനിന്നും വ്യക്തമായ തീരുമാനങ്ങൾ ഉണ്ടാകണം; സർക്കാരിന്റെ ഭാഗത്തുനിന്നും മദ്യനിരോധനവും ജനങ്ങളുടെ ഭാഗത്തുനിന്നു മദ്യവർജ്ജനവും.

### സർക്കാർ ആത്മാർത്ഥത തെളിയിക്കണം

മദ്യനിരോധനം എന്ന സർക്കാർ തീരുമാനം വളരെ തിടുക്കത്തിലായിരുന്നു എന്ന് എല്ലാവർക്കും അഭിപ്രായമുണ്ട്. പത്തുവർഷംകൊണ്ട് കേരളത്തെ മദ്യരഹിതമാക്കുമെന്ന പ്രഖ്യാപനത്തിന്റെ പൊരുൾ മനസ്സിലാകത്തക്കവിധം അവതരിപ്പിക്കാൻ ഇനിയും സർക്കാരിനു സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിപോലും വിസ്മയം പ്രകടിപ്പിച്ച ഒരു മാന്ത്രികച്ചെപ്പാണ് ഈ സർക്കാരിന്റെ പുതിയ മദ്യനയം.



സഭയെ സംബന്ധിച്ച് ഇതൊരു സാമൂഹികവിഷയമാണ്, രാഷ്ട്രീയവിഷയമല്ല. മദ്യവർജ്ജനം മതി എന്നുപറയുമ്പോൾ, നാടുമുഴുവൻ മദ്യഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിച്ചുകൊണ്ട് എങ്ങനെ മദ്യവർജ്ജനം നടപ്പിലാക്കും? സഭയുടെ നിലപാട് വളരെ വ്യക്തമാണ്. മൂന്നുകാര്യങ്ങൾ ഒന്നിച്ചു വരുമ്പോഴാണ് ഇവിടെ മദ്യത്തിന്റെ ഉപയോഗം കുറയുന്നത്; (1) ബോധവത്കരണം (2) മദ്യലഭ്യതയുടെ കുറവ് - മദ്യശാലകളുടെ എണ്ണം കുറയ്ക്കുന്ന നടപടി (3) ലഹരിക്കടിമപ്പെട്ടവരുടെ ചികിത്സയും പുനരധിവാസവും. ഇവ മൂന്നും ഒന്നിച്ചുപോകണം. മദ്യവർജ്ജനം എന്നുപറയുന്നതിൽ തന്നെ മദ്യശാലകൾ കുറയ്ക്കണം, ഇല്ലാതാക്കണം എന്ന ആശയമുണ്ട്. ഒരു കാര്യം മാത്രമേ സഭ മദ്യനയത്തിൽ ആവശ്യപ്പെടുന്നുള്ളൂ. അടുത്ത പത്തുവർഷംകൊണ്ട് കേരളത്തെ മദ്യവിമുക്തമാക്കാനുള്ള കർമ്മപദ്ധതി സർക്കാർ പ്രഖ്യാപിക്കണം. ഇതിനു തയ്യാറാകാത്തിടത്തോളംകാലം സർക്കാർ സംശയത്തിന്റെ മുൾമുനയിലായിരിക്കും.

### നടപ്പിലാക്കേണ്ട പ്രായോഗിക നിർദേശങ്ങൾ

മദ്യപിക്കുന്നവർ പള്ളിയിൽ വരാൻ പാടില്ല എന്നു പറഞ്ഞാൽ തീരാവുന്നതല്ലേ കേരളത്തിന്റെ മദ്യാസക്തി എന്ന് ചോദിക്കുന്ന ചിലരെങ്കിലുമുണ്ട്. വഴിതെറ്റിപ്പോയവരെയും തിരികെ വരാൻ ആഗ്രഹിക്കുന്നവരെയും തുറന്ന മനസ്സോടെ കാത്തിരിക്കുന്ന സ്നേഹാലയമാണ് ഓരോ ക്രൈസ്തവ ദേവാലയവും. മദ്യവ്യാപാരത്തിൽനിന്നും കത്തോലിക്കർ പിൻതിരിയണമെന്നും അത്തരക്കാരിൽ നിന്നും സംഭാവനകൾ സ്വീകരിക്കരുതെന്നുമാണ് 2013 ഫെബ്രുവരി 19-ാം തീയതിയിൽ പ്രകാശനം ചെയ്ത ലഹരി വിമോചനപ്രവർത്തനങ്ങൾക്കുള്ള സഭയുടെ മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത്. ലഹരിവ്യാപാരികൾ മരണവ്യാപാരികളാണ് എന്നാണ് തിരുസ്സഭയുടെ തലവനായ ഫ്രാൻസിസ് മാർപാപ്പായും പഠിപ്പിക്കുന്നത്.

ജനങ്ങളുടെ ശക്തിയാണു വ്യാജമദ്യം തടയാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം. കുടുംബശ്രീ - ജനശ്രീ - അയൽക്കൂ

ട്ടങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ, മദ്യവിരുദ്ധപ്രസ്ഥാനങ്ങൾ, പ്രാദേശികമായ രാഷ്ട്രീയപ്രസ്ഥാനങ്ങൾ, നേതാക്കൾ, മതസംഘടനകൾ, ക്ലബുകൾ, യുവജനങ്ങൾ... ഇത്തരത്തിലുള്ള കൂട്ടായ്മകളും ജാഗ്രതാസമിതികളും ഉണർന്നു പ്രവർത്തിച്ചാൽ ഇവിടെ വ്യാജമദ്യം ഉണ്ടാവുകയില്ല. ജനത്തിന്റെ ശക്തിയെ മറികടന്നുകൊണ്ട് ഇവിടെ മദ്യം വിൽക്കാനോ ഉപയോഗിക്കാനോ സാധിക്കുകയില്ല.

കേരളത്തിലെ ആനുകാലിക സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് മദ്യമെന്ന സാമൂഹിക തിന്മയ്ക്കെതിരേ പ്രതികരിക്കുവാൻ, ക്രൈസ്തവസമൂഹത്തിന് നടപ്പിലാക്കാൻ സാധിക്കുന്ന ചില പ്രായോഗിക നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഈ വർഷത്തെ മദ്യവിരുദ്ധ ഞായർ അതിരൂപത, രൂപത, ഫെറോന, ഇടവക തലങ്ങളിൽ സമുചിതമായി ആചരിക്കുകയും ലഹരിവിരുദ്ധ പ്രചരണപരിപാടികൾ സംഘടിപ്പിക്കുകയും വേണം.

2) അതാതു അതിരൂപതാ/രൂപതാ തലങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് മദ്യവിരുദ്ധ ഞായർ, ഈ ദിനത്തിന്റെ പ്രാധാന്യം ഗൗരവപൂർവം മനസ്സിലാക്കി ആചരിക്കേണ്ടതാണ്.

3) സഭാതല മദ്യവിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടർന്നുകൊണ്ടുപോകുന്നതിന്, മദ്യവിരുദ്ധ ഞായറായി ആചരിക്കുന്ന മാർച്ച് 8-ാംതീയതിയിലെ സ്തോത്രകാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി അതിരൂപതാ/രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

4) ഈ ആചരണത്തിന്റെ തുടർനടപടികളുടെ ഭാഗമായി ഇടവകകൾ കേന്ദ്രീകൃതമായി കുട്ടികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്.

5) ഒരു സാമൂഹ്യ തിന്മയായ മദ്യത്തിന്റെ ഉപയോഗത്തിനെതിരേ രംഗത്ത് ഇറങ്ങുവാനും ഈ പ്രവർത്തനങ്ങളിൽ മുൻനിരയിൽ അണിനിരക്കുവാനും ഇടവകയിലെ യുവജനസംഘടനകൾ,



പ്രത്യേകിച്ച് കെ.സി.വൈ.എം, പ്രായോഗികമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തണം.

6) നമ്മുടെ ആശുപത്രികൾ കേന്ദ്രീകരിച്ച് മദ്യവിരുദ്ധ സെൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണം.

7) പുനരധിവാസ കേന്ദ്രങ്ങളുടെയും അവയുടെ പ്രവർത്തനങ്ങളുടെയും നന്മകൾ ജനങ്ങളിലേക്ക് കൂടുതലായി എത്തിക്കുവാൻ നാം പരിശ്രമിക്കണം.

8) ഇടവകതലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളെ ഒന്നിപ്പിച്ചുകൊണ്ട് പ്രാദേശികമായി ഈ വിഷയത്തെ അവലോകനം ചെയ്യുകയും മദ്യവിരുദ്ധ പ്രതിജ്ഞകൾ പൊതുവായി സംഘടിപ്പിക്കുകയും ചെയ്യണം.

9) കുടുംബാംഗങ്ങൾ ഒന്നുചേർന്ന്, ഓരോ കുടുംബവും തങ്ങളുടെ ആഘോഷങ്ങളിൽ മദ്യം ഉപയോഗിക്കുകയില്ലെന്ന പ്രതിജ്ഞ എടുക്കുകയും മദ്യപാനം മൂലം വേദനിക്കുന്ന കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം.

10) മദ്യപാനം മൂലം തകർച്ച നേരിടുന്ന വ്യക്തികളെയും കുടുംബങ്ങളെയും മദ്യവിപത്തിൽ നിന്നും സാമ്പത്തിക-ആത്മീയ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് ഇടവക തലത്തിൽ കർമ്മപരിപാടികൾ നടപ്പിലാക്കുക.

11) മദ്യവ്യാപാരികളായ കത്തോലിക്കാ വിശ്വാസികളെ അതിൽ നിന്നു പിൻതിരിപ്പിക്കാൻ പരിശ്രമിക്കുക. ഇവരിൽ നിന്നും സംഭാവന സ്വീകരിക്കരുത്.

12) സമൂഹത്തിൽ മദ്യവിരുദ്ധ മനോഭാവവും നിലപാടുകളും വളർത്തിക്കൊണ്ടു വരാൻ നേതൃത്വം നല്കുക.

13) മദ്യവ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയങ്ങളെയും നടപടികളെയും വിമർശന ബുദ്ധിയോടെ വിലയിരുത്തുക.

മുകളിൽ സൂചിപ്പിച്ച പ്രായോഗിക നിർദേശങ്ങൾ അവ അർഹിക്കുന്ന ഗൗരവത്തോടെ നടപ്പിലാക്കിക്കൊണ്ട് രൂപതകളിലും

ഇടവകകളിലും മദ്യവിരുദ്ധപ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ കഴിയട്ടെ എന്ന് പ്രാർഥിക്കുന്നു.

**ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2015 മാർച്ച് 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യണം.





## C. 14 മതസ്വാതന്ത്ര്യവും വെല്ലുവിളികളും

2015 ജനുവരി 24-ന് പി.ഒ.സി. യിൽ നടന്ന മതസ്വാതന്ത്ര്യവും വെല്ലുവിളികളും എന്ന സെമിനാറിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗം ജസ്റ്റീസ് സിറിയക് ജോസഫ് അവതരിപ്പിച്ച ''മതസ്വാതന്ത്ര്യാവകാശവും മതപരിവർത്തനവും: ഭാരതീയ ഭരണഘടനയുടെയും മനുഷ്യാവകാശങ്ങളുടെയും വെളിച്ചത്തിൽ'' എന്ന പ്രധാന പ്രബന്ധത്തിന്റെയും തുടർന്നു നടന്ന ചർച്ചകളുടെയും പ്രസക്ത ഭാഗങ്ങളുടെ സംഗ്രഹമാണ് ഈ ലേഖനത്തിന് ആധാരം.

### മതനിരപേക്ഷത ഇന്ത്യൻ ഭരണഘടനയിൽ

ഇന്ത്യയുടെ ഭരണഘടനയനുസരിച്ച് ഭാരതം ഒരു ജനാധിപത്യ സെക്കുലർ റിപ്പബ്ളിക്കാണ്. ഭാരതീയ മതനിരപേക്ഷത (സെക്യുലറിസം) അനന്യമായ ഒരു സങ്കല്പമാണ്. ഇതനുസരിച്ച് രാഷ്ട്രം ഈശ്വരവിശ്വാസികളോടും സംശയവാദികളോടും നിരീശ്വരരോടും ഒന്നുപോലെ പെരുമാറുന്നു. മതങ്ങൾ തമ്മിൽ വിവേചനം കാണിക്കുന്നില്ല. രാഷ്ട്രത്തിന് ഔദ്യോഗിക മതമില്ല. പക്ഷേ, പൗരന്മാർക്ക് ഇഷ്ടപ്പെട്ട മതത്തിൽ വിശ്വസിക്കാനും അത് അഭ്യസിക്കാനും അവകാശമുണ്ട്. ഒരു മതവിശ്വാസവും ഏറ്റുപറയാതിരിക്കാനും അഭ്യസിക്കാതിരിക്കാനുമുള്ള അവകാശവും പൗരനുണ്ട്. പക്ഷേ, ഭാരതീയ മതനിരപേക്ഷത ദൈവവിരുദ്ധമല്ല. അത് മതങ്ങളെയും മതമൂല്യങ്ങളെയും ബഹുമാനിക്കുന്നുണ്ട്. മതങ്ങളെ തമ്മിൽ വിവേചിക്കാത്തതും തുല്യപരിഗണന എല്ലാ മതങ്ങളെ സംബന്ധിച്ചും നല്കുന്നതുമായ ഒരു ആശയമാണിത്. ഇത് ഭാരതത്തിന്റെ പൗരാണികമായ സാംസ്കാരിക പാരമ്പര്യത്തിനനുസൃതവുമാണ്.

### ഇന്ത്യൻ ഭരണഘടനയും മതസ്വാതന്ത്ര്യവും

പൊതുക്രമത്തിനും ധാർമ്മികതയ്ക്കും പൊതുജനാരോഗ്യത്തിനും വിധേയമായും ഭരണഘടനയിലെ 3-ാം ഭാഗത്തെ വ്യവസ്ഥകൾക്കു വിധേയമായും എല്ലാ വ്യക്തികൾക്കും തുല്യമായ മനസ്സാക്ഷിസ്വാതന്ത്ര്യവും സ്വതന്ത്രമായി മതം ഏറ്റുപറയാനും അഭ്യസിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യവും ഭാരതീയഭരണഘടനയുടെ 25-ാം വകുപ്പു നല്കുന്നുണ്ട്. മനസ്സാക്ഷി സ്വാതന്ത്ര്യവും സ്വതന്ത്രമായി മതം ഏറ്റുപറയാനും

അഭ്യസിക്കാനുമുള്ള സ്വാതന്ത്ര്യവും ഭാരതീയ പൗരന്മാർക്കു മാത്രമല്ല, ഇന്ത്യയിൽ ജീവിക്കുന്നവരും സന്ദർശനം നടത്തുന്നവരുമായ എല്ലാവ്യക്തികൾക്കും ഭരണഘടന ഉറപ്പു നല്കിയിരിക്കുന്നുവെന്നത് ശ്രദ്ധിക്കേണ്ടതാണ്. ഇതുപോലെ മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനത്തിലെ (universal declaration of human rights) 18-ാം വകുപ്പ് ചിന്താസ്വാതന്ത്ര്യവും മനസ്സാക്ഷി സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും ഉറപ്പു നല്കിയിരിക്കുന്നു. ഈ അവകാശം "ഒരുവന്റെ മതം അഥവാ വിശ്വാസം മാറാനുള്ള സ്വാതന്ത്ര്യവും ഒറ്റയ്ക്കോ മറ്റുള്ളവരോടൊപ്പം സമൂഹത്തിലോ പരസ്യമായി അഥവാ സ്വകാര്യമായി, പ്രബോധനം, അഭ്യസനം, ആരാധന, നിഷ്ഠ എന്നിവയിൽ ഒരുവന്റെ മതമോ വിശ്വാസമോ വെളിപ്പെടുത്താനുള്ള സ്വാതന്ത്ര്യവും ഉറപ്പുതന്നിരിക്കുന്നു. അതുകൊണ്ട് മതസ്വാതന്ത്ര്യം ഉണ്ടായിരിക്കാനുള്ള അവകാശം (the right to religious freedom) ഇന്ത്യയിൽ ഭരണഘടന ഉറപ്പുനല്കിയിട്ടുള്ള മാനുഷ്യാവകാശമാണ്.

ഭരണഘടനാ നിർമ്മാണവേളയിൽ കോൺസ്റ്റിറ്റ്യൂവെന്റ് അസംബ്ലി സ്ഥാപിച്ച ന്യൂനപക്ഷങ്ങൾക്കായുള്ള കമ്മറ്റി ഇങ്ങനെ ശുപാർശ ചെയ്തു; ഇസ്ലാം, ക്രിസ്തുമതം എന്നിവപോലുള്ള മതങ്ങൾ പരിവർത്തനവിശ്വാസങ്ങൾ (proselytising faiths) ആയതിനാൽ അവർക്ക് മതം പ്രചരിപ്പിക്കാനുള്ള അവകാശം ഒരു മൗലികാവകാശമായി ഭരണഘടനയിൽ ഉൾപ്പെടുത്തുന്നത് അഭിലഷണീയമായിരിക്കും.

മതപരിവർത്തനം ചെയ്യിക്കുക (proselytize) എന്ന വാക്കിന്റെ അർത്ഥം ഒരുവനെ ഒരു മതവിശ്വാസത്തിൽ നിന്ന് മറ്റൊന്നിലേക്ക് മാനസാന്തരപ്പെടുത്തുകയെന്നാണ്. കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലി പരിഗണിച്ച ഒന്നാമത്തെ ഡ്രാഫ്റ്റ്, സ്വതന്ത്രമനസ്സോടെയല്ലാത്ത മതംമാറ്റം നിയന്ത്രിക്കാൻ പരിശ്രമിച്ചു. "പൊതുക്രമത്തിനും ധാർമ്മികതയ്ക്കും ചേർന്ന പരിമിതികൾക്കുള്ളിൽ മതപ്രചാരണം നടത്താനും മാനസാന്തരപ്പെടുത്താനുമുള്ള അവകാശം" ഉറപ്പുവരുത്താൻ രണ്ടാമത്തെ ഡ്രാഫ്റ്റ് പരിശ്രമിച്ചു. അവസാനം, മറ്റുള്ളവരെ മാനസാന്തരപ്പെടുത്താനുള്ള അവകാശത്തെപ്പറ്റി സവിശേഷമായി സൂചിപ്പിക്കാതെ 'മതപ്രചാരണം' മതസ്വാതന്ത്ര്യത്തിലുള്ള അവകാശത്തിൽ ഉൾപ്പെടുത്താൻ കോൺസ്റ്റിറ്റ്യൂവെന്റ് അസംബ്ലി തീരുമാനിക്കുകയാണ് ഉണ്ടായത്.



**മതപ്രചാരണത്തിനുള്ള സ്വാതന്ത്ര്യവും മതപരിവർത്തനവും**

ക്രിസ്തുമതത്തിന്റെ മൗലിക സവിശേഷതകളിലൊന്നാണ് സുവിശേഷപ്രഘോഷണം. മറ്റു മതസ്ഥരെയോ മതമില്ലാത്തവരെയോ ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ തങ്ങളുടെ വിശ്വാസം പ്രചരിപ്പിക്കുകയെന്നത് എല്ലാ ക്രൈസ്തവരുടെയും വിശുദ്ധമായ കടമയാണ്. ക്രൈസ്തവവിശ്വാസത്തിലെ സുവിശേഷ പ്രഘോഷണത്തിനും മതപരിവർത്തനത്തിനും സമാന്തരമായ ഇസ്ലാമിക സമ്പ്രദായവുമുണ്ട്. ഇസ്ലാം മതം പ്രചരിപ്പിക്കുകയും അത് സ്വീകരിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുകയെന്നത് ഇസ്ലാം മതവിശ്വാസികളുടെ വിശുദ്ധ കടമയാണ്.

മധ്യപ്രദേശ് സ്റ്റേറ്റിനും മറ്റുള്ളവർക്കുമെതിരായി റവ. സ്റ്റനിസ്ലാവൂസ് കൊടുത്ത കേസിൽ (1977 (1) SCC 677) സുപ്രീം കോടതി ഒരുവന്റെ മതം പ്രചരിപ്പിക്കാനുള്ള അവകാശത്തിന്റെ വ്യാപ്തിയും ലക്ഷ്യവും വിശദീകരിച്ചു. മധ്യപ്രദേശ് ഫ്രീഡം ഓഫ് റിലീജിയൻ ആക്ട് (ധർമ്മ സ്വാതന്ത്ര അധീനിയം) 1968, ഒറീസയിലെ ഫ്രീഡം ഓഫ് റിലീജിയൻ ആക്ട് 1967 എന്നിവയിലെ ചില വ്യവസ്ഥകൾക്കു ഭരണഘടനാ പരമായ സാധുതയുണ്ടോയെന്ന് പരിശോധിക്കുകയായിരുന്നു സുപ്രീംകോടതി. ബലപ്രയോഗം, വഞ്ചന, വശീകരണം, പ്രേരണ (force, fraud, enticement, inducement) എന്നിവ വഴിയുള്ള മത പരിവർത്തനത്തെ എതിർവാദപരമായ മേല്പറഞ്ഞ ആക്ടുകളിലെ ചില വ്യവസ്ഥകൾ നിരോധിച്ചിരുന്നു. സുപ്രീംകോടതി ആ നിരോധനത്തെ ഉയർത്തിപ്പിടിച്ചു. മതം പ്രചരിപ്പിക്കാനുള്ള അവകാശത്തിൽ ഒരുവന് ഒരു വ്യക്തിയെ സ്വന്തം മതത്തിലേക്ക് മാനസാന്തരപ്പെടുത്താനുള്ള അവകാശം കൂടി ഉണ്ടെന്ന വാദം സുപ്രീം കോടതി തള്ളിക്കളയുകയും ചെയ്തു.

**മതപരിവർത്തനവും മനസ്സാക്ഷി സ്വാതന്ത്ര്യവും**

ഇവിടെ ഒരു വസ്തുത ശ്രദ്ധിക്കേണ്ടതുണ്ട്. സുപ്രീം കോടതി എതിർക്കത്തക്കതായി കരുതുന്നത് മാനസാന്തരത്തെയല്ല. ബലപ്രയോഗം, വഞ്ചന, വശീകരണം, പ്രേരണ എന്നിവ മൂലമുള്ള മാനസാന്തരത്തെയാണ്. അത്തരം എതിർക്കത്തക്ക മതപരിവർത്തനത്തെ സംബന്ധിച്ച നിരോധനം മാത്രമേ സുപ്രീം കോടതി ഉയർത്തിപ്പിടിച്ചിട്ടുള്ളൂ. മാനസാന്തരത്തിനു

വിധേയനാകാൻ ഒരു വ്യക്തിക്ക് അവകാശമില്ലെന്ന് സുപ്രീം കോടതി പറഞ്ഞിട്ടില്ല. ഒരു മതത്തിൽ നിന്ന് മറ്റൊന്നിലേക്കുള്ള മാറ്റം രണ്ടു വ്യക്തികൾക്കുള്ള മൗലികാവകാശം നിയമാനുസൃതം പ്രയോഗിക്കുന്നതിന്റെ ഫലമായിട്ടു സംഭവിക്കാം - ഒരു വ്യക്തിക്കു തന്റെ മതം പ്രചരിപ്പിക്കാനുള്ള മൗലികാവകാശവും മറ്റേ വ്യക്തിക്ക് മനസ്സാക്ഷി സ്വാതന്ത്ര്യവും തനിക്ക് ഇഷ്ടപ്പെട്ട മതത്തിൽ വിശ്വസിക്കാനും അത് അഭ്യസിക്കാനുമുള്ള അവകാശവും. യഥാർത്ഥവും ആത്മാർത്ഥവുമായ മതപരിവർത്തനത്തിൽ ഒരുവൻ മറ്റൊരുത്തന്റെ മതത്തെ ബലം പ്രയോഗിച്ചു മാറ്റുന്നില്ല. അങ്ങനെ സ്വന്തം മതത്തിലേക്കു ചേർക്കുന്നില്ല. പിന്നെയോ ഹൃദയപരിവർത്തനത്തിനു വിധേയനായി സ്വാതന്ത്ര്യത്തോടെ തന്റെ മതത്തിൽ നിന്നു മാറുകയും ബോധ്യവും മനസ്സാക്ഷിയുമനുസരിച്ച് പുതിയ മതം സ്വീകരിക്കുകയുമാണു ചെയ്യുന്നത്. ഹൃദയപരിവർത്തനത്തിന്റെ പ്രചോദനം അഥവാ കാരണം ആദ്യത്തെ വ്യക്തി മതം പ്രചരിപ്പിക്കാനുള്ള തന്റെ അവകാശം പ്രയോഗിക്കുന്നതായിരിക്കാം. അത്തരം മതപ്രചരണം വാക്കുകൾ വഴിയോ എഴുത്തുകൾ വഴിയോ പരസ്നേഹത്തിന്റെയോ സേവനത്തിന്റെയോ പ്രവൃത്തികൾ വഴിയോ ആയിരിക്കാം. മതപരിവർത്തനമെന്നത് ഒരു വ്യക്തി മറ്റൊരു വ്യക്തിയുടെ മതം മാറ്റുന്ന പ്രവൃത്തിയല്ലെങ്കിൽ, ഒരുവൻ മനംമാറ്റത്തിനു വിധേയനാവുകയും സ്വമനസ്സാ മറ്റൊരു മതം സ്വീകരിക്കുകയും ചെയ്യുന്നതാണെങ്കിൽ, അത് ഭാരതത്തിന്റെ ഭരണഘടനയിൽ സങ്കല്പിച്ചിട്ടുള്ള മതനിരപേക്ഷതയുടെ ചൈതന്യമെന്ന സങ്കല്പത്തിന് എതിരല്ല. അത്തരം മതപരിവർത്തനങ്ങൾ ഒരു നിയമത്താലും നിരോധിക്കപ്പെടാൻ ആവുകയില്ല.

മതം പ്രചരിപ്പിക്കാൻ ഒരു വ്യക്തിക്കുള്ള അവകാശം മറ്റൊരാളെ തന്റെ മതത്തിലേക്ക് പരിവർത്തനം ചെയ്യിക്കാനുള്ള ഒരു മൗലികാവകാശവും ഉൾക്കൊള്ളുന്നില്ല. എന്നാൽ ഒരുവന്റെ മതപ്രചാരണത്തിന്റെ ഫലമായോ അനന്തരഫലമായോ മറ്റൊരാൾ ഹൃദയപരിവർത്തനത്തിനു വിധേയനാവുകയും തത്ഫലമായി മതപ്രചാരകന്റെ മതം സ്വീകരിക്കുകയും ചെയ്യരുതെന്ന് ഇതിന് അർത്ഥമില്ല. അത്തരം സംഭവത്തിൽ മതം പ്രചരിപ്പിച്ച വ്യക്തിയോ മതം മാറിയ വ്യക്തിയോ മതപരിവർത്തനത്തോടു ബന്ധപ്പെടുത്തി



ഏതെങ്കിലും മതകർമ്മം അനുഷ്ഠിക്കുന്ന വ്യക്തിയോ ഒരു കുറ്റവും ചെയ്യുന്നില്ല, എതിർക്കത്തക്ക ഒരു പെരുമാറ്റത്തിൽ ഉൾപ്പെടുന്നുമില്ല. ചുരുക്കത്തിൽ, മതപരിവർത്തനത്തിന് വിധേയനാകാനും പുതിയ മതം സ്വീകരിക്കാനും ഒരു വ്യക്തിക്കുള്ള അവകാശം അയാളുടെ മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെയും തനിക്ക് ഇഷ്ടപ്പെട്ട ഏതെങ്കിലും മതം ഏറ്റു പറയാനും അഭ്യസിക്കാനുമുള്ള മൗലികാവകാശത്തിന്റെയും ഭാഗമാണ്. റവ. സ്റ്റനിസ്ലാവൂസിന്റെ കേസിൽ സുപ്രീംകോടതി നടത്തിയ വിധിത്തീർപ്പിനെ വ്യാഖ്യാനിച്ചുകൊണ്ട് ഭരണഘടനാവിദഗ്ധനായ ശ്രീ. എച്ച്.എം. സീർവായി ഇങ്ങനെ നിരീക്ഷിച്ചു:

''ഒരു മതത്തിൽ സ്വതന്ത്രമായി വിശ്വസിക്കാനും അത് അഭ്യസിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം '' എന്ന പ്രയോഗത്തിലെ ''മതം''എന്ന വാക്കിന്റെ അർത്ഥം ഏതു മതവും എന്നാണ്. പ്രചരിപ്പിക്കപ്പെടുന്ന അനേകം മതങ്ങളിൽ ഏതെങ്കിലും ഒന്നു തിരഞ്ഞെടുക്കാനോ തിരഞ്ഞെടുക്കാതിരിക്കാനോ ഉള്ള മനസ്സാക്ഷി സ്വാതന്ത്ര്യം ഒരു വ്യക്തിക്കുണ്ട്. സ്വീകരിക്കപ്പെടണമെന്ന ലക്ഷ്യത്തോടെ പ്രചരിപ്പിക്കപ്പെടുന്ന ഏതെങ്കിലും മതം തിരഞ്ഞെടുക്കാൻ തീരുമാനിക്കുമ്പോൾ, ആ മതത്തിലെ അംഗമായിരിക്കാൻ അത്യാവശ്യമായ കാര്യങ്ങൾ ചെയ്യാൻ തയ്യാറാകുമ്പോൾ, ആ മതത്തിലേക്ക് പരിവർത്തിതനാകാൻ അയാൾക്കു സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ട് മതപരിവർത്തനം ഒരുവിധത്തിലും മനസ്സാക്ഷി സ്വാതന്ത്ര്യത്തെ തടയുന്നില്ല. പിന്നെയോ അതിനെ സാക്ഷാത്കരിക്കുകയും അതിന് അർത്ഥം നല്കുകയുമാണു ചെയ്യുന്നത്. ആർട്ടിക്കിൾ 25 (1) ലെ നിയമനിർമ്മാണ ചരിത്രം, അതിൽ ''പ്രചരിപ്പിക്കൽ'' എന്ന വാക്കിന്റെ ഉൾപ്പെടുത്തൽ എന്നിവയ്ക്ക് ചേർന്നതാണ് മുകളിൽ പറഞ്ഞ വീക്ഷണമെന്നു കരുതപ്പെടുന്നു. പല മതങ്ങളും മത കടമയെന്ന നിലയിൽ പരിവർത്തനം നടത്തുന്ന മതങ്ങളാണെന്ന പൊതുജ്ഞാനത്തോട് ആ വീക്ഷണം ഒത്തുപോകുന്നു. ''പ്രചരിപ്പിക്കുക,'' ''മാനസാന്തരപ്പെടുത്തുക'', ''മാനസാന്തരം,'' മനസ്സാക്ഷി സ്വാതന്ത്ര്യം എന്നീ വാക്കുകളുടെ അർത്ഥവുമായും അത് ഒത്തുപോകുന്നു. ''മതം സ്വതന്ത്രമായി ഏറ്റുപറയാനും അത് അഭ്യസിക്കാനുമുള്ള സ്വാതന്ത്ര്യ''മെന്നതുമായും അത് ഒത്തുപോകുന്നു.

മുകളിൽ വിവരിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ വേണം, അടുത്തകാലത്ത് ചില ഹൈന്ദവസംഘടനകൾ സംഘടിപ്പിക്കുന്ന "സമൂഹപുനർമതപരിവർത്തന"ത്തെ പരിഗണിക്കാൻ. ഒരു ഹിന്ദുവിനോ മുസ്ലീമിനോ മാനസാന്തരപ്പെട്ട് ഒരു ക്രിസ്ത്യാനിയാകാൻ അവകാശമുണ്ടെങ്കിൽ ഒരു ക്രൈസ്തവന് മാനസാന്തരപ്പെട്ട് ഒരു ഹിന്ദുവോ മുസ്ലീമോ ആകാൻ അതുപോലെതന്നെ അവകാശമുണ്ടെന്നു സമ്മതിക്കണം. ഭരണഘടന അംഗീകരിച്ചിട്ടുള്ള ഈ അവകാശം ഒരു വ്യക്തിക്ക് മനസ്സാക്ഷിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും ഉപയോഗിച്ച് സ്വമനസ്സാലെ തന്റെ മതത്തിൽ നിന്നു മാറി പുതിയ ഒരു മതം സ്വീകരിക്കാനുള്ള അവകാശമാണ്. പക്ഷേ, അത്തരം മതപരിവർത്തനം ബലപ്രയോഗമോ വഞ്ചനയോ വശീകരണമോ പ്രേരണയോ (force, fraud, enticement, inducement) കൊണ്ട് സംഭവിക്കുന്നതായിരിക്കരുത്. അതുകൊണ്ട് ബലപ്രയോഗമോ വഞ്ചനയോ വശീകരണമോ പ്രേരണയോ മൂലമല്ലാതെ ഹിന്ദുമതത്തിലേക്ക് മതപരിവർത്തനം നടത്തുന്നതിനോട് ഒരു എതിർപ്പും ഉണ്ടാകേണ്ടതില്ല. ബലപ്രയോഗമോ വഞ്ചനയോ വശീകരണമോ പ്രേരണയോ ഉണ്ടാകുന്നില്ലെങ്കിൽ അത്തരം മതപരിവർത്തനം കൂട്ടമായോ ഒരു പൊതുസ്ഥലത്തോ നടത്തുന്നതിനും എതിർപ്പുണ്ടാകേണ്ടതില്ല. എതിർപ്പുണ്ടാകേണ്ടത് മാനസാന്തരത്തോടല്ല. ബലപ്രയോഗം, വഞ്ചന, വശീകരണം, പ്രേരണ എന്നിവകൊണ്ടു നടത്തുന്ന മതപരിവർത്തനത്തോടാണ്. ഒരു വ്യക്തിയോ അയാളുടെ മാതാപിതാക്കളോ പൂർവികരോ ഹിന്ദുക്കളായിരുന്നുവെന്നത് ബലപ്രയോഗം, വഞ്ചന, വശീകരണം അല്ലെങ്കിൽ പ്രേരണ എന്നിവകൊണ്ടു നടത്തുന്ന ഏതു മതപരിവർത്തനത്തെയും അഥവാ ഏതു പുനർമതപരിവർത്തനത്തെയും നീതീകരിക്കുകയില്ല. ഒന്നാമത്തെ മതപരിവർത്തനമായാലും രണ്ടാമത്തെ മതപരിവർത്തനമായാലും തനിമയും സാധുതയും നിശ്ചയിക്കാനുള്ള മാനദണ്ഡം ഒന്നു തന്നെ. കൂടാതെ, ഹിന്ദുമതത്തിലല്ലാതെ മറ്റൊരു മതത്തിൽ ജനിച്ച വ്യക്തി ഹിന്ദു മതത്തിലേക്ക് മാനസാന്തരപ്പെടുമ്പോൾ അതു മതപരിവർത്തനം മാത്രമാണ്, പുനർമതപരിവർത്തനമല്ല. അതുകൊണ്ട് ഒരു വ്യക്തിയുടെ മുൻകാല മതത്തെയോ അയാളുടെ



പൂർവികരുടെ മതത്തെയോ അടിസ്ഥാ നപ്പെടുത്തിയുള്ള വാദം യോഗ്യതയില്ലാത്തതാണ്. ഇത് ഭരണഘടനാ പരമായി നിലനില്ക്കത്തക്കതല്ല. മനസ്സാക്ഷി സ്വാതന്ത്ര്യം ഇന്ന് ജീവിച്ചിരിക്കുന്നവർക്കുള്ളതാണ്; പരേതാ ത്മാക്കൾക്കുള്ളതല്ല.

**ഘർ വാപസിയുടെ രാഷ്ട്രീയം**

ബി.ജെ.പി. യിലെ തീവ്രഹിന്ദുത്വ നിലപാടുകളുള്ളവർ നേതൃത്വം നല്കുന്ന 'ഘർ വാപസി ' (ആദിമ മതത്തിലേക്കുള്ള തിരിച്ചുപോക്ക്) പ്രസ്ഥാനത്തിന്റെയും ന്യൂനപക്ഷവിരുദ്ധ നിലപാടുകളുടെയും രാഷ്ട്രീയം ശരിയായി വ്യാഖ്യാനിക്കാൻ ഭരണഘടനാപരമായ യാഥാർത്ഥ്യങ്ങളുടെ അർത്ഥം ശരിയായി ഗ്രഹിക്കുക സുപ്രധാന കാര്യമാണ്. ഇന്നത്തെ സാഹചര്യത്തിൽ ഹിന്ദു മതത്തിലേക്കുള്ള പരിവർത്തനത്തെയോ പുനർമത പരിവർത്തനത്തെയോ എതിർക്കുകയെന്നതു ഗൗരവപൂർണമായ അപകട സാധ്യതയുള്ള കാര്യമാണ്. അത്തരം മതപരിവർത്തനത്തിന്റെ പിന്നിലുള്ള ബലപ്രയോഗം, വഞ്ചന, വശീകരണം, പ്രേരണ എന്നിവയ്ക്കെതിരേ മാത്രമേ എതിർപ്പ് പ്രകടിപ്പിക്കാവൂ. "ഘർ വാപസി" (ആദിമ മതത്തിലേക്കുള്ള തിരിച്ചുപോക്ക്) എന്ന പ്രയോഗത്തിന്റെ പൊള്ളത്തരം തുറന്നുകാട്ടാൻ മടിക്കേണ്ടതില്ല. ദളിതരും ഗോത്രവർഗക്കാരും ചതുർവർണ്യത്തിന് പുറത്തു കഴിഞ്ഞിരുന്നവരുമായ അവർണർക്ക് കയറിച്ചെല്ലാവുന്ന വീടും, വീടു നല്കുന്ന സുരക്ഷിതത്വവും മനുഷ്യബന്ധങ്ങൾ നല്കുന്ന ഊഷ്മളതയും ഹിന്ദുസമൂഹ ഘടനയ്ക്കുണ്ടായിരുന്നോ? എന്തായിരുന്നു അവർണരുടെ ആദിമ മതം? "വീട്ടിലേക്കുള്ള മടക്കം"എന്നത് ഈയർത്ഥത്തിൽ ഫ്രോഡ് (fraud) ആണ്. എന്നാൽ ഹിന്ദുവോ മുസ്ലീമോ ക്രിസ്ത്യാനിയോ ആയ ഏതു വ്യക്തിക്കും "മതപരിവർത്തനത്തിനുള്ള അവകാശം" ഉൾക്കൊള്ളുന്ന മനസ്സാക്ഷി സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും ആസ്വദിക്കാനുള്ള മൗലികാവകാശമുണ്ടെന്നത് ഇനിയും നാം ഉറപ്പിച്ചു പറഞ്ഞുകൊണ്ടിരിക്കണം. കാരണം 'ഘർ വാപസി'യുടെ യഥാർത്ഥലക്ഷ്യം ഇന്ത്യയിൽ മതപരിവർത്തന നിരോധനനിയമം കൊണ്ടുവരാൻ ഈ സാഹചര്യത്തെ ചൂഷണം ചെയ്യുക എന്നതാണ്. ബലപ്രയോഗം,

വഞ്ചന, വശീകരണം, പ്രേരണ എന്നിവ വഴിയുള്ള മതപരിവർത്തനം മാത്രമേ നിയമം വഴി നിരോധിക്കാൻ കഴിയുകയുള്ളുവെങ്കിലും, മധ്യപ്രദേശിലും ഒറീസ്സയിലും സംഭവിച്ചതുപോലെ, ക്രൈസ്തവ മിഷണറിമാർക്കെതിരേ ഈ നിയമം ദുരുപയോഗപ്പെടുത്തും. അത് ഇന്ത്യൻ സമൂഹം മുമ്പു കണ്ടിട്ടില്ലാത്ത ഭരണകൂട ഭീകരതയ്ക്ക് വഴി തെളിച്ചേക്കാം.

ഹിന്ദുമതത്തിൽ നിന്ന് ഇസ്ലാം മതത്തിലേക്കോ ക്രിസ്തുമതത്തിലേക്കോ മാനസാന്തരപ്പെട്ടതിന്റെ അനന്തരഫലമായി പട്ടികവർഗത്തിൽപ്പെട്ടവർക്ക് റിസർവേഷനും അതുപോലുള്ള ആനുകൂല്യങ്ങളും ലഭിക്കാനുള്ള അവകാശം നിഷേധിക്കുന്നു. അവർ ഹിന്ദുമതത്തിലേക്ക് പുനർമതപരിവർത്തനം നടത്തിക്കഴിയുമ്പോൾ അവയെല്ലാം വീണ്ടും നല്കുന്നു. ഇതു വശീകരണത്തിനും പ്രേരണയ്ക്കും തുല്യമാണ്. ഇഷ്ടമുള്ള മതം സ്വീകരിക്കുന്നതിനെതിരെ അവരെ ഞെരുക്കുന്നു. അവരെ ഹിന്ദുമതം സ്വീകരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇതിൽ മതപരമായ വിവേചനവും ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കാനുള്ള സമർദ്ദവുമുണ്ട്. രാഷ്ട്രീയ സ്വാധീനവും അധികാരവുമുപയോഗിച്ച് സമ്മർദ്ദത്തിലാക്കിയും, പ്രത്യേക ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്ത് പ്രലോഭിപ്പിച്ചും മതംമാറ്റത്തിനു പ്രേരിപ്പിക്കുന്നത് ഭരണഘടനാ വിരുദ്ധവും മനുഷ്യാവകാശങ്ങളുടെ ലംഘനവുമാണ്. മറ്റു മതങ്ങളെയും മതവിശ്വാസികളെയും നിന്ദിക്കുന്നതും ഭീഷണിപ്പെടുത്തുന്നതും നിയമവിരുദ്ധമാണ്. കൂടാതെ, അവനവന്റെ മതം പ്രചരിപ്പിക്കാനല്ലാതെ, മറ്റുള്ളവരുടെ മതത്തിനും വിശ്വാസങ്ങൾക്കുമെതിരേ പ്രചരണം നടത്തുന്നത് ഭരണഘടന അനുശാസിക്കുന്ന മതസ്വാതന്ത്ര്യത്തിന് നിരക്കുന്നതല്ല.

**ഉപസംഹാരം**

'ഘർ വാപസി' എന്ന ആദിമ മതത്തിലേക്കുള്ള പുനഃമതപരിവർത്തന ആഹ്വാനം തികച്ചും മതപരമായ ഒന്നല്ല എന്ന് ഇപ്പോൾ വ്യക്തമാകുന്നു. സമൂഹത്തിൽ മതസ്പർദ്ധ വളർത്തി വർഗീയ ധ്രുവീകരണം സൃഷ്ടിച്ച് അതിനെ രാഷ്ട്രീയമായി മുതലെടുക്കാമെന്ന രാഷ്ട്രീയ അജണ്ടയാണ് 'ഘർ വാപസി'ക്കു പിന്നിലുള്ളത്. ഹിന്ദുവോട്ടുകളുടെ ഏകീകരണവും അതുവഴി സവർണമേധാവിത്വത്തിന്റെ പുനഃസ്ഥാപനവും ഉറപ്പുവരുത്തണമെങ്കിൽ ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന ദളിതരുടെയും ഗോത്രവർഗങ്ങളുടെയും പിന്തുണയും സഹകരണവും കിട്ടിയേ മതിയാകൂ. ഇന്ത്യയിലെ ചില രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ നടക്കുന്ന ദളിതരുടെ രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് തടയിടാനും, ദളിതന് 'ഹിന്ദുത്വ' പരിവേഷം ചാർത്തിക്കൊടുക്കേണ്ടത് ആവശ്യമാണ്. ദളിതർക്കും ഗോത്രവർഗക്കാർക്കും പാർശ്വവത്ക്കരിക്കപ്പെട്ട മറ്റു ജനവിഭാഗങ്ങൾക്കും അവർ 'കീഴാള' രല്ല; മനുഷ്യരെന്ന നിലയിൽ സമന്മാരും ദൈവത്തിന്റെ മക്കളുമാണെന്ന ബോധം പകരുന്ന ക്രിസ്ത്യൻ മിഷനറിമാരോടുള്ള വിദ്വേഷത്തിനു മുഖ്യകാരണവും മറ്റൊന്നല്ല. 'ഘർ വാപസി' യുടെ രാഷ്ട്രീയം ഏതൊരാൾക്കും മനസ്സിലാക്കാവുന്നത്ര വ്യക്തമാണ്.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./ ഡയറക്ടർ, പി.ഒ.സി.

NB: ചർച്ചയിൽ പങ്കെടുത്ത മറ്റു പ്രധാനപ്പെട്ട വ്യക്തികളുടെ വാദഗതികൾ ചുവടെ ചേർക്കുന്നു:

**ഡോ. കെ.എസ്. രാധാകൃഷ്ണൻ**

പ്രധാന പ്രബന്ധാവതരണത്തിനും ചർച്ചയ്ക്കും ശേഷം സംസാരിച്ച ഡോ. കെ.എസ്. രാധാകൃഷ്ണൻ മതപരിവർത്തനം അയുക്തികമാണ് എന്നു വാദിച്ചു. ഏതു മനുഷ്യനും നന്നാകാനുള്ള വ്യവസ്ഥ എല്ലാ മതത്തിലുമുണ്ട്. ക്രിസ്ത്യാനി നല്ല ക്രിസ്ത്യാനിയും ഹിന്ദു നല്ലഹിന്ദുവും മുസ്ലീം നല്ല മുസ്ലീമും ആകുകയാണ് വേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഒരു മതത്തിന്റെ നന്മ കണ്ടെത്താൻ കഴിയാത്തവൻ മറ്റൊരു മതത്തിൽ പോയാലും നന്മ കണ്ടെത്തുമെന്നു പറയാൻ കഴിയില്ല. ഇന്ത്യയിൽ മതം മാറുന്നവർക്കും ജാതിഘടനയിൽ മാറ്റം വരുത്താൻ താല്പര്യമില്ല. ദളിതൻ, മതം മാറിയാലും അവന്റെ ജാതിമാറ്റപ്പെടുന്നില്ല എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ജാതിഭേദത്തിന്റെ അടിത്തറയിലാണ് മതംമാറ്റവിഷയം ചർച്ച ചെയ്യപ്പെടേണ്ടത്.

തുടർന്നു നടന്ന പാനൽ ചർച്ചകൾക്ക് ഡോ. സെബാസ്റ്റ്യൻ പോൾ, ബി.ജെ.പി. സംസ്ഥാന സെക്രട്ടറി
ശ്രീ. ബി. രാധാകൃഷ്ണമേനോൻ, അഡ്വ. മായിൻകുട്ടി മേത്തർ എന്നിവർ നേതൃത്വം നല്കി.

**ഡോ. സെബാസ്റ്റ്യൻ പോൾ**

മതനിരപേക്ഷ ജനാധിപത്യം (secular democracy) സംരക്ഷിക്കേണ്ടവർ ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെ മാത്രം വക്താക്കളും പ്രചാരകരുമാകുന്നത് ഭാരതത്തിന്റെ ഭാവിയ്ക്കു നന്നല്ല എന്നദ്ദേഹം പറഞ്ഞു. മതം മാറ്റത്തിന് ശുദ്ധികർമ്മം നടത്തുന്നവർ ആത്മീയശുദ്ധിക്കു വേണ്ടിയല്ല, ആനുകൂല്യങ്ങൾക്കു വേണ്ടിയാണ് അതിനു തയ്യാറാകുന്നത് എന്നു വരുന്നത് ഒരു മതത്തിന്റെയും മേന്മയല്ല കാണിക്കുന്നത്. 'ഘർ വാപസി' - ഏതു വീട്ടിലേക്കാണ് മടങ്ങേണ്ടത്? ഡോ. ബി.ആർ. അംബേദ്കർ ബുദ്ധമതം സ്വീകരിച്ചത് ബുദ്ധമതത്തിന്റെ മേന്മകൊണ്ടു മാത്രമായിരുന്നില്ല; ഹിന്ദുമതത്തിലെ ഉച്ചനീചത്വങ്ങളോടുള്ള പ്രതിഷേധം മൂലവുമാണെന്നത് മറക്കാമോ? മാതാ അമൃതാനന്ദമയിയെപ്പോലുള്ളവർക്ക് ലോകത്തിലെവിടെയും പോയി മതപ്രസംഗം നടത്തുകയും അനുയായികളെ ചേർക്കുകയും ചെയ്യാമെങ്കിൽ, വിദേശത്തു നിന്നൊരാൾ വന്ന് പെരുന്നാളിലോ, കൺവെൻഷനിലോ പ്രസംഗിക്കുന്നതിൽ എന്താണിത്ര അസഹിഷ്ണുത? അമേരിക്കയിൽ മത പരിവർത്തനമാകാം, ഇന്ത്യയിൽ പാടില്ല; ഹിന്ദുമതത്തിലേക്കാകാം, ക്രിസ്തു മതത്തിലേക്കോ, ഇസ്ലാം മതത്തിലേക്കോ പാടില്ല എന്ന സമീപനം തെറ്റാണ്. ഒരാൾ മതം മാറുന്നതിന് ജില്ലാ ജഡ്ജിയുടെ അനുമതി വേണമെന്ന മധ്യപ്രദേശ് സർക്കാരിന്റെ ഉപാധി വ്യക്തി സ്വാതന്ത്ര്യത്തിന് എതിരാണ്, പരിഹാസ്യവുമാണ്. യഥാർത്ഥത്തിൽ, മതം ഉൾപ്പെടെ എല്ലാം മാറ്റത്തിനു വിധേയമാകണം. നിരന്തരമായ നവീകരണവും നന്മയിലേക്കുള്ള മാറ്റവുമാണാവശ്യം.

**ശ്രീ. ബി. രാധാകൃഷ്ണ മേനോൻ**

മതപരിവർത്തനവിഷയം ചർച്ച ചെയ്യപ്പെടേണ്ടതു തന്നെ യാണ്. ഘർവാപസി ബി.ജെ.പി. ഗവർമെന്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമല്ല. മതപരിവർത്തനത്തിനുള്ള അവകാശത്തിന് ആരും എതിരല്ല.



മതം തിരഞ്ഞെടുക്കാനും തിരഞ്ഞെടുത്തത് മാറി മറ്റൊന്ന് സ്വീകരിക്കാനും പൗരന് അവകാശമുണ്ട്. മതപരിവർത്തനത്തിനും പുനർമതപരിവർത്തനത്തിനും അവകാശമുണ്ട്. മുപ്പത്തിമുക്കോടി ദൈവങ്ങളുള്ള ഹിന്ദുമതത്തിൽ ഒന്നോ രണ്ടോ മൂന്നോ ദൈവങ്ങൾ കൂടി ഉണ്ടാകുന്നതിൽ ഹിന്ദുക്കൾക്ക് ആശങ്കയില്ല. എന്നാൽ, ഇവിടെ ജീവിക്കുന്നവർ ഭാരതത്തിന്റെ സാംസ്കാരിക പൈതൃകത്തിൽ പങ്കുകൊണ്ട് അതിന്റെ ഭാഗമാകണം. ന്യൂനപക്ഷങ്ങൾക്ക് ആശങ്കയുണ്ടാക്കുന്ന വിഷയങ്ങൾ പാർട്ടിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ പെടുത്തുന്നതാണ്.

**അഡ്വ. മായിൻകുട്ടി മേത്തർ**

അധികാരത്തിന്റെ തണലിലും രാഷ്ട്രീയ സ്വാധീനത്തിന്റെ അഹങ്കാരത്തിലുമാണ് 'ഘർ വാപസി' നടക്കുന്നത്. ഭൗതിക താത്പര്യങ്ങൾക്കായി ഇസ്ലാമായവർ തിരിച്ചുപോകട്ടെ. സത്യമായും ഇസ്ലാമായവർ എവിടെ പോയാലും ഇസ്ലാമായിരിക്കും. നിങ്ങളുടെ വിശ്വാസത്തിലേക്ക് മറ്റുള്ളവരെ ക്ഷണിക്കാം; ഭയപ്പെടുത്തിയല്ല, നിങ്ങളുടെ വിശ്വാസജീവിതത്തിലൂടെ വേണം അങ്ങനെ ചെയ്യാൻ. പ്രലോഭിപ്പിച്ച് മതം മാറ്റുന്നത് ഭരണഘടനാവിരുദ്ധമാണ്. പ്രലോഭനങ്ങൾക്കുമപ്പുറം പ്രകോപനങ്ങളിലേക്കു കടന്നാണ് 'ഘർ വാപസി' നടത്തുന്നത്. എല്ലാവരെയും ഒരു മതത്തിന്റെ കുടക്കീഴിൽ കൊണ്ടുവരാനുള്ള ശ്രമം നടത്തുന്നവർ, എല്ലാവർക്കും തുല്യതാ ബോധത്തോടെ നില്ക്കാവുന്ന ആ 'കുട' ഏതാണെന്നുകൂടി വ്യക്ത മാക്കിയാൽ കൊള്ളാം. ഘർ വാപസി ഭാരതീയ ജനതാപാർട്ടിയോ അത് നേതൃത്വം കൊടുക്കുന്ന സർക്കാരോ പിന്തുണയ്ക്കുന്നില്ലെങ്കിൽ, പാർട്ടിയും സർക്കാരും അതിനെ തള്ളിപ്പറയുമോ? വർഗീയ ധ്രുവീകരണം (communal polarization) സൃഷ്ടിച്ച് അതിൽനിന്ന് രാഷ്ട്രീയ മുതലെടുപ്പു നടത്താൻ ശ്രമിക്കുന്നത് അത്യന്തം അപകടകരമാണ്. ബഹുസ്വരതയുടെ പാരമ്പര്യമാണ് ഭാരതമെങ്കിൽ അത് സംരക്ഷിക്കാൻ ഏവർക്കും കടമയുണ്ട്.

Pl. No. 83

## നോമ്പുകാലം

ഈശോയിൽ പ്രിയ സഹോദരീ, സഹോദരൻമാരേ,

ഈശോയുടെ പരസ്യജീവിതസമാപ്തി രക്ഷാകരകർമ്മങ്ങളുടെ പ്രത്യേകിച്ച് പെസഹാ രഹസ്യങ്ങളുടെ പൂർണ്ണതയിലാണല്ലോ. നമ്മുടെ കർത്താവിന്റെ പീഢാസഹനവും മരണവും ഉത്ഥാനവുമാകുന്ന പെസഹാരഹസ്യങ്ങൾ നാം നോമ്പുകാലത്ത് പ്രത്യേകം അനുസ്മരിക്കുന്നു. മാത്രമല്ല, ദനഹാകാലത്തിനും ഉയിർപ്പുകാലത്തിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കി വച്ചിരിക്കുന്നു. ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് ''വലിയ നോമ്പ്'' അഥവാ ''അമ്പതുനോമ്പ്'' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലഘട്ടത്തിന്റെ അടിസ്ഥാനം. മാർത്തോമ്മാ ക്രിസ്ത്യാനികൾ പേത്തുർത്താ ഞായർ മുതൽ ഉയിർപ്പുതിരുന്നാൾ വരെ പുരാതനകാലം മുതൽ നോമ്പു നോക്കിയിരുന്നു. ''പേത്തുർത്താ'' എന്ന വാക്കിന്റെ അർത്ഥം ''തിരിഞ്ഞുനോക്കൽ'', ''അനുരഞ്ജനം'' എന്നൊക്കെയാണ്. നോമ്പുകാലം അനുതാപത്തിനും അനുരഞ്ജനത്തിനുമായി പ്രത്യകം മാറ്റി വയ്ക്കപ്പെട്ടിരിക്കുന്നു.

നോമ്പുകാലം നമ്മുടെ ശ്രദ്ധ തിരിക്കുന്നത് മനുഷ്യനും ദൈവവുമായും, മനുഷ്യർ തമ്മിൽ തമ്മിലുമുള്ള അനുരഞ്ജനം സാധ്യമാകേണ്ടതിന്റെ ആവശ്യകതയിലേക്കാണ്. അതുകൊണ്ട് സഭാമാതാവ് ഈ നോമ്പുകാലത്ത് അനുരഞ്ജന കൂദാശ സ്വീകരിക്കാൻ നമ്മെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നു. നോമ്പുകാലത്തെ അനുതാപവും മന:പരിവർത്തനവും ദൈവത്തിന്റെ കരുണയിലുള്ള ആശ്രയവും വളരെ പ്രധാനപ്പെട്ട താപസ്സാനുഭവങ്ങളാണ്. ദൈവത്തിന്റെ അനന്തമായ സ്നേഹവും കാരുണ്യവും അനുഭവിച്ചറിയുന്ന ദിനങ്ങളാണ് നോമ്പിന്റേത്. ദൈവമക്കളായ നമ്മൾ ദൈവത്തിൽ നിന്നുമകന്നതിലുള്ള പശ്ചാത്താപമാണ് അനുതപിക്കുവാനും മാനസ്സാന്തരപ്പെടുവാനും നമ്മെ പ്രേരിപ്പിക്കേണ്ടത്.ഈശോയുടെ പീഢാനുഭവം, മരണം, സംസ്കാരം എന്നിവയെപ്പറ്റിയുള്ള ചിന്തകളാണ് നമ്മെ ഈ മനോഭാവം ഉണ്ടാകുന്നതിന് സഹായിക്കുന്നത്.



അതുപോലെ, പ്രലോഭനങ്ങളെ ജയിച്ചടക്കി സ്വജീവിതം ദൈവപിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മൾ നോമ്പുകാലത്ത് നമ്മുടെ ദുരാശകളെ ഉന്മൂലനം ചെയ്യണം. ജഡികാസക്തി, മദ്യാസക്തി, അമിതമായ ഭോജനപ്രിയം എന്നിവയെ കീഴടക്കണം. പ്രാർത്ഥനയും ഉപവാസവും ദാനധർമ്മവും പരിഹാരപ്രവൃത്തികളും ചെയ്ത് ഈശോയുടെ സഹനത്തിൽ പങ്കുചേരണം. ദൈവവചന പാരായണം നമ്മെ കൂടുതൽ പരിവർത്തന വിധേയമായ ജീവിതത്തിനു സഹായിക്കും. നമ്മളിലെ മൂലപാപങ്ങൾ, പാപഹേതുകമായ സാഹചര്യങ്ങൾ എന്നിവയെ നമ്മൾ അതിജീവിക്കണമല്ലോ. മൂലപാപങ്ങളാകുന്ന കല്ലറകളിൽ നിന്നും നമ്മൾ ഉത്ഥാനത്തിന്റെ മഹത്വത്തിലേക്ക് ഉയിർത്തെഴുന്നേൽക്കാൻ നോമ്പുകാലത്തെ പ്രായശ്ചിത്തങ്ങൾ സഹായിക്കട്ടെ.

''പാപത്താൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെയെറിഞ്ഞ് ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കണമെന്ന്'' വി. പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു (എഫേ 4,20). ആന്തരിക നവീകരണത്തിനുള്ള ശക്തിയും കൃപയും സ്വീകരിക്കുവാൻ കുരിശിനേയും ക്രൂശിതനേയും നോക്കി ധ്യാനിക്കണം.

''അത് നമ്മുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു സ്വീകാര്യവുമായ സജീവബലിയായി സമർപ്പിക്കുവാൻ സഹായിക്കും'' (റോമ 12,1). ''ഈശോയോട് അനുരൂപപ്പെടാൻ നോമ്പുകാലത്തെ അനുഷ്ഠാനങ്ങൾ പ്രയോജനപ്പെടുത്തണം'' (റോമ 8, 28-29).

ഈശോയെ അനുകരിച്ച് ദൈവഹിതം നിറവേറ്റിയ ജീവിതമാകണം നമ്മുടേത്. ഏതു സാഹചര്യത്തിലും ദൈവത്തിൽ ആശ്രയിച്ച് ദൈവഹിതം നിറവേറ്റി വിശുദ്ധി പ്രാപിക്കണം. അതിന് ഈശോയുടെ മനോഭാവം നമ്മൾ ഉൾക്കൊള്ളണം (ഫിലി 2, 5; മത്താ 11, 28-29). വിശുദ്ധി പ്രാപിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് ഓർക്കണം. ഓരോരുത്തരും വിശുദ്ധരാകണം എന്ന ചിന്തയിൽ മുന്നേറണം. അതിന് നമ്മുടെ വിശ്വാസത്തെ നമ്മൾ സജീവമാക്കണം. മാനസാന്തരത്തിന്റെ ഫലമാണ് വിശ്വാസത്തിലുള്ള വളർച്ച. ''കർത്താവേ

ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ''യെന്ന് ശിഷ്യന്മാരോടൊപ്പം നമ്മൾ പ്രാർത്ഥിക്കാറുണ്ടല്ലോ.

നോമ്പുകാലം നമ്മെ ലോകാരൂപിയിൽ നിന്നും ദൈവാരൂപിയിലേക്ക് വളർത്തുന്നു. നിങ്ങൾ ഈ ''ലോകത്തിന് അനുരൂപരാകരുത്. പ്രത്യുത നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതമെന്തെന്നും നല്ലതും പ്രീതികരവും പരിപൂർണ്ണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്ക് സാധിക്കും'' (റോമ 12,2) എന്ന അപ്പസ്തോലന്റെ വാക്കുകൾ സ്മരിക്കുവിൻ. നമ്മുടെ കർത്താവ് യോഹന്നാന്റെ സുവിശേഷത്തിൽ ഇതു തന്നെ വ്യക്തമാക്കുന്നു. ''നിങ്ങൾ ലോകത്തിൽ നിന്നും വ്യത്യതസ്തരായിരിക്കുവിൻ'' (യോഹ 17). ലോകാരൂപിയിൽ നിന്നും ദൈവാരൂപിയിലേക്കുള്ള ഒരു മാറ്റം നോമ്പുകാലത്ത് സാധിക്കണം.

ദൈവികതയും ദൈവാരൂപിയും വ്യക്തികളിലും കുടുംബത്തിലും സമൂഹത്തിൽത്തന്നെയും ഇന്നു പൊലിഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്നു. കുടുംബങ്ങളിലെ പ്രാർത്ഥനയും ദൈവവചനപാരായണവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വെറും അനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നല്കുന്നു. ദൈവികത പ്രാപിക്കാത്ത അനുഷ്ഠാനങ്ങളും ആഘോഷങ്ങളുമൊക്കെയായി മനുഷ്യൻ തൃപ്തിപ്പെടുന്നു. നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കാനുള്ള അവസരമാണ് നോമ്പാചരണം. ഈശോയുടെ പീഢാനുഭവചിന്തയും ദൈവവചനധ്യാനവും അതേത്തുടർന്നുണ്ടാകുന്ന മന:പരിവർത്തനവും നമ്മെ ദൈവികതയിലേക്ക് കൊണ്ടുവരട്ടെ. സമൂഹത്തിലും കൂടുംബത്തിലും വ്യക്തികളിലും ഈശോ വസിക്കുകയും തിന്മയുടെ ശക്തികൾ പരാജിതമാവുകയും വേണം. ദൈവസന്നിധിയിൽ ജീവിക്കുക; അബ്രാഹത്തോട് ദൈവം പറയുന്നു, ''നീ എന്റെ മുമ്പിൽ നടന്ന് പരിപൂർണ്ണനാകുക'' (ഉല്പ 17,2). ദൈവസാന്നിദ്ധ്യ സ്മരണ സജീവമാക്കുന്നതും, ദൈവവചനം ഉരുവിട്ട് പ്രാർത്ഥിക്കുന്നതും സാധാരണമാകുമ്പോൾ നോമ്പുകാലം ഫലമണിയും.

നോമ്പുകാലം നമ്മുടെ ജീവിതങ്ങൾ സുകൃത സമ്പന്നമാക്കാൻ സഹായിക്കണം. ആത്മാവിന്റെ ഫലങ്ങൾ നമ്മിൽ സജീവമാകണം. ജഢത്തിന്റെ വ്യാപാരങ്ങൾ നിഹനിച്ച് ആത്മാവിന്റെ



ഫലങ്ങളായ സ്നേഹം, നീതി, ദയ, കാരുണ്യം, ആനന്ദം, സമാധാനം, ക്ഷമ, നന്മ, വിശ്വാസം, സൗമ്യത, ആത്മസംയമനം എന്നിവയാൽ ദൈവമക്കളുടെ ജീവിതം ഫലവത്താകണം. ഈശോയുടെ മനോഭാവമായ എളിമ, ശാന്തത, വിനയം എന്നിവ നമ്മുടെ മനോഭാവമാകണം. തിരുഹൃദയക്കൊന്ത ഭക്തിപുരസ്സരം ജപിച്ച് അനുഗ്രഹം യാചിക്കണം. കുടുംബത്തിൽ അംഗങ്ങൾ തമ്മിൽ ക്ഷമിച്ചും സഹനാവസരങ്ങളെ ശ്ലീഹായുടെ മനോഭാവത്തോടെ സ്വീകരിച്ചും (കൊളോ 1, 24)

കർത്താവിന്റെ സഹനം സഭ ഏറ്റെടുക്കുന്നതിലെ കുറവ് നമ്മൾ പരിഹരിക്കാൻ നോമ്പ് നമ്മെ സഹായിക്കട്ടെ. ''മിശിഹാ എല്ലാറ്റിലും എല്ലാമാകുന്നു. അതിനാൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധരും, വാത്സല്യ ഭാജനങ്ങളുമെന്ന നിലയിൽ കാരുണ്യവും, മനസ്സലിവും, ദയയും, എളിമയും, സൗമ്യതയും, ക്ഷമയും ധരിക്കുവിൻ. അന്യോന്യം സഹിക്കുകയും ക്ഷമിക്കുകയും ചെയ്യുവിൻ'' (കൊളോ 3, 2-14). പരസ്പരം ക്ഷമിക്കുവാനും രമ്യപ്പെടുവാനും നോമ്പുകാലം നിങ്ങളെ സഹായിക്കട്ടെ. എല്ലാവരെയും നമ്മുടെ കർത്താവ് അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും+ പുത്രന്റെയും+ പരിശുദ്ധാത്മാവിന്റെയും+ നാമത്തിൽ ആശീർവദിക്കുന്നു.

എന്ന്

+മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
ഇടുക്കി രൂപതാ മെത്രാൻ

NB: ഈ ഇടയലേഖനം നോമ്പുകാലത്ത് ഒരു ഞായറാഴ്ച പള്ളികളിൽ വായിക്കേണ്ടതാണ്.



## രൂപതക്കച്ചേരി

**C. 22/15 ആണ്ട് തിരട്ട്**

മാർച്ച് 31-ന് സാമ്പത്തികവർഷം അവസാനിക്കുന്നു. ഈ വർഷത്തെ കണക്കുകൾ 2015 മാർച്ച് മാസത്തിൽ പൂർത്തിയാക്കി ഏപ്രിൽ 30-ാം തീയതിക്കകം രൂപതാ കച്ചേരിയിൽ ഏൽപ്പിക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം രൂപതാ കച്ചേരിയിൽ സൂക്ഷിക്കുന്നതിനായി മാമ്മോദീസാ, വിവാഹം, മരണം എന്നീ രജിസ്റ്ററുകളുടെ പകർപ്പുകൾ നിശ്ചിതഫോറത്തിൽ രേഖപ്പെടുത്തി കച്ചേരിയിൽ ഏൽപ്പിക്കുമല്ലോ.

**C. 23/15 വാർഷിക റിപ്പോർട്ട്**

പള്ളി, മഠം, ആശ്രമം, മറ്റുസ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ട് രൂപതാ കച്ചേരിയിൽ ഏൽപ്പിച്ചിട്ടില്ലാത്തവർ എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**C. 24/15 Presbyteral Council**

An ordinary meeting of the Presbyteral Council of the Eparchy of Idukki will be held on 31st March (Tuesday ) 2015 at Bishop's House, Karimpan.

Time: 10.30 am - 4.00 pm

**C. 25/15 Monthly Recollection for Priests**

മാർച്ച് മാസത്തിലെ പഠന വിഷയം: ഇടുക്കി രൂപതാ നിയമാവലി 628-649 നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചു കൂടി വായിക്കുന്നു.

**C. 26/15 വൈദികർക്കായുള്ള സ്റ്റഡി ഫോറം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർക്കായി സ്റ്റഡി ഫോറം 2015 ഏപ്രിൽ 21, 22 തീയതികളിൽ നടത്തപ്പെടുന്നു. ബഹു. വൈദികരെല്ലാവരും സ്റ്റഡി ഫോറത്തിൽ പങ്കെടുക്കേണ്ടതാണ്.



അടിമാലി : ഏപ്രിൽ 21 (ചൊവ്വ)
ഇരട്ടയാർ : ഏപ്രിൽ 22 (ബുധൻ)
സമയം: 10.00 am -4.00 pm

**C. 27/15 വൈദികരുടെ പ്രതിമാസ ജീവനാംശം**

2015 ഫെബ്രുവരി 17-ാം തീയതി രൂപതാ കേന്ദ്രത്തിൽ സമ്മേളിച്ച രൂപതാ ആലോചന സമിതി രൂപതാ വൈദീകരുടെ പ്രതിമാസ ജീവനാംശം പുതുക്കി നിശ്ചയിച്ചു. അതിൻ പ്രകാരം ബഹു. വികാരിമാരുടെ പ്രതിമാസ അലവൻസ് 8,500 രൂപയും, അസ്തേന്തിമാരുടേത് 8,425 രൂപയുമായിരിക്കും. മഠങ്ങളിൽനിന്ന് ഭക്ഷണത്തിനായി പ്രതിമാസം 2,500 രൂപാ നൽകേണ്ടതാണ്. സ്റ്റേഷൻ അലവൻസ് 500 രൂപയായിരിക്കും. ഏപ്രിൽ മാസം മുതൽ പുതിയ നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

**C. 28/15 ദൈവാലയ ശുശ്രൂഷികളുടെയും തൂഷുകാരുടെയും ശമ്പളം**

ദൈവാലയ ശുശ്രൂഷികൾക്ക് നൽകികൊണ്ടിരിക്കുന്ന, ഓരോ സ്ലാബും അനുസരിച്ചുള്ള അടിസ്ഥാന ശമ്പളത്തിന്റെ കൂടെ (**കാണുക: സഹ്യനാദം, സെപ്റ്റംബർ 2012**) 500 രൂപാ കൂടികൂട്ടി നൽകേണ്ടതാണ്. അതുപോലെ, പള്ളിയും പരിസരങ്ങളും വൃത്തിയാക്കുന്നതിന് വിളിക്കുന്ന ജോലിക്കാർക്ക് അവർ ജോലി ചെയ്യുന്ന ദിവസത്തെ കൂലി അതാതു നാട്ടുനടപ്പനുസരിച്ച് നൽകേണ്ടതാണ്.

**C. 29/15 തിരുനാൾ ആശംസകൾ**

റവ. ഫാ. ജോസ് ചെമ്മരപ്പള്ളിൽ
റവ. ഫാ. ജോസ് ചിറ്റടിയിൽ
റവ. ഫാ. ജോസഫ് കൈപ്പൻപ്ലാക്കൽ
റവ. ഫാ. ജോസ് കരിവേലിക്കൽ
റവ. ഫാ. ജോസഫ് കാവുങ്കൽ
റവ. ഫാ. ജോസ് കളപ്പുര
റവ. ഫാ. ജോസഫ് കട്ടക്കയം

റവ. ഫാ. ജോസഫ് കൊച്ചുകുന്നേൽ
റവ. ഫാ. ജോസ് കൊച്ചുപുരയ്ക്കൽ
റവ. ഫാ. ജോസഫ് കൊല്ലക്കൊമ്പിൽ
റവ. ഫാ. ജോസഫ് കുമരകത്തുകാലായിൽ
റവ. ഫാ. ജോസ് കുന്നുംപുറം
റവ. ഫാ. ജോസ് മാറാട്ടിൽ
റവ. ഫാ. ജോസ് നരിതൂക്കിൽ
റവ. ഫാ. ജോസഫ് പാലത്തിങ്കൽ
റവ. ഫാ. ജോസഫ് പാപ്പാടി
റവ. ഫാ. ജോസഫ് പാറയ്ക്കൽ
റവ. ഫാ. ജോസഫ് പാറക്കടവിൽ (Sr)
റവ. ഫാ. ജോസഫ് പാറക്കടവിൽ (Jr)
റവ. ഫാ. ജോസഫ് പൈമ്പള്ളിൽ
റവ. ഫാ. ജോസ് പ്ലാച്ചിക്കൽ
റവ. ഫാ. ജോസഫ് പൂവത്തിങ്കൽ (Sr)
റവ. ഫാ. ജോസഫ് പൂവത്തിങ്കൽ (Jr)
റവ. ഫാ. ജോസഫ് പുൽപ്പറമ്പിൽ
റവ. ഫാ. ജോസഫ് തച്ചുകുന്നേൽ
റവ. ഫാ. ജോസഫ് തേനമ്മാക്കൽ
റവ. ഫാ. ജോസഫ് വാഴയിൽ
റവ. ഫാ. ജോസഫ് വെളിഞ്ഞാലിൽ
റവ. ഫാ. ജോസഫ് മാവേലിക്കുന്നേൽ
റവ. ഫാ. ജോസഫ് പൗവ്വത്ത്
റവ. ഫാ. ജോസഫ് വടകര
റവ. ഫാ. ജോസഫ് മേനംമൂട്ടിൽ
റവ. ഫാ. ജോസഫ് പൊരിമറ്റത്തിൽ
റവ. ഫാ. ജോസഫ് കാരിക്കൂട്ടത്തിൽ
റവ. ഫാ. ജോസഫ് കോയിക്കൽ
റവ. ഫാ. ജോസഫ് നടുപ്പടവിൽ
റവ. ഫാ. ജോസഫ് തൊട്ടിയിൽ
റവ. ഫാ. ജോസഫ് പാലക്കുടിയിൽ
റവ. ഫാ. ജോസഫ് തെങ്ങുംതോട്ടത്തിൽ



റവ. ഫാ. ജോസഫ് ചുനയംമാക്കൽ
റവ. ഫാ. ജോസഫ് തോമസ് കുഴിയംപ്ലാവിൽ

C. 30/15 **നിയമനം**

ഫാ. മാത്യു കുഴികണ്ടത്തിൽ - Vicar in Charge, കോഴിമല
ഫാ. ജോർജ് കൊച്ചുപുരയ്ക്കൽ- Vicar in Charge, തട്ടേക്കണ്ണി
ഫാ. ഫിലിപ്പ് ഐക്കര- Vicar in Charge, ഉപ്പുതോട്

C. 31/15 **രൂപതാ കോടതി**

**വിവാഹം അസാധുവായി പ്രഖ്യാപിച്ചു കിട്ടുന്നതിന് ഇടുക്കി രൂപതക്കോടതിയിൽ സമർപ്പിക്കുന്നതിനുള്ള അപേക്ഷയും, മാതൃകയും, മാർഗ്ഗനിർദ്ദേശങ്ങളും**

ഇടുക്കി രൂപതാ കോടതി മുൻപാകെ ................. (രൂപതയുടെ പേര്) അതിരൂപത/രൂപത .......................... (ഇടവകയുടെ പേരും സ്ഥലവും) ഇടവ കയിലെ ................ (വീട്ടുപേര്) ................ (അപ്പൻ,അമ്മ) മകൻ/മകൾ ..................... (മാമ്മോദീസാപ്പേരും വിളിപ്പേരും) തന്റെ വിവാഹം അസാുവായി പ്രഖ്യാപിച്ചു കിട്ടുന്നതിന് സമർപ്പിക്കുന്ന അക്ഷേ:

ഞാനും .................... (രൂപതയുടെ പേര്) അതിരൂപത/രൂപത ........................... (ഇടവകയുടെ സ്ഥലവും പേരും) ഇടവക ..................... (വീട്ടുപേര്) ...................... (അപ്പൻ, അമ്മ) മകൻ/മകൾ ................. (മാമ്മോദീസപ്പേരും വിളിപ്പേരും) തമ്മിലുള്ള വിവാഹം .........................(തീയതി) -ൽ ........................ (പള്ളിയുടെ സ്ഥലവും പേരും) പള്ളിയിൽ വച്ച് ആശീർവദിക്കപ്പെട്ടു. ഞങ്ങൾ ...................... (ഇത്ര) ദിവസങ്ങൾ/മാസങ്ങൾ/വർഷങ്ങൾ ഒന്നിച്ചു ജീവിച്ചു. ഈ വിവാഹ ബന്ധത്തിൽ ............. (ഇത്ര) കുട്ടികളുണ്ട്/കുട്ടികളുണ്ടായില്ല. ഇപ്പോൾ ...................... (ഇത്ര നാളുകളായി) പിരിഞ്ഞാണ് താമസിക്കുന്നത്. ഈ വിവാഹം അസാധുവാകുന്നതിനുള്ള കാരണം/കാരണങ്ങൾ താഴെ പറയുന്നതാണ്.

**[വിവാഹം അസാധുവായി പ്രഖ്യാപിക്കുന്നതിന് കോടതി പരിഗണിക്കുന്ന കാരണങ്ങൾ താഴെ പറയുന്നവയാണ്:**

**വിവാഹസമ്മത സമയത്ത് തന്റെയോ എതിർകക്ഷിയുടെയോ ബുദ്ധിക്കുറവ്, ഗൗരവമായ പക്വതക്കുറവ്, കബളിപ്പിക്ക**

**പ്പെടൽ, നിർബന്ധിപ്പിക്കപ്പെടൽ, സാഹചര്യങ്ങളുടെ സമ്മർദ്ദം, വിവാഹത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാനുള്ള ഗൗരവമായ കഴിവില്ലായ്മ (മാനസിക രോഗങ്ങൾ മൂലം), ശരിയായ ഉദ്ദേശ്യമില്ലായ്മ, എതിർകക്ഷിയുടെ അംഗീകരിക്കാൻ പറ്റാത്ത ചില സ്വഭാവപ്രത്യേകതകളെപ്പറ്റിയോ മറ്റ് ഗുണവിശേഷങ്ങളെപ്പറ്റിയോ അറിവില്ലായ്മ, വ്യവസ്ഥകൾക്ക് വിധേയമായ വിവാഹസമ്മതം, നിയമം അനുശാസിക്കുന്നവിവാഹ തടസ്സങ്ങൾ, കാനോനികക്രമത്തിലെ പിഴവുകൾ, മുതലായവ.**

**(മേൽപ്പറഞ്ഞ കാര്യങ്ങളിൽ പ്രസക്തമായതും, തെളിയിക്കാൻ സാധിക്കുന്നതും മാത്രം വിവരിക്കുക - ഒരു പേജിൽ കവിയാതെ. വിവാഹസമ്മതം കൊടുത്ത സമയത്ത് ഉണ്ടായിരുന്ന പ്രശ്നങ്ങൾ മാത്രമേ കോടതി പരിഗണിക്കുകയുള്ളൂ. വിവാഹ മോചനത്തിനുള്ള അപേക്ഷയല്ല, വിവാഹം അസാധുവായി പ്രഖ്യാപിച്ചു കിട്ടുന്നതിനുള്ള അപേക്ഷയാണ് സഭാകോടതിയിൽ സമർപ്പിക്കേണ്ടത് എന്ന് ഓർത്തിരിക്കുക)**].

ആയതിനാൽ, ഈ വിവാഹം അസാധുവായി പ്രഖ്യാപിക്കണമെന്ന് അപേക്ഷിക്കുന്നു.

സ്ഥലം ഒപ്പ്
തീയതി പേരും വീട്ടുപേരും

**അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടവ:**

1. വിവാഹ സർട്ടിഫിക്കറ്റ് (ഒറിജിനൽ)
2. ഇടവകാംഗത്വം തെളിയിക്കുന്നതിന് വികാരിയുടെ കത്ത് (ഇടവകയുടെ ലെറ്റർ പാഡിൽ)
3. അപേക്ഷ നല്കുന്ന ആളിന്റെയും എതിർ കക്ഷിയുടെയും പോസ്റ്റൽ അഡ്രസ്സ്, ഇ-മെയിൽ, ഫോൺ നമ്പർ
4. അപേക്ഷ നല്കുന്നയാളിന്റെയും, എതിർ കക്ഷിയുടെയും ഇടവക പള്ളികളുടെ പോസ്റ്റൽ അഡ്രസ്സ്, ഫോൺ നമ്പർ
5. തെളിവിന് ആവശ്യമായ രേഖകൾ ഉണ്ടെങ്കിൽ അവ (ഉദാ മെഡിക്കൽ റിപ്പോർട്ട്, കത്തിടപാടുകൾ, പത്രവാർത്തകൾ, മുതലായവ)



6. കുടുംബക്കോടതിയിൽ നിന്നുള്ള വിവാഹമോചന ഉത്തരവിന്റെ കോപ്പി (ഇല്ലെങ്കിൽ അതിനു കൊടുത്ത അപേക്ഷയുടെ കോപ്പി)
7. കോടതി ഫീസ്- 5000/- രൂപ
8. സാക്ഷികളുടെ അഡ്രസ്സ്, ഫോൺ നമ്പർ

N B: അപേക്ഷ എഴുതുന്നതിന് A4 Size പേപ്പറാണ് ഉപയോഗിക്കേണ്ടത് (അരമനപത്രം നിർബന്ധമില്ല). ഇടത്തുവശത്ത് ഒരിഞ്ച് മാർജിനും മറ്റുവശങ്ങളിൽ അര ഇഞ്ച് മാർജിനും ഇടണം. ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാം. ടൈപ്പ് ചെയ്ത അപേക്ഷയും സ്വീകരിക്കും.

തിങ്കൾ, ബുധൻ, വെള്ളി ഇവയിൽ ഏതെങ്കിലും ദിവസം രാവിലെ 10.30-12.30 വരെയുള്ള സമയത്തിനുള്ളിൽ, പരാതി നല്കുന്ന വ്യക്തി കോടതിയിൽ നേരിട്ട് വന്ന് പരാതി ഏല്പിക്കേണ്ടതാണ്. തപാൽ മുഖേന അപേക്ഷകൾ അയയ്ക്കുവാൻ പാടില്ല. രൂപതക്കച്ചേരി അവധി ദിവസങ്ങൾ രൂപതാ കോടതിയും അവധിയായിരിക്കും.

ഫാ. ജോസഫ് വെളിഞ്ഞാലിൽ
ജൂഡീഷ്യൽ വികാരി

C.32/15

## സമർപ്പിത വർഷം

നമ്മുടെ രൂപതയിൽ സമർപ്പിത വർഷാചരണത്തിന്റെ ഭാഗമായി രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന സന്യാസ വൈദികർ പള്ളികൾ സന്ദർശിച്ച് (പ്രത്യേകിച്ചും ഞായറാഴ്ചകളിൽ) സമർപ്പിത ജീവിതത്തെയും, വിവിധ സമർപ്പിത സമൂഹങ്ങളെയുംകുറിച്ച് വിശ്വാസികൾക്ക് കൂടുതൽ അവബോധം നൽകുന്ന പ്രോഗ്രാം തയ്യാറാക്കിയിരിക്കുന്നു. വി. കുർബാനയ്ക്ക് ഇടയ്ക്കുള്ള പ്രസംഗത്തിന്റെ സമയമാണ് ഇതിനായി ഉപയോഗപ്പെടുത്തുക. ബഹു. വികാരിയച്ചൻമാർ ഇതിനുവേണ്ട എല്ലാവിധ സഹായസഹകരണങ്ങളും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. മാർച്ച് മാസം മുതൽ പ്രസ്തുത പ്രോഗ്രാം ആരംഭിച്ചിരിക്കുന്നു. ഓരോ സന്യാസസമൂഹവും ഏറ്റെടുത്തിരി

ക്കുന്ന ഫൊറോനകളുടെയും പള്ളികളുടെയും ലിസ്റ്റ് താഴെ ചേർക്കുന്നു:

| | |
|---|---|
| CMI വൈദികർ: | വാഴത്തോപ്പ്, വെള്ളയാംകുടി, തങ്കമണി ഫൊറോനകളിലെ പള്ളികൾ, മൂന്നാർ, വട്ടവട, സഹായഗിരി, കാന്തല്ലൂർ, പള്ളനാട്, ആനക്കുളം, മാങ്കുളം, ജോർജിയാർ, അൽഫോൻസാപുരം, വിരിപാറ,കൊരണ്ടക്കാട് എന്നി പള്ളികളും |
| കപ്പൂച്ചിൻ വൈദികർ: | രാജാക്കാട്, നെടുംകണ്ടം, ഇരട്ടയാർ ഫൊറോനകളിലെ പള്ളികൾ |
| VC വൈദികർ: | പാറത്തോട്, കൂമ്പൻപാറ ഫൊറോനകളിലെ പള്ളികൾ |
| CST വൈദികർ: | വെള്ളത്തൂവൽ ഫൊറോനായിലെ പള്ളികൾ |
| CMF വൈദികർ: | ചുരുളി ഫൊറോനായിലെ പള്ളികൾ |

## C.32/15 പൗരോഹിത്യ ആദ്ധ്യാത്മികത: ധ്യാനചിന്തകൾ

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

### രക്ഷയും മാനസാന്തരവും

**(തിരുവചനഭാഗം: ലൂക്കാ 13,22-14,35)**

ഈശോയുടെ ജറുസലേമിലേക്കുള്ള യാത്രാവിവരണത്തിന്റെ കേന്ദ്രഭാഗത്തിന് ഇവിടെ ആരംഭംകുറിക്കുന്നു. ദൈവരാജ്യം ചെറിയ തുടക്കത്തിൽനിന്നും അതിശയകരമായി വളരുമെന്നും ലോകരെല്ലാം അതിൽ ആശ്വാസവും ആശ്രയവും കണ്ടെത്തുമെന്നും കടുകുമണിയുടെയും പുളിമാവിന്റെയും ഉപമകളിലൂടെ ഈശോ പറഞ്ഞപ്പോൾ (ലൂക്കാ 13,18-21) ഒരു മനുഷ്യൻ ഈശോയോടു ചോദിച്ചു: "കർത്താവേ രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ?" (13,23). ഈ ചോദ്യത്തിന് ഈശോ ഇടുങ്ങിയ വാതിലിന്റെയും അടഞ്ഞ വാതിലിന്റെയും ഉപമയിലൂടെ ഉത്തരം നല്കുന്നു (13,24-30). അതേത്തുടർന്ന് രക്ഷപ്രാപിക്കുവാൻ ആവശ്യമായ മാനസാന്തരത്തിന്റെ അഭാവത്തിന്റെ അടയാളവും ഫലവും ജറുസലേമിനെക്കുറിച്ചുള്ള വിലാപത്തിലൂടെയും (13,31-35)വിരുന്നിന്റെ പശ്ചാത്തലത്തിലൂടെയും



വിരുന്നിന്റെ ഉപമയിലൂടെയും (14,1-24) അവതരിപ്പിക്കുന്നു. അതിനുശേഷം രക്ഷയിലേക്കും മാനസാന്തരത്തിലേക്കും വിളിക്കപ്പെടുന്നവർ ജീവിക്കേണ്ട ശിഷ്യത്വം യാഥാർത്ഥ്യമാക്കാൻ നല്കേണ്ട വലിയ വിലയെക്കുറിച്ചും ഈശോ സംസാരിക്കുന്നു (14,25-35). ഈ വിഷയം ജറുസലേമിലേക്കുള്ള യാത്രയിൽ ഈശോ ആവർത്തിക്കുന്നുണ്ട് (ലൂക്കാ 9,57-62; 18,24-30). ശിഷ്യത്വത്തെ നിസ്സാരമായി ആരും കരുതരുതെന്ന് ഈശോയ്ക്കു നിർബന്ധമുണ്ട്.

"പട്ടണങ്ങളിലും ഗ്രാമങ്ങളിലും പഠിപ്പിച്ചുകൊണ്ട് അവൻ ജറുസലേമിലേക്കു യാത്ര ചെയ്യുകയായിരുന്നു" (13,22) എന്നു പറഞ്ഞുകൊണ്ടാണ് ഈ ഭാഗം ലൂക്കാ സുവിശേഷകൻ ആരംഭിക്കുന്നത്. ജറുസലേമിലേക്കുള്ള ഈശോയുടെ യാത്ര ഒരു പ്രേഷിതയാത്രയായിരുന്നു. ദൈവം മനുഷ്യകുലത്തിനു നല്കുന്ന രക്ഷയുടെ സുവിശേഷം അറിയിച്ചുകൊണ്ടുള്ള യാത്രയായിരുന്നു ഈശോയുടേത്. ഇതു ശിഷ്യർക്ക് പിന്നീടുള്ള അവരുടെ ജീവിതയാത്രയ്ക്കുള്ള ഒരു മാതൃകയായിരുന്നു.

#### 1. രക്ഷ ഉറപ്പാക്കുന്ന ജീവിതം

*"ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ പരിശ്രമിക്കുവിൻ. ഞാൻ നിങ്ങളോടു പറയുന്നു, അനേകം പേർ പ്രവേശിക്കാൻ പരിശ്രമിക്കും. എന്നാൽ അവർക്കു സാധിക്കുകയില്ല. വീട്ടുടമസ്ഥൻ എഴുന്നേറ്റ്, വാതിൽ അടച്ചുകഴിഞ്ഞാൽ പിന്നെ, നിങ്ങൾ പുറത്തുനിന്ന്, കർത്താവേ, ഞങ്ങൾക്കു തുറന്നുതരണമേ എന്നു പറഞ്ഞ് വാതിൽക്കൽ മുട്ടാൻതുടങ്ങും. അപ്പോൾ അവൻ നിങ്ങളോടു പറയും: നിങ്ങൾ എവിടെ നിന്നാണെന്ന് ഞാൻ അറിയുന്നില്ല"* (13,24-25).

'രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ?' എന്ന ചോദ്യത്തിന് ഈശോ നേരിട്ടു മറുപടി പറയുന്നില്ല. എല്ലാവരും രക്ഷ പ്രാപിക്കാൻ വിളിക്കപ്പെട്ടവരാണ്. രക്ഷയെ ഒരു വിരുന്നുശാലയോട് ഈശോ ഉപമിക്കുന്നു. ഈ വിരുന്നുശാലയിലേക്കുള്ള വാതിൽ എല്ലാവർക്കുമായി തുറന്നുകിടക്കുന്നു. പക്ഷേ, ആ വാതിൽ ഇടുങ്ങിയതാണ്. അനുതാപത്തിന്റെ അഥവാ മാനസാന്തരത്തിന്റെ ജീവിതത്തെയാണ് ഇടുങ്ങിയ വാതിൽ ഇവിടെ പ്രതിനിധീകരിക്കുന്നത്. രക്ഷയുടെ സുവി

ശേഷപ്രഘോഷണത്തിന് മാനസാന്തരത്തിലൂടെയും വിശ്വാസത്തിലൂടെയും പ്രത്യുത്തരം നല്കുന്നവർക്കു മാത്രമേ അവിടെ പ്രവേശനം ലഭിക്കുകയുള്ളൂ. "മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" എന്നാണല്ലോ ഈശോ ആഹ്വാനംചെയ്തത് (മർക്കോ 1,14-15). മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന ജീവിതം (ലൂക്കാ 3,10-14) നയിക്കുന്നവർക്കാണ് രക്ഷ ലഭിക്കുക. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. ധനികൻ സ്വർഗരാജ്യത്തിൽ പ്രവേശിക്കുക ദുഷ്കരമാണ് (ലൂക്കാ 18,25) എന്ന് ഈശോ പറഞ്ഞതും ഈ അർത്ഥത്തിലാണ്. രക്ഷാകരമായ ജീവിതത്തെ ഒരു മത്സരത്തോടാണ് പൗലോസ്ശ്ലീഹാ ഉപമിക്കുന്നത്: "വിശ്വാസത്തിന്റെ നല്ല പോരാട്ടം നടത്തുകയും നിത്യജീവനെ മുറുകെപ്പിടിക്കുകയും ചെയ്യുക. ഇതിലേയ്ക്കാണല്ലോ നീ വിളിക്കപ്പെട്ടിരിക്കുന്നത് (1 തിമോ 6,12). മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന ജീവിതം നയിക്കുന്നവർക്കാണ് ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാനും രക്ഷ പ്രാപിക്കുവാനും കഴിയുന്നത്.

രക്ഷയാകുന്ന വിരുന്നശാലയിലേക്കുള്ള വാതിൽ തുറന്നു കിടക്കുന്ന സമയമുണ്ട്. വാതിൽ അടച്ചുകഴിഞ്ഞാൽ അവിടെ പ്രവേശിക്കാൻ സാധ്യമല്ല. അനുതാപവും മാനസാന്തരവും സ്വീകാര്യമാകുന്ന സമയമുണ്ട്. അതുകഴിഞ്ഞ് അനുതപിക്കുന്നതുകൊണ്ട്, ധനവാന്റെയും ലാസറിന്റെയും ഉപമയിലെ ധനവാനു സംഭവിച്ചതുപോലെ, പ്രയോജനമുണ്ടാകുകയില്ല (ലൂക്കാ 16,22-31). മാനസാന്തരപ്പെടുന്നവർക്കുവേണ്ടി സ്വർഗവാതിൽ സദാ തുറന്നുകിടക്കുന്നു. മാനസാന്തരപ്പെടാത്തവരെ പ്രതീക്ഷിച്ച് കുറേയേറെക്കാലം ക്ഷമയോടെ കാത്തിരുന്നശേഷം യജമാനൻ വാതിലടയ്ക്കും. വാതിൽ അടച്ചുകഴിഞ്ഞ് വാതിലിൽ മുട്ടി 'കർത്താവേ' എന്നു വിളിച്ചു കരഞ്ഞതുകൊണ്ടോ, യജമാനൻ തങ്ങളുടെ ഇടയിൽ തങ്ങളുടെ ഇടയിൽ പഠിപ്പിച്ചതാണെന്നും തങ്ങൾ അവന്റെകൂടെ തിന്നുകയും കുടിക്കുകയും ചെയ്തിട്ടുണ്ടെന്നും പറഞ്ഞതുകൊണ്ടോ കാര്യമില്ല (13,26). ഈ രണ്ടു കാര്യങ്ങളും ഈശോയും യഹൂദരും തമ്മിലുള്ള അടുത്ത പരിചയത്തെ സൂചിപ്പിക്കുന്നു. ഈശോയുമായുള്ള ബാഹ്യമാത്രമായ പരിചയം ദൈവരാജ്യപ്രവേശനത്തിനുപകരിക്കുകയില്ല. താൻ പഠി



പ്പിച്ച മാനസാന്തരത്തിനുള്ള ആഹ്വാനം കേൾക്കാത്തവരെ വീട്ടെജമാനന് അറിയില്ല. അടച്ചവാതിൽ താൻ അറിയുകയില്ലാത്തവർക്കു വേണ്ടി അവൻ തുറക്കില്ല. ഈശോയുടെ പഠനങ്ങൾ ശ്രവിച്ചാൽപ്പോരാ, അതു പ്രാവർത്തികമാക്കണം (മത്താ 7,21). ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം വചനപ്രബോധനത്തിൽ പങ്കുചേർന്നതുകൊണ്ടോ, പരി. കുർബാനയർപ്പണത്തിൽ പങ്കുചേർന്നതുകൊണ്ടോ രക്ഷ ഉറപ്പാകണമെന്നില്ല. അവയ്ക്കനുസൃതമായ ജീവിതമാണ് രക്ഷയിലേക്കുള്ള പ്രവേശനം ഉറപ്പാക്കുന്നത്. വചനപ്രബോധനം നടത്തുന്നവരും അപ്പം മുറിക്കൽ ശുശ്രൂഷ നടത്തുന്നവരുമായ പുരോഹിതരെ സംബന്ധിച്ചിടത്തോളം ഇതു പ്രത്യേകം പ്രസക്തമാണ്.

**2. രക്ഷ തിരസ്കരിക്കുന്നതിന്റെ ഗൗരവം**

"*ജറുസലേം, ജറുസലേം, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുത്തേക്ക് അയയ്ക്കപ്പെടുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകിൻകീഴ് ചേർത്തുനിർത്തുന്നതുപോലെ നിന്റെ സന്താനങ്ങളെ ഒന്നിച്ചുചേർക്കുന്നതിന് ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു! പക്ഷേ, നിങ്ങൾ സമ്മതിച്ചില്ല. ഇതാ, നിങ്ങളുടെ ഭവനം പരിത്യക്തമായിരിക്കുന്നു. ഞാൻ നിങ്ങളോടു പറയുന്നു, കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ എന്നു നിങ്ങൾ പറയുന്നതുവരെ നിങ്ങൾ എന്നെ കാണുകയില്ല*" (13,34-35).

ആ സമയം ചില ഫരിസേയർ വന്ന്, ഹേറോദേസ് ഈശോയെ കൊല്ലാൻ ഒരുങ്ങുന്നു എന്നു പറഞ്ഞു. അവർ പറഞ്ഞത് കളവാണെന്ന് പിന്നീട് ഈശോയെ ഹേറോദേസ് വിചാരണ ചെയ്ത് കുറ്റമൊന്നും കാണാതെ നിന്ദിച്ചു പരിഹസിച്ചു വിടുന്നതിൽനിന്ന് (23,8-11) വ്യക്തമാണ്. ഈശോയുടെ ദൗത്യനിർവഹണം തടസ്സപ്പെടുത്താൻവേണ്ടി ഫരിസേയർ ഭീഷണിപ്പെടുത്തിയതാവാം. ഏതായാലും തന്റെ ജീവനു ഭീഷണിയുണ്ടെങ്കിലും ദൈവപദ്ധതിപ്രകാരമുള്ള ദൗത്യം താൻ പൂർത്തിയാക്കുകതന്നെ ചെയ്യുമെന്ന് ഈശോ പ്രവാചകഭാഷയിൽ ഫരിസേയരോട് തീർത്തുപറഞ്ഞു (13,32-33). തന്റെ ദൗത്യനിർവഹണം വെറും മാനുഷികമായ ക്രമീകരണമല്ല, അത് ദൈവത്തിന്റെ നിശ്ചയപ്രകാരമുള്ളതാണ് എന്നാണ് ഈശോയുടെ മറു

പടി വ്യക്തമാക്കുന്നത്. പിന്നീട് പത്രോസിന്റെ സുവിശേഷപ്രസംഗത്തിൽ ഇതു സൂചിപ്പിക്കുന്നുണ്ട്: "നസറായനായ ഈശോയെ പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം എങ്ങനെ അഭിഷേകം ചെയ്തുവെന്നും അവൻ എപ്രകാരം നന്മ പ്രവർത്തിച്ചുകൊണ്ടും പിശാചിനാൽ പീഡിപ്പിക്കപ്പെട്ടവരെ സുഖപ്പെടുത്തിക്കൊണ്ടും, ചുറ്റി സഞ്ചരിച്ചുവെന്നും നിങ്ങൾക്കറിയാം" (നട 10,38). എന്തെല്ലാം ഭീഷണിയുണ്ടെങ്കിലും തന്റെ രക്ഷാകരദൗത്യം താൻ പൂർത്തിയാക്കുമെന്ന് ഈശോ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണ്. ഇന്നും നാളെയും തന്റെ പരസ്യജീവിതശുശ്രൂഷ തുടരുമെന്നും മൂന്നാം ദിവസം അത് പൂർത്തിയാക്കുമെന്നും ഈശോ പറയുന്നത് പീഡാനുഭവ, മരണ, ഉത്ഥാനങ്ങളിലൂടെ താൻ പൂർത്തിയാക്കുന്ന തന്റെ ജീവിതബലിയർപ്പണത്തെക്കുറിച്ചാണ്. എഫ്രായീം, യൂദാ ജനതകളെക്കുറിച്ചുള്ള ഹോസിയാപ്രവാചകന്റെ പ്രവചനഭാഷയിലാണ് ഈശോ ഇവിടെ സംസാരിക്കുന്നത്: "രണ്ടു ദിവസത്തിനുശേഷം അവിടുന്നു നമുക്കു ജീവൻ തിരിച്ചുതരും മൂന്നാം ദിവസം അവിടുന്നു നമ്മെ ഉയിർപ്പിക്കും. നാം അവിടുത്തെ സന്നിധിയിൽ ജീവിക്കേണ്ടതിനുതന്നെ" (ഹോസിയ 6,2). ജറുസലേമിലേക്കുള്ള യാത്ര തന്റെ ഉത്ഥാനത്തിലേക്കും മഹത്ത്വീകരണത്തിലേക്കുമുള്ള യാത്രയാണെന്നും അതിലൂടെ ഇസ്രായേൽജനത പ്രതീക്ഷിച്ചിരുന്ന രക്ഷാകരപ്രവർത്തനം പൂർത്തിയാക്കുമെന്നും ഈശോ ഇവിടെ പ്രഖ്യാപിക്കുകയാണ്. എന്തെല്ലാം പ്രതിബന്ധങ്ങളെ നേരിടേണ്ടിവന്നാലും ദൈവദത്തമായ ദൗത്യം പൂർത്തിയാക്കുവാനുള്ള പ്രതിബദ്ധത നമുക്കുണ്ടാവണം.

തന്റെ മരണോത്ഥാനങ്ങളെക്കുറിച്ചുള്ള പ്രസ്താവനയ്ക്കുശേഷം ഈശോ ജറുസലേമിനെക്കുറിച്ചു വിലപിക്കുകയാണ് (13,34 –35). ഹേറോദേസ് ഈശോയെ കൊല്ലാനിരിക്കുന്നെങ്കിലും വാസ്തവത്തിൽ ദുർവിധി തനിക്കല്ല, ജറുസലേമിനാണ് എന്നോർത്ത് ഈശോ വിലപിക്കുന്നു. താൻ ജറുസലേമിൽ വധിക്കപ്പെടുന്നത് തന്റെ വിളിയുടെയും ദൗത്യത്തിന്റെയും ഭാഗമാണെന്നും, തന്നെക്കുറിച്ചുള്ള ദൈവികപദ്ധതി പൂർത്തിയാക്കുക ദൈവികമായ ആവശ്യമാണെന്നും വ്യക്തമാക്കിയതിനുശേഷം ജറുസലേമിനു സംഭവിക്കാനിരിക്കുന്ന



നാശത്തെയോർത്ത് ഈശോ വിലപിക്കുന്നു: " ജറുസലേം ജറുസലേം" എന്നാവർത്തിച്ചുള്ള വിളി ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ ഹൃദയകാഠിന്യമോർത്തുള്ള ഈശോയുടെ ഹൃദയവേദനയാണ് വ്യക്തമാക്കുന്നത്. "പിടക്കോഴി കുഞ്ഞുങ്ങളെ ചേർത്തുനിർത്തുന്ന" ചിത്രം ദൈവത്തിന്റെ കരുണാർദ്രമായ മാതൃസ്നേഹത്തെ ആവിഷ്കരിക്കുന്നു (നിയ 32,11; ഏശ 31,5; സങ്കീ 36,7). അതു തന്റെ ജനത്തെ നാശത്തിൽനിന്നു സംരക്ഷിക്കാനുള്ള ദൈവത്തിന്റെ തീവ്രമായ ആഗ്രഹവും ശ്രമവും സൂചിപ്പിക്കുന്നു. മാനസാന്തരത്തിനും രക്ഷയ്ക്കുമായി ഈശോയിലൂടെ പല പ്രാവശ്യം ദൈവം നല്കിയ ക്ഷണം ഇസ്രായേൽ, പ്രത്യേകിച്ചു നേതാക്കന്മാർ, സ്വീകരിച്ചില്ല. എന്നും എപ്പോഴും എവിടെയും അവർ അവനെ എതിർത്തുകൊണ്ടിരുന്നു (ലൂക്കാ 5,21.30; 6,2.7; 7,30; 11,45; 19,39.47; 20,19; 22,2). അതുകൊണ്ടു ജറുസലേമിനു വരാൻപോകുന്ന നാശമാണ് ഇവിടെ പ്രഖ്യാപിക്കപ്പെടുന്നത്. "ഇതാ, നിങ്ങളുടെ ഭവനം പരിത്യക്തമായിരിക്കുന്നു" എന്ന വാക്കുകൾ ഇസ്രായേലിന്റെ വിപ്രവാസത്തെക്കുറിച്ചുള്ള ജറെമിയാപ്രവാചകന്റെ വാക്കുകളെ അനുസ്മരിപ്പിക്കുന്നതാണ് (ജറെ 1,27; 22,5). ഈശോ ജറുസലേമിനെ പരിത്യജിക്കും (13,35). അതിന്റെ അനന്തര ശിക്ഷയായി റോമാക്കാർ ജറുസലേം ആക്രമിച്ചു നശിപ്പിക്കും (19,41–44). ഇനിയും മാനസാന്തരപ്പെടാൻ കർത്താവിന്റെ പുനരാഗമനംവരെ ഇസ്രായേലിനു സമയമുണ്ട് എന്നും ഇവിടെ സൂചനയുണ്ട്. മാനസാന്തരത്തിലേക്കും രക്ഷയിലേക്കുമുള്ള ദൈവത്തിന്റെ ക്ഷണം നിരസിക്കുന്നത് സ്വന്തം നാശത്തിനു കാരണമാകും. അതു ദൈവത്തെ വേദനിപ്പിക്കും. അതേസമയം, മാനസാന്തരത്തിനുള്ള ക്ഷണം ദൈവം എന്നും നല്കിക്കൊണ്ടിരിക്കുകയും ചെയ്യും. മാനസാന്തരത്തെക്കുറിച്ചു പ്രസംഗിക്കുന്നവർ എന്ന നിലയിൽ പുരോഹിതർ സ്വന്തം ജീവിതത്തിൽ മാനസാന്തരാനുഭവം ഉണ്ടെന്ന് ഉറപ്പാക്കണം.

**3. രക്ഷയും സ്വയംതാഴ്ത്തലും**

*"തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും. ... എന്നാൽ നീ സദ്യ നടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണി*

*ക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും; എന്തെന്നാൽ, പകരം നല്കാൻ അവരുടെ പക്കൽ ഒന്നുമില്ല. നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രതിഫലം ലഭിക്കും*" (14,11.13-14).

മാനസാന്തരത്തിലേക്കും രക്ഷയിലേക്കുമുള്ള ക്ഷണം തുടർച്ചയായി നിരസിക്കുന്ന ഫരിസേയർക്ക് മാനസാന്തരപ്പെടാൻ വീണ്ടും ഈശോ ഒരവസരവുംകൂടി നല്കുകയാണ്. ഒരു ഫരിസേയപ്രമാണിയുടെ വീട്ടിൽവച്ചുതന്നെ, അവിടെ ഭക്ഷണത്തിനു വന്നവരുടെ മുമ്പിൽ ഈശോ രോഗശാന്തിയും (14,1-6) വിരുന്നിന്റെ പശ്ചാത്തലത്തിൽ ഉപദേശങ്ങളും നല്കുകയാണ് (14,7-24). ഫരിസേയപ്രമാണിയുടെ വീട്ടിലെ ഭക്ഷണത്തിനു ക്ഷണിക്കപ്പെട്ടവർ ഭക്ഷണമേശയിൽ പ്രമുഖ സ്ഥാനങ്ങൾ തേടി. പ്രമുഖ സ്ഥാനങ്ങൾ തേടിയത് ഫരിസേയരും നിയമജ്ഞരും ആയിരിക്കാനാണ് സാധ്യത. ഇക്കൂട്ടർ എവിടെയും പ്രമുഖ സ്ഥാനങ്ങളിലിരിക്കാൻ വ്യഗ്രത കാട്ടിയിരുന്നു (ലൂക്കാ 11,43). ഈ സന്ദർഭത്തിൽ ഈശോ അവരെ ഉപദേശിക്കുകയാണ്. ബഹുമാന്യസ്ഥാനങ്ങളിലെ ഇരിപ്പിടങ്ങൾക്കുവേണ്ടിയുള്ള മത്സരം അപമാനത്തിന് ഇടയാക്കുമെന്ന് ഈശോ മുന്നറിയിപ്പു നല്കി. അവസാനത്തെ ഇരിപ്പിടങ്ങൾ സ്വയം തിരഞ്ഞെടുക്കുന്നവരെ ആതിഥേയൻ മുഖ്യ ഇരിപ്പിടങ്ങളിലേക്ക് സ്വീകരിച്ചാനയിച്ചിരുത്തി ബഹുമാനിക്കുമെന്നും ഈശോ ഓർമ്മിപ്പിച്ചു. അതോടൊപ്പം സ്വയം താഴ്ത്തേണ്ട ആവശ്യകതയെക്കുറിച്ച് ഉത്ബോധിപ്പിക്കുകയും ചെയ്യുന്നു. സ്വയം താഴ്ത്തുവാനുള്ള ഉപദേശം പഴയനിയമത്തിൽത്തന്നെയുണ്ട് (ജോബ് 22,29; പ്രഭാ 3,9). രക്ഷ അനുഭവിച്ചറിഞ്ഞ മറിയത്തിന്റെ സ്ത്രോത്രഗീതത്തിലും ഇക്കാര്യം പ്രതിധ്വനിക്കുന്നുണ്ട് (ലൂക്കാ 1,52). ഇവിടെ ഈശോ ഉദ്ദേശിക്കുന്ന സ്വയം താഴ്ത്തപ്പെടൽ മാനസാന്തരംതന്നെയാണ്. മാനസാന്തരത്തിന് തടസ്സം സൃഷ്ടിക്കുന്നത് മുഖ്യമായും ഒരുവന്റെ അഹങ്കാരമാണ്. സ്വയം എളിമപ്പെടുത്തിയാൽ ഫരിസേയരെയും നിയമജ്ഞരെയും ദൈവം ഉയർത്തും; അവരെ വിശുദ്ധീകരിക്കും. തന്നെത്തന്നെ എളിമപ്പെടുത്തിയ ചുങ്കക്കാരനെ ദൈവം ഫരിസേയനേക്കാൾ വിശുദ്ധീകരിച്ച് വീട്ടിലേക്കു വിട്ടതായി ഈശോ പറയുന്നുണ്ടല്ലോ (ലൂക്കാ 18,9-14). യഥാർത്ഥ മാനസാന്തരമുള്ളവരേ സ്വയം താഴ്ത്തുവാൻ സന്നദ്ധരാവുകയുള്ളു. അതിന്റെ ഫലമായി വിശുദ്ധീകരണവും രക്ഷയും കൈവരിക്കുകയുള്ളു. സഭയിൽ നേതൃ



ത്വശുശ്രൂഷ നിർവഹിക്കുമ്പോൾ സമൂഹത്തിൽ പ്രഥമസ്ഥാനങ്ങൾ തേടാനുള്ള പ്രലോഭനമുണ്ടാകാം. അതിനെ ചെറുത്തു നില്ക്കുവാനും താഴ്മയോടെ ശുശ്രൂഷ ചെയ്യുവാനും പുരോഹിതർക്കു കഴിയണം.

അതിഥികൾക്കുള്ള ഉപദേശത്തിനുശേഷം ഈശോ ആതിഥേയന്റെനേരെ തിരിയുന്നു. സദ്യയ്ക്കായാലും അത്താഴവിരുന്നിനായാലും ദരിദ്രഗണങ്ങളെ ക്ഷണിക്കുക-ഇതാണ് ആതിഥേയന് ഈശോ നല്കുന്ന ഉപദേശം. വിരുന്നിനു ക്ഷണിക്കേണ്ട വിഭാഗങ്ങളെ പ്രത്യേകം എടുത്തുപറയുന്നുണ്ട്: കുരുടർ, മുടന്തർ, വികലാംഗർ. ഇക്കൂട്ടർക്ക് അക്കാലത്ത് ദൈവാലയത്തിൽപ്പോലും പ്രവേശനം നിഷേധിച്ചിരുന്നു. അങ്ങനെയുള്ളവരെ ക്ഷണിക്കണമെന്ന് ഈശോ പറയുന്നു. സദ്യയ്ക്കു പകരം സദ്യയ്ക്കു വിളിക്കാൻ കഴിവുള്ളവരെ വിരുന്നിനു വിളിക്കരുതെന്നും കല്പിക്കുന്നു. "നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിക്കുന്നതിൽ എന്തു മേൻമയാണുള്ളത്? പാപികളും അങ്ങനെ ചെയ്യുന്നുണ്ടല്ലോ" (ലൂക്കാ 6,32-33) എന്ന് സമതലപ്രസംഗത്തിൽ ഈശോ പറഞ്ഞ വാക്കുകളെ അനുസ്മരിപ്പിക്കുന്ന ഒരുപദേശമാണിത്. പകരം വിളിക്കാൻ കഴിവില്ലാത്തവർക്കു വിരുന്നു നല്കുമ്പോൾ മാത്രമാണ് യഥാർത്ഥ സ്നേഹം പ്രകടമാകുന്നത്. അവിടെയാണ് ദൈവത്തിന്റെ സ്നേഹം പ്രതിഫലിക്കുന്നത്. അപ്രകാരം സ്നേഹിക്കുന്നവർക്ക് യുഗാന്തപൂർണതയിൽ ദൈവം പ്രതിഫലം നല്കും. ആതിഥേയനുള്ള ഉപദേശത്തിൽ 'ക്ഷണിക്കുക' എന്ന ക്രിയ നാലു പ്രാവശ്യം വരുന്നുണ്ട് (14,13.16.17.24). ആ ആശയം ഏറ്റം പ്രധാനമാണ്. മാനസാന്തരത്തിലേക്കും രക്ഷയിലേക്കുമുള്ള വിളി ദൈവത്തിന്റെ സ്നേഹത്തിന്റെ വിളിയാണ്. ആ വിളി സ്വീകരിച്ചവർ, പ്രത്യേകിച്ചു പുരോഹിതർ ആരെയും മാറ്റിനിർത്താതെ എല്ലാവരെയും രക്ഷയിലേക്കു ക്ഷണിക്കുന്നവരാകണം.

**4. രക്ഷയും ജാഗരൂകതയും**

"*അപ്പോൾ ഈശോ അവനോടു പറഞ്ഞു: ഒരുവൻ ഒരിക്കൽ ഒരു വലിയ സദ്യ ഒരുക്കി; വളരെപ്പേരെ ക്ഷണിക്കുകയും ചെയ്തു. സദ്യയ്ക്കു സമയമായപ്പോൾ അവൻ ദാസനെ അയച്ചു ക്ഷണിക്കപ്പെട്ടവരെ അറിയിച്ചു: വരുവിൻ, എല്ലാം തയ്യാറായിരിക്കുന്നു. എന്നാൽ*

*അവരെല്ലാവരും ഒന്നുപോലെ ഒഴികഴിവു പറയാൻ തുടങ്ങി. ... എന്തെന്നാൽ ക്ഷണിക്കപ്പെട്ടവരിൽ ഒരുവനും എന്റെ വിരുന്ന് ആസ്വദിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു"* (14,16-18.24).

ഭക്ഷണമേശയിലെ ഉപദേശങ്ങൾ ഈശോ വിരുന്നിന്റെ ഉപമകൊണ്ട് ഉപസംഹരിക്കുന്നു. ഈ ഉപമ, ദൈവം ഈശോയിലൂടെ വച്ചുനീട്ടിയ രക്ഷാകരപദ്ധതി നിരസിച്ച ഇസ്രായേൽക്കാർക്കുള്ള താക്കീതാണ്. പഴയ ഇസ്രായേൽ പൊതുവെ തിരസ്കൃതരാകുവാൻ കാരണം ദൈവത്തിന്റെ ക്ഷണം നിരസിച്ചതും ഈശോയുടെ മുമ്പിൽ കഠിനഹൃദയരായിത്തീർന്നതുമാണ് (നട 28,23-28). ദൈവരാജ്യം അഥവാ രക്ഷ അനുഭവിക്കാൻ ദൈവം നല്കുന്ന ക്ഷണം സ്വീകരിക്കണം. ക്ഷണം സ്വീകരിച്ചിട്ട് വിരുന്നിന്റെ സമയമാകുമ്പോൾ ഓരോരോ ഒഴികഴിവുകൾ പറഞ്ഞ് വിരുന്നിൽ സംബന്ധിക്കാതിരിക്കരുത്. സമ്മതിച്ചവർ പോകാതിരുന്നാലും ഒരുക്കിയ വിരുന്ന് പാഴായിപ്പോകാൻ വിരുന്നൊരുക്കിയവൻ സമ്മതിക്കില്ല. ഒരുക്കിയ വിരുന്ന് അവൻ വേറെ ആളുകളെ വിളിച്ചുകൊടുക്കും. ഈശോയുടെ കാലത്ത് ഒരു വിരുന്നിനു രണ്ടു പ്രാവശ്യം ക്ഷണിക്കുന്ന പതിവുണ്ടായിരുന്നു. ആദ്യം വിരുന്നൊരുക്കുന്നതിനു മുമ്പ്; പിന്നീട് വിരുന്ന് തയ്യാറായിക്കഴിയുമ്പോൾ. വിരുന്നിനു വരാമെന്നു സമ്മതിക്കുന്നവർക്കുവേണ്ടി മാത്രമേ വിരുന്നുവിഭവങ്ങൾ ഒരുക്കുകയുള്ളൂ. വിരുന്നു തയ്യാറായിക്കഴിഞ്ഞാൽ വിവരം അറിയിച്ച് വീണ്ടും ക്ഷണിക്കും. ഈശോ പറഞ്ഞ ഈ ഉപമയിൽ ആദ്യക്ഷണത്തിൽ വരാമെന്നു സമ്മതിച്ചവരെ, വിരുന്നു തയ്യാറായിക്കഴിഞ്ഞപ്പോൾ ആതിഥേയൻ ഭൃത്യന്മാരെ അയച്ച് കൃത്യസമയത്ത് വീണ്ടും ക്ഷണിച്ചു (14,17). സമ്മതിച്ചിരുന്നവർ ഓരോ ഒഴികഴിവു പറഞ്ഞു. കൃഷിയും കച്ചവടവും കല്യാണവുമൊക്കെയാണ് ഒഴിവു ചോദിച്ചതിനു കാരണങ്ങൾ. അനുദിന ജീവിതപ്രശ്നങ്ങളാണ് ഒഴികഴിവു പറയാനും വിരുന്ന് ആസ്വദിക്കാൻ കഴിയാതെ പോകാനും കാരണം. ദൈവരാജ്യത്തിലേക്കും രക്ഷയിലേക്കുമുള്ള ദൈവത്തിന്റെ ക്ഷണം സ്വീകരിച്ചവർക്ക് അത് ആസ്വദിക്കുവാൻ അനുദിന ജീവിതപ്രശ്നങ്ങൾ തടസ്സമായിത്തീരാമെന്ന് ഈ ഉപമ നമ്മെ പ്രത്യേകം അനുസ്മരിപ്പിക്കുന്നു.



ദൈവം ഇസ്രായേലിനെ ദൈവരാജ്യത്തിന്റെ വിരുന്നിനു ക്ഷണിച്ചിരുന്നു. ഈശോയിൽ വിരുന്ന് ഒരുക്കുന്നതുവരെ പൂർവപിതാക്കന്മാരിലൂടെയും പ്രവാചകരിലൂടെയും നല്കിയ ക്ഷണം ഇസ്രായേൽ സ്വീകരിച്ചിരുന്നു. വിരുന്നു തയ്യാറായപ്പോൾ ഈശോയും അവരെ ക്ഷണിച്ചു. ഈശോയുടെ സമകാലീനരെല്ലാവരും ക്ഷണം നിരസിച്ചെന്നോ ദൈവരാജ്യത്തിൽനിന്ന് ഒഴിവാക്കപ്പെട്ടു എന്നോ ഉപമ അർത്ഥമാക്കുന്നില്ല. സാധാരണക്കാരും പാവപ്പെട്ടവരും അംഗഹീനരും അന്ധരും മുടന്തരും ഇസ്രായേലിലെ പാർശ്വവൽക്കരിക്കപ്പെട്ട ദരിദ്രരും പിന്നീടു വിജാതീയരും ഈശോയിലൂടെയുള്ള ദൈവത്തിന്റെ ക്ഷണം സ്വീകരിച്ചു. ക്രൈസ്തവജീവിതത്തിൽ മാമ്മോദീസായെ, ദൈവരാജ്യത്തിലേക്കുള്ള ആദ്യത്തെ ക്ഷണവും സ്വീകരണവുമായിക്കാണാം. മരണത്തെ വിരുന്നു തയ്യാറായിക്കഴിയുമ്പോഴുള്ള രണ്ടാമത്തെ ക്ഷണമായും കാണാം. മരണം എപ്പോൾ സംഭവിക്കുമെന്ന് അറിഞ്ഞുകൂടാത്തതുകൊണ്ട് എപ്പോഴും ജാഗരൂകതയോടെ വർത്തിക്കണമെന്ന് ഈ ഉപമ സൂചിപ്പിക്കുന്നുണ്ട്. അനുദിന ജീവിതപ്രശ്നങ്ങളുടെ സമ്മർദ്ദത്തിൽപ്പെട്ട് ദൈവരാജ്യം അഥവാ രക്ഷയിലേയ്ക്കുള്ള ദൈവത്തിന്റെ ക്ഷണം തിരസ്കരിക്കപ്പെടാൻ ഇടയാകരുത്. മനുഷ്യഹൃദയത്തിൽ വിതയ്ക്കപ്പെടുന്ന വചനം ഫലം പുറപ്പെടുവിക്കാതെ പോകുന്നത് ജീവിതക്ലേശങ്ങൾ, സമ്പത്ത്, സുഖഭോഗങ്ങൾ എന്നിവ വചനത്തെ ഞെരുക്കിക്കളയുന്നതുകൊണ്ടാണെന്ന് വിതക്കാരന്റെ ഉപമയിൽ ഈശോ വ്യക്തമാക്കുന്നുണ്ട് (ലൂക്കാ 8,14). അതുകൊണ്ട് നമ്മുടെ ക്രിസ്തീയജീവിതത്തിലും പൗരോഹിത്യജീവിതത്തിലും ദൈവം നല്കുന്ന രക്ഷയിൽ പങ്കുചേരുവാൻ നാം സദാ ജാഗ്രതയോടെ വർത്തിക്കണമെന്ന് ഈ ഉപമ നമ്മെ ഓർമ്മിപ്പിക്കുന്നു.

**5. രക്ഷയും ശിഷ്യത്വവും**

*"വലിയ ജനക്കൂട്ടങ്ങൾ അവന്റെ അടുത്തുവന്നു. അവൻ തിരിഞ്ഞ് അവരോടു പറഞ്ഞു: സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും എന്നല്ല, സ്വജീവനെത്തന്നെയും വെറുക്കാതെ എന്റെ*

*അടുത്തുവരുന്ന ആർക്കും എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല. സ്വന്തം കുരിശുവഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല*" (14,25-27).

ജറുസലേമിലേക്കു പോകുന്ന തന്നെ അനുഗമിക്കുന്ന വലിയ ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ ഈശോ തിരിഞ്ഞ് ശിഷ്യത്വത്തെപ്പറ്റി അവരെ പഠിപ്പിക്കുകയാണ്. രക്ഷയനുഭവിക്കുവാനുള്ള ഈശോയുടെ ക്ഷണം സ്വീകരിച്ച് അവിടുത്തെ അനുഗമിക്കുന്നവരാണ് ഈശോയുടെ ശിഷ്യർ. ശിഷ്യത്വം പ്രയാസമുള്ള ഒരു കാര്യമാണ്. അതു സ്വീകരിക്കുന്നവർ അതിന്റെ വില നല്കാൻ തയ്യാറാകണം. ഇത് അവിടുത്തെ അനുഗമിക്കുന്നവർക്കെല്ലാം ബാധകമാണ്. മിശിഹാശിഷ്യത്വമാണ് ക്രൈസ്തവജീവിതത്തിന്റെ മുഖമുദ്ര (മത്താ 28,19). അതുകൊണ്ട് എല്ലാ ക്രൈസ്തവരും ശിഷ്യത്വത്തിന്റെ വില ശരിക്കും മനസ്സിലാക്കി അത് പ്രാവർത്തികമാക്കുവാൻ ശ്രമിക്കേണ്ടവരാണ്. ശിഷ്യത്വത്തിന്റെ തനിമയിൽ ദൈവജനത്തെ പരിശീലിപ്പിക്കുവാൻ നിയോഗിക്കപ്പെട്ടവരാണ് പുരോഹിതർ. അങ്ങനെയെങ്കിൽ ശിഷ്യത്വത്തിന്റെ സ്വഭാവവും തനിമയും മനസ്സിലാക്കുവാനും ജീവിക്കുവാനും പുരോഹിതർ പ്രത്യേകം ശ്രമിക്കേണ്ടിയിരിക്കുന്നു.

